ഒരു ദൈവികമായ

# പ്രതികാരം.

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

ഒരു ദൈവികമായ

# പ്രതികാരം.

('താര' എന്ന ഇംഗ്ലീഷ് നോവലിൽനിന്നു.)

എൻ. കുമാരൻ ആശാൻ.

പ്രകടനാധികൃതൻ കുളക്കുന്നത്തു രാമൻമേനോൻ.

ബി. വി. ബുക്ക്ഡിപ്പോ

തിരുവനന്തപുരം.

പകർപ്പവകാശം പരിരക്ഷകനിൽ.

TRIVANDRUM,

The 'Ananda' Press.

1094

പ്രകടനാധികൃതന്റെ [illegible] മുദ്രയില്ലാതെ
പുസ്തകം [illegible].

# മുഖവുര.

ഇന്ത്യയിൽ പട്ടാളവകുപ്പിൽ വളരെ നാളും ഉദ്യോഗം വഹിച്ചിരുന്ന കർണ്ണൽ മിഡോസ് ടൈലർ എന്ന യൂറോപ്യൻ ഗ്രന്ഥകാരൻ മഹാരാഷ്ട്ര ചരിത്രത്തെ അടിസ്ഥാനമാക്കി എഴുതീട്ടുള്ള "താരാ" എന്ന വലിയ ആഖ്യായിക ഇംഗ്ലീഷിൽ വളരെ ശ്രേഷ്ഠപ്പെട്ട ഒരു പുസ്തകമാണു്. "ദൈവികമായ പ്രതികാരം" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ മലയാള കഥ അതിന്റെ ഒരു ഭാഗം എടുത്തു പരിഭാഷപ്പെടുത്തീട്ടുള്ളതാകുന്നു. ശിവാജിയുടെ അച്ഛനായ ഷാജിയെ ബീജാപ്പൂരിലെ മഹമ്മദീയ മഹാരാജാവു പിടിച്ചു തടവിൽ പാർപ്പിക്കയും അതുകൊണ്ടു ശിവാജിയെ കീഴടക്കാമെന്നും മററും കരുതുകയും ചെയ്തിട്ടു സേനാപതിയായ അഫ്സൂൽഖാനെ ഒരു വലിയ സൈന്യവുമായി ശിവാജിയുടെ തലസ്ഥാനത്തേക്കു അയക്കുകയും ശിവാജി കൌശലത്തിൽ അയാളെ സൈന്യത്തോടുകൂടി നശിപ്പിക്കയും ചെയ്യുന്ന ഭാഗം മാത്രമാണു ഈ കഥയിൽ അടങ്ങീട്ടുള്ളതു്. എന്നാൽ ശിവാജിയുടെ മതഭക്തി, മാതൃസ്നേഹം, ബുദ്ധിസാമർത്ഥ്യം, അദ്ദേഹത്തിന്റെ അമ്മയുടെ പുത്രവാത്സല്യം, ദേശാഭിമാനം, ദൈവവിശ്വാസം, പൊതുവിൽ മഹാരാഷ്ട്രജാതിക്കാരുടെ ഐകമത്യം, ശൌര്യപരാക്രമങ്ങൾ എന്നുവേണ്ട അവരുടെ ജീവിതത്തിന്റെ അകവും പുറവും എല്ലാം ഈ ചെറിയ പുസ്തകത്തിൽ നിന്നു ഒരു വിധം പ്രത്യക്ഷമായി കാണാം. തർജ്ജിമ ലാഘവവും, നിർദോഷവും ഏററവും സാധാരണവുമായ ഭാഷയിൽ പ്രത്യേകം ദൃഷ്ടിവെച്ചു ചെയ്തിട്ടുള്ളതാണു്.

തിരുവനന്തപുരം, [illegible]

എൻ. കുമാരൻ ആശാൻ,
പരിഭാഷകൻ,

Digitized By Kerala Sahitya Akademi

# ഒരു ദൈവീകമായ പ്രതികാരം.

---

## ഒന്നാം അദ്ധ്യായം.

---

### പ്രതാപഗൃഹത്തിലെ ജനക്കൂട്ടം.

---

ഉന്നതമായ പശ്ചിമ ഘട്ടനിരയിൽ നിന്നു വമ്പിച്ച പൎവ്വതമായ പ്രതാപഗൃഹം വേർതിരിഞ്ഞ് പൊങ്ങി നില്ക്കുന്നു. അതിന്റെ ചരിവുകൾ ദുഷ്കരങ്ങളായും, അടിവാരങ്ങൾ, വന്മരങ്ങൾ നിറഞ്ഞ കാട്ടുകളാൽ നിബിഡമായുമിരിക്കുന്നു. മുകൾ പ്പരപ്പ് നിരപ്പുള്ള ഭൂമിയാണ്. അതിൽ ഭവനങ്ങളും സാമാന പ്പുരകളും കെട്ടാൻ വേണ്ട സ്ഥലമുണ്ടായിരുന്നു. ശുദ്ധജലം ഒഴുകി കൊണ്ടിരുന്ന ഉറവുകളും ധാരാളമുണ്ടായിരുന്നു. അതുകൊണ്ടു അധികം പടയാളികൾക്ക് അവിടെതാമസിച്ച് അതിനെ ശത്രുക്കളുടെ ആക്രമത്തിൽ നിന്നു രക്ഷിച്ചു കൊൾവാൻഎളുപ്പമായിരുന്നു. പണ്ടു പണ്ടെ മഹാരാഷ്ട്ര പ്രഭുക്കന്മാരും ഒടുവിൽ അവരെകീഴടക്കിയ മഹമ്മദീയരും പല കാലങ്ങളിലായി ഇവിടെ കോട്ടകളും ഗോപുരങ്ങളും, കെട്ടി അതിന്റെ സഹജമായ ദുൎഗ്ഗതയെ അധികം വൎദ്ധിപ്പിച്ചിരുന്നു. മുകളിലേക്കു ഒരുവഴിമാത്രമേ ഉണ്ടായിരുന്നുള്ളൂ. അതും ഇപ്പോഴത്തെ വെട്ടുവഴികൾ പോലെചെവ്വും നിരപ്പുമുള്ള തല്ലായിരുന്നു. അതിന്റെ മുകളിലത്തെ അററത്ത് ഉഗ്രമായ ഒരുകോട്ട

വാതൽ ഉണ്ടായിരുന്നു. ഈ കാരണങ്ങളാൽ വെറുംസാധാരണമായ രക്ഷ കൊണ്ടു തന്നെഈ സ്ഥലം പുറത്തുനിന്നു ശത്രുക്കൾക്കു് ആക്രമിപ്പാൻ പാടില്ലാത്തവണ്ണം അത്ര ഉറപ്പുള്ളതായിരുന്നു. പറവാൻ പോകുന്ന കഥ നടന്ന കാലത്തു് മഹാരാഷ്ട്ര ചരിത്രത്തിലെ പ്രധാന നായകനായ സിവാജി ഭോസ്ലേ തന്റെ മലംകോട്ടകളിൽ ഒക്കേയും വെച്ചു് ഇതിനെ അധികം ഇഷ്ടപ്പെട്ടു തിരഞ്ഞെടുത്തു് തലസ്ഥാനമാക്കിയിരുന്നു.

ക്രിസ്തുവൎഷം ൧൨൯൪-ൽ ദില്ഹിയിലെ അപ്പോഴത്തെ രാജാവിന്റെമരുമകനായ അല്ലാവുദീൻ ഡഖാൻ രാജ്യം ആക്രമിച്ചപ്പോൾ, ഇപ്പോൾ ദൌലത്തബാദ് എന്നുവിളിക്കുന്ന ദേവഗ്രഹത്തിലെ കോട്ടയും നഗരവും രാജാവായ രാമദേവ ജാദോവിന്റെ കീഴിലായിരുന്നു. ആ മുഴവൻ രാജ്യത്തിന്നുംഅദ്ദേഹം തന്നെ രാജാവായിരുന്നു എന്നും തോന്നുന്നു. ജാദോ രാജകുഡുംബംക്ഷയിച്ചതിൽപിന്നെ മറെറാരു രാജാവോ പ്രഭുവോ മഹമ്മദീയരോടു എതൃക്കാഞ്ഞതിനാൽ അവർ ശക്തിയിൽ വൎദ്ധിച്ചുവൎദ്ധിച്ചു ഡഖാനിന്റെ മദ്ധ്യമായഗുൽബാൎഗയിൽ ഒരുരാജ്യംസ്ഥാപിച്ചു് വലിയ വന പ്രദേശങ്ങളിൽ പട്ടാളങ്ങളെ പാൎപ്പിക്കുകയും ഉപയോഗിക്കാതെ കിടന്ന മലകളിൽ പുതിയ കോട്ടകൾ കെട്ടുകയും മുമ്പുണ്ടായിരുന്ന മലംകോട്ടകളെ നന്നാക്കി ബലപ്പെടുത്തുകയും ക്രമേണ ഡഖാൻ മുവൻ കീഴടക്കുകയും ചെയ്തു.

ഏററവും പുരാതനമായ മഹാരാഷ്ട്ര കുഡുംബങ്ങളിൽ ഒന്നായിരുന്നുഭോസിലെവംശം. സമുദായസ്ഥിതിയിൽ ആ കുഡുംബം ഏററവും ഉയൎന്നതായിരുന്നില്ലം.

Digitized By Kerala Sahitya Akademi

ജാദോ വംശക്കാർ രാജ്യാധികാരംകൈവിട്ടു പോയതി
ൽ പിന്നെ ആ സ്ഥിതിയിൽ നിന്നു താണജന്മിമാർ
തങ്ങളുടെ പൂൎവന്മാർ ഭരിച്ചിരുന്ന ജില്ലകളിൽ പാരമ്പൎയ്യ
മനുസരിച്ച് പ്രധാന ഉദ്യോഗസ്ഥന്മാരും ആയിത്തീൎന്നു.
സാധാരണമായി ജാദോ വംശക്കാൎക്കു ഭോസിലേ വംശ
ക്കാരുമായാവിവാഹം പാടില്ല. അങ്ങിനെ ആണെങ്കി
ലും അവൎക്കു തമ്മിൽ ഒരു വിവാഹം നടന്നു. അതു് ഒരു
അസാധാരണ സംപ്രദായത്തിലുമായിരുന്നു.

ഷാജി, ഭൊസിലേ കുട്ടിയായിരുന്നപ്പോൾ അ
ച്ഛനോടൊന്നിച്ചു ഒരു ചങ്ങാതിയുടെ വിവാഹത്തിന്നു
പോയിരുന്നു. ജാദോ കുടുംബത്തിലെ അന്നത്തെ കാര
ണവരും മകളായ ജീജി എന്ന കുട്ടിയോടൊന്നിച്ചു് ആ
അടിയന്തരത്തിൽ വന്നിരുന്നു. ആ പെൺകുട്ടി ഷാജി
യേക്കാൾ ചെറുപ്പമാണു് കുട്ടികൾ രണ്ടുപേരുംകൂടി കളി
പ്പാൻ തുടങ്ങി. പെൺകുട്ടിയുടെ അച്ഛൻ അതു കണ്ടി
ട്ടു് "ഇവർ രണ്ടുപേരും ഒരു പൊരുത്തമുള്ള ഇണയായിരി
ക്കും" എന്നു നേരംപോക്കായി പറഞ്ഞു. ആൺകുട്ടിയുടെ
അച്ഛൻ അതുകേട്ടു; വിവാഹത്തിനുള്ള വാഗ്ദാനമായി
വിചാരിക്കയും അതിന്നായി നിൎബന്ധിക്കയും ചെയ്തു.
പിന്നീടു കുറെ ആലോചനകളും കുടുംബങ്ങളുടെ കീഴ്
മേൽ വിചാരംസംബന്ധിച്ചു ചില തൎക്കങ്ങളും എല്ലാംക
ഴിഞ്ഞശേഷം ഒടുവിൽ ആ കുട്ടികൾക്കു തമ്മിൽ വിവാ
ഹം നടന്നു; ഇവരിൽ നിന്നാണു് ശിവാജി ജനിച്ചതു്.
പല സംഗതികളിലും ശിവാജിയുടെ അമ്മ ശിവാജി
യെപ്പോലെ തന്നെ ഗണ്യയായ ഒരു ആളായിരുന്നു. അ
വർ രണ്ടുപേരും ആണു്, ഡക്കാനിലെഹിന്ദുക്കളുടേ ന

Digitized By Kerala Sahitya Akademi

ശിച്ചപോയ സ്വാതന്ത്ര്യത്തെ വീണ്ടും സൃഷ്ടിക്കയും രക്ഷിക്കയും ചെയ്തത്.

ഇന്ത്യയിൽ സ്ത്രീകൾ വിശേഷിച്ചും ഉയന്നവർഗ്ഗത്തിലും ഉയന്നതറവാട്ടിലും ഉള്ള സ്ത്രീകൾ കുഡുംബത്തിന്റെ പഴയ ചരിത്രങ്ങളേയും മാഹാത്മ്യങ്ങളേയും എല്ലാം ഹൃദിസ്ഥമാക്കി വെച്ചുകൊണ്ടിരിക്കും. ജിജിഭായി കുലശലായഉൽകർഷേച്ഛയുള്ള ഒരു സ്ത്രീയായിരുന്നു. വിചാരിച്ചകാര്യം സാധിപ്പാനായി എന്തുംചെയ്യും. ഭർത്താവായ ഷാജിയെ ഹിന്തുക്കളുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി യത്നിക്കുന്ന കാര്യത്തിൽ അവൾ നല്ലവണ്ണം പന്നിപ്പെട്ടു പറഞ്ഞിളക്കി. ജാദോ വംശക്കാരുടെ പ്രതാപത്തെ പററി പഴയകഥകൾ കൊണ്ടു അദ്ദേഹത്തിന്റെ ഹൃദയത്തെ അവൾ നിറച്ചു. അദ്ദേഹത്തിന്റെ സ്വന്ത കുഡുബത്തിന്റെ ചരിത്രത്തെ തന്നെയും അവൾ എടുത്തുകാണിച്ചു. താൻ വെറുംഉദ്യോഗം വഹിക്കുന്ന ജില്ലകളെ സ്വതന്ത്രമായി ഭരിപ്പാൻ തനിക്കു അവകാശമുണ്ടെന്നു വാദിക്കുന്നതിന്നു അദ്ദേഹത്തോടു അവൾ ശഠിച്ചു. അക്കാലത്തുബലം ക്ഷയിച്ചും ക്ഷീണിച്ചും തുടങ്ങിയിരിക്കുന്ന മഹമ്മദീയരോടു സംഘം ചേൎന്നു എതൃപ്പാൻ എല്ലാ മഹാരാഷ്ട്ര കുഡുംബങ്ങളിലെ തലവാന്മാരേയും അവൾബലമായി നിർബന്ധിക്കയും ചെയ്തു.

അതു വെറുതെ ആയില്ല. ദൽഹിയിലെ ചക്രവൎത്തിയുടേയും ബീജപ്പൂരിലെ രാജാവിന്റേയും ആജ്ഞാകരനും സാമന്തനും ആയിരുന്ന ഷാജിഅവരോടു മാറി മാറി എതൃപ്പാൻ തുടങ്ങി· എന്നാൽ അദ്ദേഹം ധീരനുംസ്ഥിരപരിശ്രമിയുമായ പോരാളി ആയിരുന്നഎങ്കി

Digitized By Kerala Sahitya Akademi

ല്ലം, അങ്ങിനെയുള്ള ആരംഭങ്ങളെ ശരിയായ വഴിക്ക കൊണ്ടുപോവാനും ഉദ്ദേശം സാധിപ്പാനുംവേണ്ട ശ്രേഷ്ഠതരമായ മനോഗുണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദേഹം കൂടക്കൂടെ തടവിലാകയും പിഴയടക്കയും മററുശിക്ഷകൾ അനുഭവിക്കയും ചെയ്യേണ്ടിവന്നു. അതൊന്നും തന്റെ ഭാൎയ്യയുടെ ഉൽകൎഷേച്ഛയെ തടഞ്ഞില്ല. വളരെക്കാലം ഭൎത്താവു വിദേശത്തിലോ ബന്ധനത്തിലോ ആയിരിക്കും. അപ്പോൾ ഒക്കെയും ഏകാകിനിയായ ആസ്ത്രീ ജന്മഭൂമിയായ മലംപ്രദേശത്തു് പ്രായമാകാത്ത പുത്രനോടുകൂടി വെറും നാടാന്മാരായ പരിചാരകന്മാരുടെ ഇടയിൽ കഴിച്ചുകൂട്ടി. എന്നാൽ മകൻ തന്റെ നിശ്ചയങ്ങളെ മനസ്സിലാക്കാൻ പ്രായമായി എന്നുകണ്ട ഉടൻ അമ്മ അതെല്ലാം അവനു ഉപദേശിച്ചു തുടങ്ങി. ഈ അമ്മയും മകനുമായി മന്ത്രിച്ചു ശരിപ്പെടുത്തിയ ആലോചനകളാണു് ആദ്യം അസാദ്ധ്യമായി തോന്നിയിരുന്നു എങ്കിലും ഒടുവിൽ മഹാവിജയമായി കലാശിച്ചതു്.

കട്ടി, പ്രായമായപ്പോൾ പരിചാരകന്മാരുടെ സഹായത്തോടുകൂടിമഹമ്മദന്മാരോടു ഓരോ അക്രമമായ സാഹസങ്ങൾ പ്രവൎത്തിപ്പാൻ തുടങ്ങി ജനങ്ങൾക്കു് അതാദ്യം ഒരുവക ഭ്രാന്താണെന്നു തോന്നി; എന്നാൽ അവയിൽ അവനു അധികം അധികം ധൈൎയ്യം വൎദ്ധിച്ചുകണ്ടപ്പോൾ ജാദോകുടുംബത്തിലെ പരദേവതയായ ഭവാനിയുടെ പ്രത്യേകം അനുഗ്രഹത്താലാണു് അവനു ഇതെല്ലാം സാധിക്കുന്നതെന്നും അവർ വിശ്വസിപ്പാൻ തുടങ്ങി. അവന്റെ അമ്മയ്ക്കു ദേവി പ്രത്യക്ഷമായിരുന്നു എ

Digitized By Kerala Sahitya Akademi

ന്നും അവരം ഭാവികാൎയ്യങ്ങളെ പറയുമായിരുന്ന എന്നും കൂടി കേൾവി ഉണ്ടായിരുന്നു. അമ്മയ്ക്ക അനുഗ്രഹംലഭിച്ചിട്ടുണ്ടെന്ന മകനും വിശ്വസിച്ചിരുന്നു. ഒടുവിൽ തന്റെ ഇഷ്ടന്മാരായ മാലുശ്രേയസും, പാൾക്കരും മററും കൂടി അതു വിശ്വസിച്ചു. മാൾവാരികൾ എന്നും ഹിത്കാരികൾ എന്നും പറയുന്ന രണ്ടു വൎഗ്ഗക്കാർ ഈ ചെറുപ്പക്കാരനായ നായകനോടു ചേൎന്നു; ഇവരിൽ മാവാലികൾ ഘട്ടത്തിന്നപ്പുറത്തെ തടപ്രദേശത്തുള്ളവരും ഹിത്കാരകൾ, സമുദ്രതീരത്തുള്ളമലകളുടെതാഴ്‌വരകളിൽ ഉള്ളവരുമാണു്. ഈ രണ്ടു കൂട്ടൎക്കും ആയുധാഭ്യാസമോ, പലപ്പോഴും ആയുധങ്ങൾ തന്നെയോ ഉണ്ടായിരുന്നില്ല. അവർ മലംകോട്ടകളിൽ കേറിയും താഴ്‌വരവിട്ടു അകലെയുള്ള നാട്ടു പ്രദേശങ്ങളിൽ കടന്നു കൊള്ളയിട്ടു മുതലുകൾ അപഹരിക്കയും ആയുധങ്ങൾ ശേഖരിക്കയും മുസൽമാന്മാരുടെ കോട്ട കാക്കുന്ന ഭടന്മാരെ വെട്ടിക്കൊന്നു ആ കോട്ടകളിൽതാമസിക്കുകയും ചെയ്തു. കരസ്ഥമാക്കിയ ഒന്നിനെയും അവർ ഒരിക്കലും തിരിയെ വിട്ടുകൊടുത്തില്ലാ.

ഇങ്ങിനെ അനേക കൊല്ലങ്ങൾ കഴിഞ്ഞു. യുവാവായ ശിവാജിക്കു ശക്തി വൎദ്ധിക്കുന്തോറും ധൈൎയ്യവും ഉത്സാഹവും വൎദ്ധിച്ചുവന്നു. അൎദ്ധനഗ്നരും, വേണ്ടവണ്ണം ആയുധം ധരിച്ചിട്ടില്ലാത്തവരും ആയ അദ്ദേഹത്തിന്റെ ആദ്യത്തെ പടയാളികളായ ഏതാനംശതസംഖ്യ മാത്രമുണ്ടായിരുന്ന മാവാലികളും ഹെത്കാരികളും ഒടുവിൽ ഉത്സാഹവും സ്ഥിരനിശ്ചയവുമുള്ള എത്രയോ ആയിരം ആളുകളായി വൎദ്ധിച്ചിരുന്നു. പശ്ചിമഘട്ടത്തിലുള്ള ഏററവും ബലമേറിയ അനേകം മലംകോട്ടകൾ അദ്ദേഹത്തിന്റെകൈവശമായി. നിൎജ്ജനവുംമിക്കവാറും

Digitized By Kerala Sahitya Akademi

ദുഷ്പ്രവേശവുമായ വേറെ മലകളിലുംഅദ്ദേഹം പുതിയ കോട്ടകൾ കെട്ടകയും കെട്ടിക്കൊണ്ടിരിക്കയും ചെയ്തു; ആ കോട്ടകളിൽ രഹസ്യമായി ഗോവായിലെ പോൎത്തുഗീസു കാരിൽ നിന്നു വിലയ്ക്കു മേടിച്ചും സമൎത്ഥരായ സ്വന്തം പണിക്കാരെക്കൊണ്ടു ചെയ്യിപ്പിച്ചും ഒട്ടുവളരെ വലിയ തോക്കുകൾ സന്നദ്ധമാക്കി വച്ചു കൊണ്ടുമിരുന്നു. ഇങ്ങിനെപ്രാബല്യം വൎദ്ധിച്ചപ്പോൾ പ്രാചീന മഹാരാഷ്ട്രത്തിലെ എല്ലാമറാട്ടാ പ്രഭുകുടുംബക്കാരോടും അദ്ദേഹം ചാരന്മാർ മുഖേന ഗൂഢാലോചനകൾ നടത്തി,എല്ലാവരും ഒററായി സംഘംചേൎന്ന് എതൃത്ത് തങ്ങളെ കീഴടക്കിയിരിക്കുന്നമഹമ്മദീയരുടെ അധികാരത്തെവലിച്ചെറിയുന്നതിനു തരം നോക്കിക്കൊണ്ടു ക്ഷമയോടെ കാത്തിരിക്കയുമായിരുന്നു.

ഈ മഹമ്മദീയ രാജാക്കന്മാർ ഡക്കാനിനെ മുമ്പെ ആക്രമിച്ചിരുന്നവരെപ്പോലെ ഹിന്തുക്കളോടു ക്രൂരത കാണിക്കയോ അവരുടെ മതസംബന്ധമായ സ്വാതന്ത്ര്യത്തെ തടുക്കുകയോ, ദേവാലയങ്ങളെ അശുദ്ധപ്പെടുത്തുകയോ, പുരാതന അവകാശങ്ങളെ അപഹരിക്കയോ മറെറതെങ്കിലും പ്രകാരത്തിൽ അവരെ ഭയപ്പെടുത്തുകയോ ദണ്ഡിക്കുകയോ വല്ലതും ചെയ്തിരുന്നുഎങ്കിൽ ഇവരുടെഅധികാരത്തെ വലിച്ചെറിയാനുള്ള ഷാജിയുടെ ശ്രമംതന്നെ കുറേക്കൂടി സഫലമാകുമായിരുന്നു. നേരെമറിച്ച് അപ്പോൾ ഉപദ്രവമോ, സ്വാതന്ത്ര്യഭംഗമോ തീരെ ഇല്ലായിരുന്നു എന്നുതന്നെ പറയാം. മറാട്ടാപ്രഭുക്കന്മാരിൽ പലരും യുദ്ധകാലത്തു സഹായിക്കുന്നതിനു പ്രതിഫലമായി ഭൂമികൾ കൈവശം വച്ചിരുന്നു. എന്നു മാത്രമല്ലാമുഹമ്മദീയ രാജാക്കന്മാരുടെ സൈന്യങ്ങളോടു ചേൎന്ന അവൎക്കു

Digitized By Kerala Sahitya Akademi

വേണ്ടി ശൂരതയോടും വിശ്വാസത്തോടും യുദ്ധം ചെയ്ക യും ചെയ്തിരുന്നു.

ഇവിടെ വിവരിക്കുന്ന കഥനടന്ന കാലമായപ്പോഴും ശ്ലീഷ് വർഷം ഫസ്ലി-ൽ പതിവുപോലെ മഹാരാഷ്ട്ര രാജ്യം മുഴുവൻ ദസറാഅല്ലെങ്കിൽനവരാത്രി മഹോത്സവം ആരംഭിച്ചു. ആ കൊല്ലത്തെ ഉത്സവത്തിൽ സംഘം ചേൎന്ന് ആക്രമിക്കുന്നതിനു എത്ര ജനങ്ങളേ ശേഖരിപ്പാൻ കഴിയുമെന്ന് സ്വകാൎയ്യമായി കണക്കെടുക്കണമെന്നും അതു കഴിഞ്ഞാൽ അവരെ നിയോഗിക്കേണ്ടക്രമത്തെപ്പററി തീൎച്ചയാക്കാമെന്നുമായിരുന്നു നിശ്ചയം.

ക്ഷേത്രങ്ങളിൽ നടത്താറുള്ള 'കഥ' എന്നുപറയുന്ന കളികാണ്മാൻസിവാജിക്ക് ബാല്യംമുതൽക്കേ വലിയ താല്പൎയ്യമായിരുന്നു. പ്രായമായതിൽപിന്നെ എവിടെഎങ്കിലും ഒരുകഥ ഉണ്ടെന്നു കേട്ടാൽ എത്ര ദൂരമായാലും എന്തു ആപത്തു സംഭവിച്ചാലും വേണ്ടില്ല ഏതെങ്കിലും പ്രകാരത്തിൽ എത്താൻ മാൎഗ്ഗമുണ്ടെങ്കിൽ സിവാജി അവിടെ എത്തും. ചെറുപ്പക്കാരനായ ഈനായകനെ ചിലപ്പോൾ പരസ്യമായും പലപ്പോഴും ഒരുകൃഷിക്കാരന്റെയോസാധാരണ പട്ടാളത്തിൽ ശിപായിയുടെയോ വെഷത്തിലും ചുരുക്കം ചില അനുയായികളോടുകൂടി താൻ അപ്പോൾ അവിടെ എങ്ങാനമുണ്ടായിരിക്കുമെന്നു ആൎക്കും വിചാരിപ്പാൻ ഇടയില്ലാത്തദിക്കുകളിൽ കാണും. ആൎക്കും എങ്ങിനെ എന്നു അറിയാൻപാടില്ലാത്തവിധം അദ്ദേഹം അവിടേനിന്നു മറയുകയും ചെയ്യും. ഒടുവിൽഈ കഥകൾ ശത്രുക്കൾക്കു സംശയം ജനിക്കാതെസൈന്യത്തിൽ ആൾ ശേഖരിക്കുന്നതിനു അദ്ദേഹത്തിനു ഉപയോഗമായി. ഒരു കഥ വല്ലദിക്കിലുമുണ്ടെങ്കിൽ അതിനെ പിഞ്ഞുടൎന്നു

Digitized By Kerala Sahitya Akademi

ഉടനെതന്നെ ഏററവും ഭയങ്കരമായഒരു ആക്രമണവും ഉണ്ടായിരിക്കുമെന്നു അദ്ദേഹത്തിന്റെ അനുയായികൾക്കുംനിശ്ചയമുണ്ടായിരുന്നു.

ബീജപ്പൂരിൽനിന്നു ഷാജിയെ വീണ്ടും തടവിലാക്കിയ വർത്തമാനംഎത്തിയ ഉടനെതന്നെ പ്രതാപഗ്രഹത്തിൽ ഒരുകാഹ നടത്താൻ പോകുന്നതായി നാടെങ്ങും പരസ്യം ചെയ്തു. ഗ്രാമങ്ങൾതോറും ഈ കല്പന പരസ്യപ്പെട്ടുത്തുന്നതിന്റെ ഗൌരവവും ശീഘ്രതയും കണ്ട് ജനങ്ങൾ ഏതോ ഒരു വലിയ സംഭവം നടപ്പാൻ പോകുന്നു എന്നു ഉറപ്പിച്ചു കഴിഞ്ഞു. അതിനാൽ അവരുടെ സ്വന്തഭാഷയിൽ "മലകളിൽ തീ വീഴേണ്ട കാലമായി" എന്നു അവർ സംസാരിക്കയും ചെയ്തു.

---

## രണ്ടാം അദ്ധ്യായം.

### കാഹയും ജനക്കൂട്ടവും.

പ്രതാപഗ്രഹത്തിന്റെ താഴ്വരയിൽ ചൊവ്വും നിരപ്പുമില്ലാതെ അവിടവിടെയായി കാണുന്ന വീടുകളോടുകൂടിയ ഒരുഗ്രാമമുണ്ട്. നഗരമെന്നു പറയത്തക്ക പ്രാധാന്യം അതിനില്ല. അതിൽ നിന്നു ഒരു ഊടുവഴി (ഊടുവഴിയെന്നല്ലാതെ പറഞ്ഞുകൂടാ) മുകളിലുള്ള കോട്ടയിലേക്കു പോകുന്നു. ഈ വഴി വളരെ ദുർഘടമായിട്ടുള്ളതാണെങ്കിലും ഭംഗിയുള്ളതായിരുന്നു. ഇതിന്റെ ഇരുഭാഗമുള്ള കാടുകൾ

Digitized By Kerala Sahitya Akademi

കുറെ വെട്ടി ഒതുക്കിയിരുന്നു. എങ്കിലും അഗാധമായ താഴ്വരയിലും മുകളിലുള്ള ചരിവുകളിലുമായി വളഞ്ഞുകിടക്കുന്ന ഈ വഴിമേൽ വന്മരങ്ങൾ അവയുടെ ഉപകാരപ്രദമായ നിഴലുകളെ പരത്തിക്കൊണ്ട് ആഞ്ഞുനിന്നിരുന്നു. വഴിയുടെ കയററം നീണ്ടതെങ്കിലും പോവാൻ സുഖമുള്ളതായിരുന്നു. ചില ദിക്കിൽ വലിയ ഇലകൾ നിറഞ്ഞ തേക്കുമരങ്ങൾ, ചിലടത്ത് തൂവൽപോലുള്ള ഓലകളോടുകൂടിയ മനോഹരമായ ഈന്തിക്കൂട്ടങ്ങൾ, മററു ചിലടത്തു പുഷ്പങ്ങളാൽ ആവൃതമായി ഒരു മരത്തിൽ നിന്നു മറെറാരു മരത്തിലേക്കു മനോജ്ഞമായ തോരണമാലകൾ പോലെ തൂങ്ങുകയോ വൃക്ഷാഗ്രങ്ങളിൽ കൂട്ടമായി പടന്നു പിടിച്ചു കിടക്കുകയോ ചെയ്തിരുന്ന വമ്പിച്ച വള്ളികൾ, ഇവ കാണാമായിരുന്നു.

നമ്മുടെ കഥ നടക്കുന്ന ഈ സമയത്തു അനേകം വകുപ്പുകളുള്ള ഒരു വലിയ കാലാൾപ്പട ഈ വഴിയൂടെ ചിരിച്ചുകൊണ്ടും സംസാരിച്ചുകൊണ്ടും കോട്ടയിലേക്കു നടക്കുകയാകുന്നു. ചിലർ അവിടവിടെ സമതലങ്ങളിൽ എത്തുമ്പോൾ ഓടുകയും ചാടുകയും ചെയ്യുന്നു. മററു ചിലർ അരികിലുള്ള പാറകളുടെ ഇടയിൽ കൂടി കയറിപ്പോകുന്നു. മുകളിലേക്കുള്ള കുറുക്കുവഴി അറിയാവുന്ന വേറെ ചിലർ പ്രധാന വഴിവിട്ടു് തൂക്കായ മലകളിൽ കൂടി പവ്വതവാസികൾ സാധാരണ ചെയ്യാറുള്ളതുപോലെ അടികൾ കുന്തിച്ചു ചവിട്ടി മേല്പോട്ടു കയറുന്നു.

അവർ ചൊടിപ്പുള്ള ദൃഷ്ടികളോടുകൂടിയവരും, ഉത്സാഹികളും കൃശന്മാരെങ്കിലും ദൃഢശരീരന്മാരും ആണ്. പൊക്കം കുറവുമെങ്കിലും വലിയ ശക്തിയുള്ളവരാണു്. നെററി

യ തോക്കുകൾ, വെടിമരുന്നുകൂടുകൾ, ഉണ്ടസ്സഞ്ചി, ഇവ പലപ്പോഴും വഹിച്ചിരിക്കും. നീണ്ട ചൊവ്വായി ഏണം കൂടിയ ഇരട്ടപ്പിടിയുള്ള വാൾ ഇടത്തേ തോളിൽ തൂക്കിയിരിക്കും. അല്ലെങ്കിൽ വളഞ്ഞു ചെറിയ ഒരു കൊടുവാളും, ഒന്നോ രണ്ടോ കഠാരികളും അരയിൽ തിരികി ഉറപ്പിച്ചിരിക്കും. മുതുകിൽ ഒരു വലിയ പരിശയും തൂക്കിയിരിക്കും. ശിവാജിയുടെ മാവാലി പട്ടാളം ഇങ്ങിനെ ആണ്. ഇവർ വളരെ ഉടുപ്പുകൾ വാരി ചുമക്കാറില്ല. മുട്ടിന്റെ താഴത്തു് ഇറുകിക്കിടക്കുന്ന ഒരു ജോടി കളസം ധരിച്ചിരിക്കും. പരുത്ത ഒരു ഉറുമാൽ തലയിൽ ചുററിക്കെട്ടിയിരിക്കും. ഒരു കരിമ്പടം കൊണ്ടു ദേഹമാസകലം മറച്ചു മൂടുകയോ അല്ലെങ്കിൽ കൈകൾ വെളിയിൽ കാണത്തക്കവണ്ണം അതു നെഞ്ചിൽ കുറുകെ വലിച്ചു പുതച്ചിരിക്കയോ ചെയ്യും. സാധാരണ അവസരങ്ങളിൽ ഇതാണു് അവരുടെ ഉടുപ്പു്. എന്നാൽ ഉത്സവകാലങ്ങളിൽ എല്ലാവരും വൃത്തിയുള്ള കാലുറയും, കുപ്പായവും, ഭംഗിയുള്ള തലപ്പാവും; അരയിൽ, ഒരു ഉറുമാലും, തലക്കെട്ടിൽ തിരുകി കാട്ടുപൂക്കളുടെ കുലകളും ധരിച്ചിരിക്കും.

ഇപ്പോൾ ഉത്സവമാണു്. അവരുടെ രാജാവു് ഒരു കഥ നടത്താൻ കല്പിച്ചിരിക്കയാണു്. കഥ ഉണ്ടായാൽ അതിനെ തുടൻ് ഉടനേതന്നെ ഒരു വലിയ കൊള്ളയോ അക്രമമോ (അതായതു് കുറേ ദൂരം എങ്ങോ ഒരു യുദ്ധം) നടക്കുമെന്നു് എല്ലാവർക്കും ഉറപ്പാണു്. അതിൽവെച്ചു ബഹുമതിയും കൊള്ളയിട്ട പണത്തിൽ ഒരു ഓഹരിയും അവൎക്കും കിട്ടും. യാതൊരു കരുതലുമില്ലാതിരിക്കുന്ന മുസൽമാന്മാരോടു് ഈ അവസരങ്ങളിൽ മാവാലികൾ നിർദ്ദയമാ

Digitized By Kerala Sahitya Akademi

യും ഭയംകരമായും യുദ്ധം ചെയ്യും. സ്വാമി (ധണി എന്നാണ് അവർവിളിക്കുന്നത്) കുറെ നാളായി ഒന്നും ചെയ്യാതെ വളരെ ശാന്തതയിൽ ഇരിക്കയായിരുന്നു. എന്നാൽ അദ്ദേഹം ഒരിക്കലും മടിയനായിരിക്കയില്ലെന്നു അവക്കൊക്കെ അറിയാം. അസാധാരണമായി ഏതോ സംഭവിപ്പാൻ ഇടയുണ്ടെന്നു രാജ്യമൊട്ടുക്കും എല്ലാവക്കും നിശ്ച യമുണ്ടായിരുന്നു. അവർ ഭയപ്പെട്ടുകയും ആരാധിക്കയും ചെയ്തുവന്ന ഭവാനിദേവിയുടെ ഏതൊ മനോഹിതംസാദ്ധ്യമാവാൻ പോകുന്നുഎന്ന് എല്ലാവരും ഉറപ്പിച്ചുകഴിഞ്ഞു. ആരും അധികമൊന്നും പുറത്തു പറഞ്ഞില്ല. എന്നാൽ എല്ലാവരും ഏതോ ഒന്നു സംഭവിക്കുമെന്നു കരുതികൊണ്ടിരുന്നു.

വളരെ ദിവസം മുൻകൂട്ടിതന്നെ പ്രതാപഗ്രഹത്തിനടുത്ത മലകളുടെതാഴത്തുള്ള ഗ്രാമങ്ങൾ തോറും കഥ നടപ്പാൻ പോകുന്ന വത്തമാനം പരസ്യപ്പെട്ടത്തികൊണ്ടു പതിവുപോലെ ദൂതന്മാർ സഞ്ചരിച്ചു. വൈ, സാത്താറ മുതലായ നഗരങ്ങളിൽ നിന്നു കളിക്കാർ വന്നു കഴിഞ്ഞു. രാജാവിൻെറ കീഴിലുള്ള മലയന്മാർ സാധാരണ കളിനടക്കാറുള്ള സ്ഥലം വെട്ടിത്തെളിച്ചു വെടിപ്പാക്കുകയും രാജാവിന്നിരിപ്പാനുള്ള ആസനവും കളിക്കാരുടെ രംഗവും വൃക്ഷങ്ങളുടെ പച്ചിലകളും കാട്ടുപൂക്കളും കൊണ്ടു അലങ്കരിക്കയും ചെയ്തുകൊണ്ടിരുന്നു. ആ ചെറിയ പട്ടണം ഇപ്പോൾ തന്നേ ജനങ്ങളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞു. പുറമേയുള്ളവർ തങ്ങളുടെ പ്രിയപ്പെട്ട രാജാവിനെ ഒന്നു കണ്ടുവന്ദിപ്പാൻ മലമേൽ തിക്കിക്കൂടി കൊണ്ടിരുന്നു. രാജാവു അപ്പോൾ ഏതാനം സ്നേഹിതന്മാർ

Digitized By Kerala Sahitya Akademi

പടയാളികൾ, പുരോഹിതന്മാർ ഇവരുടെ ഇടയിൽ സഭ യിൽ എഴുന്നെള്ളിയിരിക്കയാണ്. അത്ര സ്നേഹപൂർവ്വം കാംക്ഷിച്ച വന്ദനം സമർപ്പിക്കയും പ്രതിവന്ദനം സ്വീക രിക്കയും ചെയ്യുന്നതിനുള്ള അവകാശം ജനങ്ങളിൽ ഒരോ രുത്തർക്കും അദ്ദേഹം കൊടുക്കാതിരുന്നില്ല.

ഉഗ്രമായ കോട്ടവാതിലിൽ കൂടി മുകളിലത്തെ ഉയ ന്നതളം വരെ മലയുടെ ഉപരിഭാഗത്ത് ജനപ്രവാഹം വ ന്നു നിറഞ്ഞു കൊണ്ടിരിക്കുന്നു. ചിലർ ഒററക്കും; ചില ർ ചെറിയ ചെറിയ സംഘങ്ങളായും വന്നുചേരുന്നു. മററു ചിലർ അതിനെക്കാൾ വലിയ കൂട്ടങ്ങളായി ഓരോ ജോ ടികൊമ്പുത്തുകാരെമുൻനടത്തിക്കൊണ്ടു വരുന്നു. മററു ചിലരുടെകൂടെ പറകൊട്ടുന്നവർ ഉണ്ടു്. പറകളുടെ ഗംഭീര നാദത്തോടു കൊമ്പുകൾ അല്ലെങ്കിൽ കാഹളങ്ങളുടെ തീക്ഷ്ണ മായ ആരവം ഇടകലന്നും ചിലപ്പോൾ വെവ്വേറെ ആയും മുകളിലേക്കുള്ള വഴിയൂടെ പലഭാഗത്തു നിന്നും പൊങ്ങി ക്കൊണ്ടിരിക്കുന്നു. അതിനെ അനുസരിച്ച് രാജാവി ന്റെ കാഹളക്കാർ കോട്ടവാതിലിന്റെ മുകളിലും, തൂക്കാ യ ചരിവുകളുടെ മേലത്തെ ഗോപുരങ്ങളിലുമിരുന്നു ഊത്തു ന്നുണ്ടു്. കോട്ടയിൽ ആൾ തിങ്ങിയിരിക്കുന്നു. അനേ കായിരം ആളുകൾ അവിടെ കൂടീട്ടുണ്ടു്. ചിലർ അവിട വിടേ കൂടി കുത്തിയിരിക്കുന്നു. ചിലർ കോട്ടമതിലിന്റെ അടുക്കൽ നടന്നുകൊണ്ടിരിക്കുന്നു. മററു ചിലർ ഉറവു കളുടേയും കിണറുകളുടേയും അടുത്തുചെന്നിരുന്നു മുതുകി ൽ കെട്ടിവെച്ചിരുന്ന ഭാണ്ഡങ്ങൾ അഴിച്ചു പലഹാര ങ്ങൾ എടുത്ത് ഉച്ചക്കുള്ള ആഹാരം അതുകൊണ്ടു കഴി ക്കുന്നു. വേറെചിലർ രാജാവിന്റെ അശ്വശാലയിൽ കട

Digitized By Kerala Sahitya Akademi

ന്ന് അവിടെ ആ അവസരങ്ങളിൽ അതിഥികൾക്കു ദിവസേന ദാനം ചെയ്യാൻ കുന്നുകുന്നായി വെച്ചുമടച്ചിരിക്കുന്ന ചോറുകൾ വാങ്ങിക്കൊണ്ടിരിക്കുന്നു.

കാലത്തു മുഴുവൻ ശിവാജി തന്റെ ചെറിയ ഡർബാർ മുറിയിൽ ഏതാനും തിരഞ്ഞെടുത്ത സ്നേഹിതന്മാരുടേയും ബ്രാഹ്മണ പുരോഹിതന്മാരുടേയും കാര്യസ്ഥന്മാരുടേയും മദ്ധ്യേ ഇരിക്കയായിരുന്നു. ഈ മുറി മുളകൾ തമ്മിൽ ചേർത്തുകെട്ടി പുല്ലും തേക്കിലകളും കൊണ്ടു മേഞ്ഞുണ്ടാക്കീട്ടുള്ള ഒരു വിസ്തീർണ്ണമായ പന്തൽ മാത്രമായിരുന്നു. അതു വൃക്ഷങ്ങളുടെ കൊമ്പുകളും, കാട്ടുപൂക്കളും കൊണ്ടു ഭംഗിയായി വിതാനിക്കയും ചെയ്തിരുന്നു. രാജാവിന്റെ ഇരിപ്പിടം മുകളിലത്തെ അറ്റത്താണ്. അതു പരുത്ത പരവതാനി വിരിച്ചിട്ടുള്ള പൊക്കം കുറഞ്ഞ ഒരു തട്ടാണ്. അതിന്മേലാണ് ഗാഡി അല്ലെങ്കിൽ ഭദ്രാസനം ഒരുക്കിയിരിക്കുന്നത്. ആ ഭദ്രാസനം "കിന്നരി" കൊണ്ടു പൊതിഞ്ഞിട്ടുള്ള ഒരു സ്തൂപ്പതലയണയും അതുപോലെയുള്ള ഒരു ചാവട്ടയും ആണ്. അതു തൽക്കാലത്തേയ്ക്കുള്ള ഒരു ക്രമമാകുന്നു. ആ തട്ടിന്റെ താഴത്ത് ചെറുതും വലുതുമായ ജനസംഘങ്ങളുടെ തലവന്മാർ വന്നു വന്ദിച്ചുകൊണ്ട് ഓരോരുത്തരായി ഇരിക്കുകയും പതിവുപോലെ തൊഴുതുകൊണ്ടു എഴുന്നേററു പോകയും ചെയ്യുന്നു. എന്നാൽ അറിവു കൂടാതെ ആരും പോകുന്നില്ല. സമീപത്തുകൂടി മററുള്ളവർ ആരെങ്കിലും ധൃതഗതിയിൽ കടന്നുപോകുമ്പോൾ ഒക്കെയും രാജാവു സ്നേഹപൂർവ്വം ഉപചാരം പറകയോ നമസ്കാരം പറകയോ ചെയ്യുന്നു. അദ്ദേഹത്തിനു എന്തോ വ്യാകുലതയുള്ളപോലെ പലൎക്കും തോ

Digitized By Kerala Sahitya Akademi

ന്നി. തലസ്ഥാനത്തു നിന്നു പുറപ്പെട്ടിരുന്ന വർത്തമാനത്തിൽ ആരും ഒന്നും പ്രത്യേകം ചെയ്യേണ്ടതായില്ലായിരുന്നു. എന്നാൽ രാത്രി നടപ്പാൻ പോകുന്ന കഥയെ തുടന്ന് ശരിയായ എന്തെങ്കിലും പ്രവൃത്തി ചെയ്യേണ്ടിവരുമെന്നു എല്ലാവരും അറിഞ്ഞിരുന്നു.

സ്നേഹിതന്മാരുടേയും, അനുചരന്മാരുടേയും ഇടയിൽ ഇരിക്കുന്ന ആ മാറാട്ട രാജിവിനു തന്റെ കൃശമായ ശരീരവും ആഡംബരമില്ലാത്ത നിസ്സാരമായ വേഷവും കൊണ്ടു ദൂരത്തുനിന്നുള്ള കാഴ്ചയിൽ ആക്കും അശേഷം ബഹുമാനം തോന്നുകയില്ല. ഉടുപ്പു സാധാരണ മട്ടിലുള്ള വെള്ള മസ്ലിൻ കൊണ്ടാണു്. ആഭരണമായുള്ളതു് വിലയേറിയ വൈരക്കല്ലുകൾ തിളങ്ങിക്കൊണ്ടിരിക്കുന്നതും തലപ്പാവിൽ പതിച്ചിരിക്കുന്നതുമായ 'ജീക്കാ' മാത്രമാകുന്നു. ഇളം ചുവപ്പു നിറത്തിൽ ഒരു നാൽവ തോളിൽ കൂടി എറിഞ്ഞു പുതച്ചിരിക്കുന്നു. അതു അല്പം ശൈത്യത്തോടുകൂടി അടിച്ചുകൊണ്ടിരിക്കുന്ന കാററിന്റെ ബാധയെ തടുക്കുന്നു. ഭയങ്കരമായ 'ഭവാനി' എന്നു പറയുന്ന അദ്ദേഹത്തിന്റെ വാളും, അദ്ദേഹം പതിവായി ധരിക്കുന്ന കാണ്ടാമൃഗത്തിന്റെ തോലുകൊണ്ടുള്ള കറുത്ത വലിയ പരിശയും മുമ്പിൽ വെച്ചിരിക്കുന്നു. കുറേക്കൂടി അടുത്തു കണ്ടാൽ അഭിപ്രായത്തിനു വ്യത്യാസം തോന്നും. കുറഞ്ഞൊന്നു കറുത്ത നിറം; വസ്തീർണ്ണമായ ദ്വാരങ്ങളോടുകൂടിയ ഉയന്ന മൂക്കു്; സൌമ്യതയുള്ള വലിയ കണ്ണുകൾ; ചെറുതും നിശ്ചയസൂചകവുമായ വായും താടിയും; നേത്തു രണ്ടററത്തും ചുരുണ്ട മേൽമീശ; ചെവിയുടെ നിരപ്പിനു വെട്ടിവെച്ചിട്ടുള്ള കറുത്തു കൊഴുത്തുവളന്ന താടിമീശകൾ ഇവ എല്ലാംകൂടി കണ്ടാൽ

Digitized By Kerala Sahitya Akademi

മുഖം വളരെ സൌന്ദൎയ്യമുള്ളതും ബുദ്ധിസൂചകവുമായിരിക്കുന്നു. ലാഘവമുള്ള ആ ശരീരത്തിന്നു കാഴ്ചയിൽ ബലത്തേക്കാൾ അധികം സാമൎത്ഥ്യമാണുള്ളതെന്നു തോന്നും. അതു വെറുതേ ഇരിക്കുമ്പോൾതന്നെയും ചൊടിപ്പുള്ള ചലനവിശേഷംകൊണ്ടു ഒരു മാതിരി സഹനശക്തിയെ ദ്യോതിപ്പിക്കുന്നു. അദ്ദേഹത്തിന്റെ മുഖലക്ഷണം അതിനെ ദൃഢപ്പെടുത്തുകയും ചെയ്യുന്നു.

മഹാരാജാവിനെ ഒരിക്കൽ കണ്ടിട്ടുള്ള ആരും പിന്നെ മറക്കുന്നതല്ല. ഇപ്പോൾ കണ്ടാൽ ശാന്തൻ അല്ലെങ്കിൽ വ്യസനാകുലൻ ആണു്. പോൎക്കളത്തിലോ അല്ലെങ്കിൽ ദന്ദയുദ്ധത്തിലൊ ഉള്ള സന്ദൎഭങ്ങളിൽ ആണു് അദ്ദേഹത്തിന്റെ മുഖഭാവം കാണേണ്ടതു്. ദന്ദയുദ്ധത്തിലാണു് അദ്ദേഹത്തിന്നു വലിയ രസം. അതിൽ ഏൎപ്പെട്ടാൽ പിന്നെ ഒഴിഞ്ഞുപോകുന്നതു അദ്ദേഹത്തിന്നു പ്രയാസവുമാണു്. അദ്ദേഹം ഒരു അവതാര പുരുഷനാണെന്നുള്ള ധാരണ ജനങ്ങൾക്കു് അദ്ദേഹത്തോടുള്ള സ്നേഹ ബഹുമാനങ്ങളോടുകൂടി ഭയഭക്തികളേയും കൂട്ടിച്ചേൎത്തു.

---

## മൂന്നാം അദ്ധ്യായം.

---

### ശിവാജിയും അമ്മയും.

രാത്രിയത്തെ ഉത്സവം കഴിഞ്ഞു. അതു അധിക സമയം അതിലേക്കായി മുഷിഞ്ഞിരുന്നതുകൊണ്ടു ശിവാജി ക്ഷീണിച്ചു്, അവിടെ നിന്നെണീററു തന്റെ സ്വകാൎയ്യമുറി

Digitized By Kerala Sahitya Akademi

യിലേക്കു കടന്നു. അവയോടുചെൎത്താണ് തല്ക്കാലത്തെ മേല്പുറത്തെ പന്തൽ കെട്ടിയിരിക്കുന്നത്. ആ അപരിഷ്കൃതമായ മലങ്കോട്ടയിൽ രാജയോഗ്യമായ കൊട്ടാരം ഒന്നുമില്ല. കോട്ടയോടുചേൎന്ന ഒരു ഉയൎന്ന സ്ഥലത്ത് വെവ്വേറേ മുറികളോടുകൂടി ഏതാനം മട്ടുപ്പാവു കെട്ടിടങ്ങളും സമീപത്തായി പുൽ മേഞ്ഞിട്ടുള്ള ചില പാവടികളും കുതിരലായങ്ങളും മാത്രമാണുള്ളത്. കോട്ടമതിലിൽ ചേൎത്തു കെട്ടീട്ടുള്ള ഒരു ചെറിയ മുറിക്കകത്തിരിക്കുന്നതു രാജാവിനു വളരെ പ്രിയമായിരുന്നു. ആ മുറിയുടെ ചുവരു കോട്ടയുടെ ഒരു ഭാഗംതന്നേ. അതിൽ ഏററവും അഗാധമായ ത്തുക്കുകളിൽ ഒന്നിന്റെ മുകളിലായിട്ടു ഒരു ചെറിയ കിളിവാതിലുണ്ട്. അതിൽക്കൂടി നോക്കിയാൽ താഴ്വരയും കുന്നും കോട്ടയിലേക്കുള്ള വഴിയും കാണാം.

ഏതെങ്കിലും ഒരടിയന്തരത്തിൽ പോകുകയോ അതിൽ നിന്നു മടങ്ങിവരികയോ ചെയ്യുന്നതു് അമ്മയെ നമസ്കരിച്ചിട്ടല്ലാതെ ഇല്ലെന്നുള്ളതു് ശിവാജിയുടെ ശീലമാണ്. വീട്ടിൽനിന്നു പുറത്തിറങ്ങുകയോ, വീട്ടിലേക്കു മടങ്ങി വരികയോ ചെയ്യുമ്പോഴൊക്കെയും അദ്ദേഹം അമ്മയുടെ പാദങ്ങളിൽ തൊട്ടു ഭക്തിപൂൎവ്വം നമസ്കരിക്കും. അപ്പോൾ അവർ അദ്ദേഹത്തെ ആശീൎവ്വദിക്കയും ചെയ്യും. മകനു അമ്മയിലുള്ള വിശ്വാസത്തിനു അമ്മയ്ക്കു മകനോടുള്ള വിശ്വാസവും സ്നേഹവും മാത്രമേ സദൃശമായിരുന്നുള്ളു.

അമ്മ മകനെ വാതലിന്റെ അടുക്കൽ കണ്ടു് പതിവുപോലെ രണ്ടു കൈകൾ കൊണ്ടു അദ്ദേഹത്തിന്റെ മുഖത്തിലും കഴുത്തിലും തലോടി വിരലുകളുടെ അഗ്രങ്ങളിൽ

Digitized By Kerala Sahitya Akademi

ചുംബിച്ചു. മകൻ കുനിഞ്ഞു അവരുടെ രണ്ടുപാദങ്ങളും തൊട്ടു കൈകൾ തന്റെ കണ്ണിലും നെററിയിലും വെച്ചു. അവർ ഉടൻ മകന്റെ അട്ടുക്കൽതന്നെ ഇരുന്നു. വീണ്ടും കൈകൊണ്ടു അവന്റെ മുഖത്തും കഴുത്തിലും തലോടി വീണ്ടും വിരലുകളുടേ അഗ്രങ്ങളെ ചുംബിച്ചുകൊണ്ടു മിണ്ടാതിരുന്നു.

ഹാ! അമ്മയുടെ സ്നേഹമുള്ളകൈ! സംസാര സമുദ്രത്തിന്റെ കഠിനമായ തിരമാലകളുടെ തള്ളേററു തളരുന്ന അവസരത്തിൽ നമ്മെ ആശ്വസിപ്പിച്ചു കൊണ്ടു സ്ഥിരതയോടുകൂടി അതു് പഴയ സ്ഥാനത്തുതന്നേ നില്ക്കും; ആ കൈ നഷ്ടപ്പെട്ടുപോയവർ, അതു അതിന്റെ അനുഗ്രഹപൂർണ്ണമായ കൃത്യങ്ങളെ സ്നേഹപൂർവ്വം ചെയ്തിട്ടുള്ളതിനെ വിചാരിച്ചു് അതിനെ മറക്കാതിരിക്കണം. ആപൽക്കരമായ കഷ്ടതയിലും, വ്യാകുലതയിലും രോഗത്തിലും വിശേഷിച്ചും ആ കയ്യേപ്പററി നാം ഓൎമ്മിക്കണം. വിശ്വാസമുണ്ടെങ്കിൽ അതു നമുക്കു മുമ്പെ എത്തി നമ്മുടെ വരവിനെ കാത്തിരുന്നുകൊണ്ടു പരലോകത്തേയ്ക്കു നമുക്കു വഴികാട്ടുന്നതായിരിക്കും. അതുകൊണ്ടു അതിനെ മറക്കാതിരിപ്പിൻ! മറക്കാതിരിപ്പിൻ!!

കുറേ നേരത്തേക്കു രണ്ടുപേരും മൌനമായിരുന്നു. അമ്മയ്ക്കു മകന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങിയിരിക്കുന്ന വിചാരങ്ങളെപ്പററി നല്ലവണ്ണം അറിയാമായിരുന്നു. അതുകൊണ്ടു് അവർ ഒന്നും ചോദിച്ചില്ല. പിന്നെയും അവർ മകന്റെ അട്ടുക്കൽ തന്നേ ഇരുന്നു. കുട്ടിക്കാലത്തു ആശ്വസിപ്പിച്ചുറക്കാൻ ചെയ്തിരുന്ന മാതിരി ഇടയ്ക്കു്ടെ അദ്ദേഹത്തെ കൈവിരലുകളാൽ മെല്ലെ മെല്ലെ ത

Digitized By Kerala Sahitya Akademi

ട്ടി. "ഉറങ്ങിയെങ്കിൽ ഇയാളുടെ മനഃക്ലേശം മാറിപ്പോകുമായിരുന്നു. പക്ഷെ വേഗം ആശ്വാസമുണ്ടാകും" ഇങ്ങിനെ അവർ വിചാരിച്ചു.

ഒടുവിൽ അദ്ദേഹം തിരിഞ്ഞുനോക്കി. തദ്ദേഹത്തിന്നു കുറെ ആശ്വാസം തോന്നി എന്നു അവർ വിചാരിച്ചു. "അമ്മേ നിങ്ങൾക്കു ഈയ്യിടെ ദേവിയുടെ ദർശനം ഉണ്ടായോ? എനിക്കു ദേവിയുടെ പ്രസാദം വളരെ മങ്ങിയും വ്യാകുലമായുമിരിക്കുന്നു. ദേവിയുടെ ഇഷ്ടങ്ങൾ എന്തെല്ലാമായിരിക്കുമെന്നു ഞാൻ എന്റെ ഹൃദയത്തോടു ചോദിക്കുന്നു. ഒരു മറുപടിയും കിട്ടുന്നില്ല. ദേവിയുടെ അനുഗ്രഹം നമ്മിൽ നിന്നു ഒഴിഞ്ഞുപോയെന്നു വരുമോ?

"ലോകമാതാവിന്റെ നിശ്ചയങ്ങൾ ആൎക്കു അറിയാം മകനേ!. നാം അവളുടെ കയ്യിൽ ഇരിക്കുന്ന ആയുധങ്ങൾ മാത്രമാണു്. അയ്യോ! അധൈര്യപ്പെട്ടില്ലേ! ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ നാം അതു സഹിക്കേണ്ടേ! കഷ്ടപ്പെടാനാണോ അവൾ ആജ്ഞാപിക്കുന്നതെങ്കിൽ നാം കഷ്ടപ്പെടേണ്ടേ? അയ്യോ! മകനേ! സംശയിക്കല്ലേ! ക്ഷമിക്കുക. നിന്റെ അച്ഛൻ സംശയിച്ചു. അതു കൊണ്ടു നീണ്ടകാലത്തെ തടവും പിഴയും വേദനയും നാണക്കേടും തോൽവിയുമല്ലാതെ എന്തു സാദ്ധ്യമായി! അയ്യോ! പേടിച്ച മകനേ, പാടില്ല; സംശയിക്കലും അധൈര്യപ്പെടുകയും ചെയ്യുന്നതിനേക്കാൾ നീയും നിന്നോടുകൂടിയവരും മരിക്കുന്നതാണു് നല്ലതു്!" എന്നു അവൾ പറഞ്ഞു.

കഷ്ടപ്പാടു വളരെയുണ്ടമ്മേ! ഇവിടെ നമുക്കു ഒന്നും പേടിപ്പാനില്ല. അമ്മയെ ഓർത്തു ഞാൻ പേടിക്കുന്നുമി

Digitized By Kerala Sahitya Akademi

ല്ല. ശേഷമുള്ളവരെ കുറിച്ചാണ്. സംഗതി അസാദ്ധ്യമായിരിക്കുന്നു. അതാണു എന്റെ മനസ്സിനെ വേദനപ്പെടുത്തുന്നത്. എത്രയോ വഷമായുള്ള ഗ്രഢാലോചനയും ഒരുക്കവും എല്ലാം വെറുതെ ആയി. നമ്മുടെ രഹസ്യങ്ങളെല്ലാം പുറത്തായി" ഇങ്ങിനെ അദ്ദേഹം മറുപടി പറഞ്ഞു.

അമ്മ "എന്റെ മകനേ പേടിക്കരുത്. സംശയിക്കരുത്. ഉത്സാഹിക്കുക. അതുമതി. നീനിന്റെ അച്ഛനെപ്പോലെ ഓരോ ജനശ്രുതിയുടെയും ഒഴുക്കിനു കീഴ്പ്പെട്ടു കടലിൽ വീണ തുറമ്പുപോലെ അങ്ങുമിങ്ങും അലഞ്ഞു തിരിവാൻ വിചാരിക്കുന്നോ? അദ്ദേഹം പറയും:—"ആ മനുഷ്യൻ ചേരുന്നില്ല, ഞാൻ എന്തുചെയ്യും? ആ കാര്യം പേടിക്കണം! ഞാൻ എന്തുചെയ്യും? ഈ ആൾ ഇങ്ങിനെ പറയുന്നു. എനിക്കു ഇതുപോലെ ചെയ്യാമോ? അയാൾ അങ്ങിനെ പറയുന്നു, എനിക്കു അതുപോലെ ചെയ്യാമോ?" ഇങ്ങിനെ അദ്ദേഹം മററുള്ളവർ കാണിച്ച വഴിയെ നടന്നു. മററുള്ളവർ ഉപദേശിച്ചപോലെ ചെയ്തു. അതെല്ലാംകൊണ്ടു എന്തുവന്നു? നാണക്കേടു മാത്രം വന്നു മകനേ. അദ്ദേഹം എല്ലാവരോടും "നിങ്ങൾ ഇങ്ങിനെ ചെയ്യിൻ" എന്നുപറഞ്ഞിരുന്നു എങ്കിൽ അവർ എല്ലാവരും അങ്ങിനെ തന്നെ ചെയ്യുമായിരുന്നു. അയ്യോ അമ്മേ! അയ്യോ ലോകമാതാവേ! ഇറങ്ങിവരണേ! ആകാശത്തിൽ നിന്നു അവിടത്തെ മകളുടെ ഹൃദയത്തിലേക്കു വരണേ! ഇവനോടു എന്തു പറയണമെന്നും എങ്ങിനെ ഉപദേശിക്കണമെന്നും എനിക്കു പറഞ്ഞു തരികയൊ അവിടന്നുതന്നെ അവനു ഉ

Digitized By Kerala Sahitya Akademi

പദേശിക്കയൊ ചെയ്യണേ! (എന്ന മുഖമുയത്തി നിവ ൻനിന്ന കൈകഠം തൊഴുതുപിടിച്ചു കൊണ്ടു നീലവൎണ്ണമായ ആകാശത്തിലേക്കു നോക്കി വിളിച്ചു പറഞ്ഞു കൊണ്ടു) അമ്മേ ഞങ്ങഠം ഈ ചെയ്യുന്നതെല്ലാം നിൻെറ പേരിനും ബഹുമാനത്തിനും ഇത്രകാലമായി അധോഗതിയേ പ്രാപിച്ചിരിക്കുന്ന മതത്തിനും വേണ്ടിയാണേ! ഞങ്ങഠംക്കു തോൽവിയൊ അവമാനമോ വരാതിരിക്കേണമേ!"

പിന്നയും കുറേനേരം മൌനമായിരുന്നിട്ടു മകൻ പറഞ്ഞു. "ദേവി പ്രാൎത്ഥനകേട്ടു. സംശയമില്ല. അമ്മയുടെ മൊഴികഠം കേഠംക്കുമ്പോഠം എൻെറ അന്തരാത്മാവിൽ സ്വാസ്ഥ്യമുണ്ടാകുന്നു. ധൈൎയ്യമുണ്ടാകുന്നു അമ്മേ. അതെ, എങ്ങിനെ വേണം എന്നു എനിക്കറിയാം. സഹായികഠം ആരും പോരാ. ഞാൻ അല്ലാതെ മററാരായാലും പോരാ. ഇന്ന രാത്രി കഥകാണാൻ വരുന്ന ജനങ്ങളെ സംഗതി ധരിപ്പിക്കണം എന്നു ഞാൻ വിചാരിച്ചു. അതു ഞാൻ ചെയ്കയില്ല. "നമ്മുടെ കാൎയ്യത്തിന്നായി നാം വേലചെയ്യണം. ചക്രവൎത്തിക്കു എതിരായും രാജാവിന്നെതിരായും എല്ലാററിനേയും കാഠം അഫ്സൂൽഖാന്ന് എതിരായും വേലചെയ്യണം" എന്നു മാത്രം ഞാൻ അവരോടു പറയും. അവൎക്കു എൻെറ മേൽ വിശ്വാസം മാത്രമുണ്ടായാൽ മതി. അതേ അമ്മെ—അവൎക്കു എൻെറ മേൽ വിശ്വാസം മാത്രമുണ്ടായാൽ മതി. നമുക്കു ജയം സിദ്ധിക്കും; ഞാൻ അവൎക്കൊ അമ്മയ്ക്കോ നൈരാശ്യത്തിനു ഇടയാക്കുകയില്ല.

Digitized By Kerala Sahitya Akademi

"ഈ വാക്കകൾക്കായി നിനക്ക് ആയിരം ആശീർവ്വാദം ശിവാജിബോസിലെ" എന്ന അമ്മ രണ്ടു കയ്യും അദ്ദേഹത്തിൻെറ തലയിൽ വെച്ചുംകൊണ്ടു വിളിച്ചുപറഞ്ഞു. "ഇനി എനിക്കു ഒരു സംശയവുമില്ല. ഒന്നുമില്ല. "നീ കുറയ്യു പൊയ്യോൾക. അവരോടെല്ലാവരോടും സമയം വന്നു എന്നു പറയുക. "നീ 'ഹരഹര മഹാദേവാ' എന്നു വിളിക്കുമ്പോൾ ആയിരം ശത്രുക്കളുടെ മരണരോദനമായിരിക്കണം അവരുടെ മറുപടി. ഇനി ഞാൻ പോകുന്നു മകനേ" ഇങ്ങിനെ അവർ പറഞ്ഞു.

എന്നാൽ അമ്മ എന്നെ അനുഗ്രഹിച്ചിട്ടു പോവുക, ഞാനും ഇവിടെ അധികനേരം ഇരിക്കുന്നില്ല. ഇപ്പോൾ തന്നെ താഴ്വരകളിൽ നിഴലുകൾ അധികം നീണ്ടിരിക്കുന്നു. രാത്രി ആകുന്നതിനു മുമ്പു എനിക്കു ജനങ്ങളെ ശേഖരിക്കണം. എന്നു അദ്ദേഹം പറഞ്ഞു. അമ്മ ഭക്തിപൂർവ്വം കൈകൾ ശിരസ്സിൽ വെച്ചു. "ഇതാ ഞാൻ നിന്നെ എപ്പോഴത്തേക്കാൾ അധികം ശക്തിയോടെ അനുഗ്രഹിക്കുന്നു. 'മകനേ', അവിടുടെ സമയം വരുമ്പോൾ അവൾ കൊണ്ടുപോകുന്ന വഴിക്കു നീ പൊയ്യോൾക. നിൻെറ ജനങ്ങളുടെ നേക്കു നിനക്കുള്ള സ്നേഹത്തിനു മാററമുണ്ടാകരുത്. എന്നാൽ മുസൽമാന്മാക്കു നീ കല്ലായും ഇരുമ്പായും ഇരിക്കണം. ആരേയും വിശ്വസിക്കേണ്ടാ! എന്തു ചെയ്യണമെന്നു ആരോടും ചോദിക്കേണ്ടാ. എന്നോടുപോലും വേണ്ട. ആവശ്യമുള്ളതും നിൻെറ ഉള്ളിൽ തോന്നുന്നതും ചെയ്യുക; ദയ കാണിക്കരുത്. നിൻെറ വഴി നീ വാളുകൊണ്ടു വെട്ടിത്തെളിച്ചുകൊള്ളുക. നിനക്കു ഉൽകർഷം വേണമെങ്കിൽ ഇതുപോലെ ഒക്കെ

Digitized By Kerala Sahitya Akademi

ചെയ്യുക. അല്ലെങ്കിൽ—അല്ല—നിനക്കു ഉൽകർഷം ഉണ്ടാകും മകനേ! അവൾ എന്നോടു അങ്ങിനേ അരുളിച്ചെയ്തിട്ടുണ്ട്." അമ്മ ഇങ്ങനെ പറഞ്ഞു. അദ്ദേഹത്തെ വിട്ടു ചെറിയ കുടുംബക്ഷേത്രത്തോടു ചേൎന്ന ഒരു മുറിയുടെ വാതിലിൻെറ മുമ്പിൽ തൂങ്ങുന്ന വിരിയുടെ ഉള്ളിൽ മറഞ്ഞപ്പോൾ അവരെ അദ്ദേഹം സൂക്ഷിച്ചുനോക്കി. ഒരു വിജയാഭിമാനത്തിൻെറ ലക്ഷണം അവരുടെ വിശാലമായ കറുത്ത കണ്ണുകളേയും ഭാവസൂചകമായ ആകാരത്തേയും ഉജ്ജ്വലിപ്പിച്ചു. "എനിക്കുവേണ്ടി ഞാൻ തന്നേ ശ്രമിക്കേണമെന്നു അവർ പറഞ്ഞു. ശരിതന്നെ. അമ്മേ ഒന്നാമതായി നിങ്ങൾക്കു വേണ്ടിയും പിന്നെ സ്വജനങ്ങൾക്കു വേണ്ടിയും ഞാൻതന്നെ ശ്രമിക്കും. ഇനി വീൺവാക്കുകൾ ഉണ്ടാകയില്ല. മലയിൽ തീ വീഴുമ്പോൾ ഉള്ള "ഹരഹര മഹാദേവ" എന്ന വാക്കുകൾ മാത്രമേ ഉണ്ടാവൂ."

---

# നാലാം അദ്ധ്യായം.

"കാട"

സൂൎയ്യൻ അസ്തമിച്ചതു മുതൽ ശിവാജിക്കു വലിയ ജോലിയായിരുന്നു. അദ്ദേഹം അംഗരക്ഷകന്മാരുടേയും കോട്ടകാക്കുന്ന സൈന്യത്തിൽ ഒരു വലിയ വകുപ്പിൻേറയും അകമ്പടിയോടുകൂടി മലയിൽനിന്നു കാൽനടയായി താഴത്തിറങ്ങി, കോട്ടയിലുള്ള കുഴലൂത്തുകാർ, കൊമ്പൂത്തുകാർ ഇവരുടേ അകമ്പടിയോടുകൂടി കാട്ടുവഴിയൂടേ വൈകുന്നേ

Digitized By Kerala Sahitya Akademi

രത്തെ വെയിലിൽ താഴോട്ടുള്ള ആ എഴുന്നെള്ളത്തു് ഒരു ഭംഗിയുള്ള ഘോഷയാത്രതന്നെ ആയിരുന്നു. അസംഖ്യം ജനങ്ങളുടെ ആർപ്പുവിളി, വന്നുകൂടിയ എല്ലാ വർഗ്ഗക്കാരുടേയും കൂടേയുള്ള കൊട്ടുകാരും ഊത്തുകാരും പ്രത്യേകം പ്രത്യേകം പുറപ്പെടുവിക്കുന്ന സങ്കുലമായ ഘോരാരവം, ഗ്രാമത്തിലുള്ള നെടിയ കൊമ്പുവാദ്യങ്ങളുടെ നീണ്ടും ഇടറിയുമുള്ള നാദങ്ങൾ, കൈമണികളുടെ ഇടച്ചിൽ, കോട്ടയിൽനിന്നു കൊണ്ടുപോന്നിട്ടുള്ള ക്ഷേത്രംവക വലിയ വെങ്കലത്തമ്പേറുകളുടെ ഗംഭീരമായ മുഴക്കം, ഈ കോലാഹലങ്ങളോടുകൂടി ശിവാജി പുറപ്പെട്ടു ഗ്രാമം ചുററി കഥയ്ക്കായി ഒരുക്കിയിരുന്ന ആ സ്ഥലത്തെത്തി

അതു് ഒരു വിസ്താരംകുറഞ്ഞ താഴ്വരയാണു്. വളരേ കാലമായി അതിലെ മരങ്ങൾ എല്ലാം വെട്ടി വെടിപ്പാക്കിയിരിക്കുന്നു. അവയുടെ സ്ഥാനത്തു കൊഴുത്ത കുറുമ്പുല്ലുകൾ വളൎന്നു പിടിച്ചിരിക്കുന്നു. മലയിൽനിന്നു താഴോട്ടു സദാ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികൾ അവയെ നനച്ചിട്ടു് ആ ഗരിതടം മുഴുവൻ പച്ചനിറമായിരിക്കുന്നു. അതിന്റെ മദ്ധ്യത്തായിട്ടു ഒരു വെളിസ്ഥലമുണ്ടു്. അവിടേയും മൃദുവായ പച്ചപ്പുല്ലുകൾ ഞെരുങ്ങിവളൎന്നു നിലം മുഴുവൻ മറച്ചിരിക്കുന്നു. ഈ സ്ഥലത്താണു് എല്ലാ ദിവസവും ഗ്രാമത്തിലുള്ള ചെറുപ്പക്കാർ വ്യായാമത്തിനു പോകുന്നതു്. അവർ അവിടെ ഗുസ്തി, ചാട്ടം, അമ്പെയ്ത്തു, കോൽകുറിച്ചു വെടിവെപ്പു ഇവയും അവൎക്കു ഏററവും പ്രിയപ്പെട്ട വാൾപയററും പരിചയിച്ചുവന്നു. ഈ ഒടുവിൽപ്പറഞ്ഞ വിദ്യക്കു മറാട്ട ഭടന്മാർ കീൎത്തിപ്പെട്ടവരായിരുന്നു.

Digitized By Kerala Sahitya Akademi

ആ തട്ടപ്രദേശത്തിന്റെ മുകളിലത്തെ അററം ക്രമേണ ഉയൎന്നു നീണ്ട അണ്ഡാകൃതിയിലുള്ള സ്ഥലമാണ്. അതാണ രാജാവിന്റെ ഇരിപ്പടം. ഒരു മൺതിട്ടയിൽ ഉണ്ടാക്കിയ പുഷ്പകം നിരത്തി അതിന്മേൽ കോട്ടയിൽനിന്നു കൊണ്ടുവന്നിട്ടുള്ള പരവതാനികൾ വിരിച്ച് അതിന്റെ പുറത്തു ഗാദ്ദി (ഭദ്രാസനം) സ്ഥാപിച്ചിരിക്കുന്നു. രാവിലത്തെ അടിയന്തരം കഴിഞ്ഞു് രാജാവു പോയ ഉടനെ തന്നേ ഈ ആസനം ആ സ്ഥലത്തുനിന്നു എടുത്തു ഇവിടെ കൊണ്ടുവന്നു് വെച്ചതാണു്. പരവതാനി വിരിച്ചിരിക്കുന്ന തിട്ടപ്പുറത്തു അദ്ദേഹത്തോടൊന്നിച്ചു് അടിയന്തരത്തിൽ സംബന്ധിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രത്യേക സ്നേഹിതന്മാൎക്കും പുരോഹിതന്മാൎക്കും മററും കൂടി ഇരിപ്പാൻ സ്ഥലമുണ്ടായിരുന്നു.

ഉച്ച തിരിഞ്ഞ ഉടൻതന്നെ ജനങ്ങൾ വന്നുചേൎന്നുതുടങ്ങി. രാജാവു പട്ടണത്തിൽ എത്തിയതിൽപിന്നെ അദ്ദേഹത്തെ കഥാസ്ഥലത്തേയ്ക്കു എഴുന്നെള്ളിച്ചുകൊണ്ടുപോകാൻ വീണ്ടും ഒരു ഘോഷയാത്ര ആരംഭിച്ചു. നല്ല സ്ഥലം പിടിച്ചുനിന്നു കാഴ്ച കാണുമാനായി അനേകായിരം ജനങ്ങൾ കൂട്ടംകൂട്ടമായി മുമ്പിട്ടു കേറി ഓടിത്തുടങ്ങി. ഘോഷയാത്രാസ്ഥലത്തു് എത്തുമ്പോഴേയ്ക്കു താഴ്‌വര പ്രദേശം മുഴുവൻ തിങ്ങി ഞെരുങ്ങിയ പുരുഷാരം കൊണ്ടു നിറഞ്ഞുപോയിരുന്നു. സ്ത്രീകൾ വളരെ ചുരുക്കം. കൂടിയിരുന്നവരിൽ മുക്കാലേ അരയ്ക്കാലും രാജാവിന്റെ മാവാലികളും ഹെത്കാരികളും തന്നെ. അവരെല്ലാം വേണ്ടവണ്ണം ആയുധം ധരിച്ചിരുന്നു. അതു കണ്ടാൽ എത്ര ധീരമായാലും ഭയപ്പെടുത്തുന്ന തരക്കേടില്ലാത്ത വേണ്ടി

Digitized By Kerala Sahitya Akademi

വന്നാൽ ഏതു സ്ഥലത്തേയ്ക്കെങ്കിലും പടയ്ക്കു പുറപ്പെടാൻ അവർ ഒരുങ്ങി വന്നിരിക്കയാണൊ എന്നു തോന്നും.

ഘോഷയാത്ര സാവധാനത്തിൽ പ്രധാന സ്ഥലത്തെത്തി. ജനങ്ങൾ രണ്ടു വശത്തായി ഒഴിഞ്ഞു. രാജാവു മുമ്പോട്ടു നടന്ന് ആ ചെറിയ തട്ടിന്മേൽ കയറിയിരുന്നു. ഇരിക്കുന്നതിനു മുമ്പുതന്നെ രണ്ടുവശത്തോട്ടും തിരിഞ്ഞുനോക്കി കൈ ഉയർത്തി തലയിൽ വെച്ചുകൊണ്ടു എല്ലാവർക്കും വന്ദനം പറഞ്ഞു. എല്ലാവരും എഴുന്നേററു കൈകൊട്ടി ആർപ്പുവിളിച്ച് അദ്ദേഹത്തിനു വിജയം ആശംസിച്ചു. ആ കോലാഹലം കാടുകൾ നിറഞ്ഞ് തടത്തിലും, മുകളിലുള്ള തുറന്ന പർവ്വതാഗ്രങ്ങളിലും മാറൊലികൊണ്ടു. പിന്നീട് എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു. ബലിയും, കാണിക്കകളും തുടങ്ങുകയും ചെയ്തു.

അവയെ പററി ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ല. ബലിപീഠത്തിന്റെ മുമ്പിൽ താന്ന ജാതിക്കാരുടെ പൂജയായി അവർ അനേകം ആടുകളെ കരുതി കഴിച്ചശേഷം ബാക്കിയുള്ള ചടങ്ങുകൾ എല്ലാം ബ്രാഹ്മണർ തുടന്നു ചെയ്യുന്നു. പാരായണം നടന്നുകൊണ്ടിരിക്കുന്നു. ബലിപീഠത്തെ ചുററി ജനങ്ങൾ പ്രദക്ഷിണം ചെയ്കയും നേർച്ചകൾ ഇടുകയും ചെയ്യുന്നു. വൈദികന്മാർ സൂക്തങ്ങൾ പാടുകയും ദേവിയുടെ സാന്നിദ്ധ്യത്തിന്നായി പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നു. ഒടുവിൽ നിഴലുകളെല്ലാം നീണ്ടു സൂര്യൻ മലയുടെ പിൻഭാഗത്തു മറഞ്ഞു. ഒരു ചെറിയ ഇരുട്ട് താഴ്‌വരയേയും അതിലുള്ള ജനങ്ങളേയും ആകെ മൂടി.

Digitized By Kerala Sahitya Akademi

എന്നാൽ, വേഗത്തിൽ അവിടെയെല്ലാം വെളിച്ചമുണ്ടായി. ആളുകൾ വലിയ ചെമ്പുപാത്രങ്ങളിൽ എണ്ണ പകൎന്നു തോളിൽ എടുത്തുകൊണ്ടു ഇരുമ്പുവിളക്കുകളിലിട്ടിട്ടുള്ള തിരികളുടെ മേൽ കൂടി നിറച്ചു് ഒഴിച്ചു കത്തിച്ചുതുടങ്ങി. ഓരോ വിളക്കും ജ്വലിച്ചു് അതിന്റെ ചുററുമുള്ള ഒട്ടധികം സ്ഥലത്തെ പ്രകാശിപ്പിച്ചു. ക്രമേണ എല്ലാ വിളക്കുകളും കൊളുത്തി. എല്ലാം കൂടി കാഴ്ചയ്ക്കു കൌതുകകരമായും ഭംഗിയായും ഇരുന്നു.

പുരുഷാരം ചരുവിൽ മേൽമേൽ അട്ടക്കട്ടെക്കായി തിങ്ങി ഞെരുങ്ങി എല്ലാഭാഗത്തും നിറഞ്ഞു നിന്നിരുന്നു. അവരുടെ വെളുത്ത ഉടുപ്പുകളും മോടിപിടിപ്പിച്ച തലപ്പാവുകളും രാത്രിയിലെ ആ ദീപജ്വാലയിൽ പകലത്തേക്കാളം അധികം പ്രകാശിച്ചു. ദീപപ്രകാശത്തിന്നടുത്തു നിന്നവരെ എല്ലാം നല്ലവണ്ണം കാണാമായിരുന്നു. മേല്പോട്ടു അകലയകലേ നിന്നവരുടെ രൂപങ്ങൾ ക്രമേണ മങ്ങി മങ്ങി കാണുകയും മുകളിലത്തെ അററത്തു് നിന്നവർ അന്ധകാരത്തിൽ മറഞ്ഞിരിക്കയും ചെയ്തു. താഴെ കഥാരംഗത്തിന്നു സമീപമുള്ള സ്ഥലവും രാജാവിന്റെ ഇരിപ്പിടത്തിന്നു ചുററുമുള്ള ഇടങ്ങളും ഏററവും പ്രകാശിച്ചിരുന്നു. ബലിപീഠത്തിന്റെ മുമ്പിൽ സുഗന്ധദ്രവ്യങ്ങൾ പുകച്ചിട്ടുണ്ടായ ധൂമപടലം പൊങ്ങി മേൽകട്ടിപോലെ എല്ലാവരുടേയും ഉപരിഭാഗത്തു മൂടിനിന്നു. അതിന്നു മുകളിൽ മലയുടെ ഉഗ്രമായ കൊടുമുടികൾ ഭയങ്കരമാംവണ്ണം പൊങ്ങി നിന്നിരുന്നു. അവയുടെ മുകളിൽ കോട്ടകളും ഗോപുരങ്ങളും ദൂരത്തു് അദൃശ്യമാംവണ്ണം ഉയൎന്നു നിന്നു. അവയുടേയും വനവൃക്ഷങ്ങളുടേയും മേൽ അധികം

Digitized By Kerala Sahitya Akademi

രാത്രിയായപ്പോൾ വെള്ളിപോലെ ധവളമായനിലാവെളിച്ചം പരന്നു.

സമയം കഴിഞ്ഞു കഴിഞ്ഞു പോയി. രാജാവും ജനങ്ങളും ഒന്നുപോലെതന്നെ എല്ലാം ശ്രദ്ധവെച്ചു കേൾക്കുകയും കാണുകയും ചെയ്തു കൊണ്ടിരുന്നു. ചിലപ്പോൾ മഹാഭാരത്തിലോ, രാമായണത്തിലോ നിന്നു രസകരമായ ഒരു ഭാഗമെടുത്ത് അഭിനയിക്കുന്നുണ്ടാവും; ചിലപ്പോൾ ഒരു പ്രഹസന നാടകമായിരിക്കും; ചിലപ്പോൾ അടുത്ത ഇതി വൃത്തത്തെ സൂചിപ്പിക്കുന്ന ഗായകന്മാരുടെ പാട്ടായിരിക്കും; ചിലപ്പോൾ പൊതു അഭിനയത്തിന്നു പൂർവ്വാംഗമായി, കൂടിച്ചേന്ന പർവ്വതവാസികളുടെ രസകരമായ ഒരു ഗീതമായിരിക്കും.

നേരം ഏകദേശം പാതിരാവായി. ആ സമയത്തു, ഒരൊററ കുതിരപ്പടയാളി മലയുടെ വളവിൽ കൂടി ചുററി സവാരി ചെയ്തുകൊണ്ടു സാവധാനമായി ജനങ്ങളുടെ ഞെരുക്കം കുറഞ്ഞ സ്ഥലത്തു കടന്നു്, അവിടേ നിന്നു കുതിരയെ മെല്ലേ നടത്തിക്കൊണ്ടു പ്രധാന സ്ഥാനത്തേയ്ക്കു വന്നു ചേരുന്നു. അദ്ദേഹത്തിൻെറ ആഭിജാത്യമുള്ള കുതിര ക്ഷീണിച്ചു കിതയ്ക്കുന്നുണ്ടു്; എങ്കിലും വെളിച്ചവും ജനക്കൂട്ടവും കണ്ടപ്പോൾ തല പൊക്കിക്കൊണ്ടു പരുഷമായും ദീർഘമായും കനെക്കുന്നു. ഉടലിൻെറ രണ്ടു പാർശ്വങ്ങളും ചൂടുപിടിച്ചു് ആവി പൊങ്ങുന്നു. മൂടിയിരിക്കുന്ന വിരിപ്പു മുഴുവൻ നുര കൊണ്ടു നിറഞ്ഞിരിക്കുന്നു. അതുകൊണ്ടു അതു വേഗത്തിൽ ഓടിവന്നതാണെന്നു അറിയാം.

സവാരിചെയ്യുന്ന ആൾ, മറാട്ടക്കുതിരപ്പടയാളികൾ

Digitized By Kerala Sahitya Akademi

സാധാരണ ചെയ്യാറുള്ളതുപോലെ മുഖം മറച്ചു ഒരു കെട്ടു കെട്ടിയിരുന്നു. എന്നാൽ, അടുത്തുവന്നപ്പോൾ മുഖത്തു കെട്ടിയിരുന്ന തുവാൽ അഴിച്ചു. തനാജി മാലുസ്രേയുടെ നിശ്ചലമായ മുഖഭാവവും, ഉജ്വലമായ കണ്ണുകളും എല്ലാവൎക്കും വെളിവാകയും ചെയ്തു. ക്ഷണനേരത്തെക്കു അദ്ദേഹത്തെ ആരും തിരിച്ചറിഞ്ഞില്ല. അദ്ദേഹം അടുത്തു വരുന്നതായി മുകളിലത്തെ അററത്തിരുന്നവർ ആരും സൂക്ഷിച്ചതുമില്ല. അദ്ദേഹത്തെ കണ്ട ഒരാൾ "തനാജി!" എന്നു വിളിച്ചുപറഞ്ഞു. ഉടനെ ആ പേരു ഓരോരുത്തന്റെയും മുഖത്തു നിന്നു ഉച്ചത്തിൽ പുറപ്പെട്ടു. സവാരി ചെയ്യുന്ന ആൾ തന്റെ ചുററും വന്നു നിറയുന്ന ജനബാഹുല്യത്തെ തള്ളിക്കൊണ്ടു മുമ്പോട്ടു കയറുന്തോറും ആ വിളി പൊങ്ങി സ്വാഗതഘോഷമായി ത്തീരുകയും ചെയ്തു. ബലിപീഠത്തിന്നു സമീപം എത്തിയപ്പോൾ തനാജി ഇറങ്ങി കുതിരയെ ഒരു ഭൃത്യനെ ഏല്പിച്ചു. ശിവാജിയും അദ്ദേഹത്തിന്റെ സന്നിധിയിൽ ഇരുന്നിരുന്ന എല്ലാവരും എഴുന്നേററു അദ്ദേഹത്തെ സ്വീകരിപ്പാൻ തുടങ്ങുകയും അദ്ദേഹം രാജാവിരിക്കുന്ന ആ തട്ടിന്മേൽ കയറുകയും ചെയ്തു. രാജാവു് അദ്ദേഹത്തെ സ്നേഹപൂൎവം അഭിനന്ദിച്ചു് ആലിംഗനം ചെയ്തു. ഇദ്ദേഹം വളരെ നാളായി അവിടെ ഇല്ലായിരുന്നു. എന്നാൽ അന്നു വന്നെത്തുമെന്നു പ്രതീക്ഷിച്ചിരുന്നു. എങ്കിലും ആ രാത്രിസമയത്തു് ഏകാകിയായി പെട്ടെന്നുള്ള വരവു അസാധാരണമായ എന്തോ കാൎയ്യത്തെ സൂചിപ്പിച്ചു. അതുകൊണ്ടു ആലിംഗനംചെയ്തു കൈകൾ തിരിയെ എടുക്കുന്നതിനു മുമ്പുതന്നെ ശിവാജി ആ സ്നേഹിതനോടു എന്തു വൎത്തമാനമാണുള്ളതെന്നു ചോദിച്ചു.

Digitized By Kerala Sahitya Akademi

"വ്യസനം എങ്കിലും സന്തോഷം. എന്റെ തിരുമേനി!. വർത്തമാനം ഞാൻ ജട്ടിൽ വെച്ചാണറിഞ്ഞതു്, ഉടനെതന്നെ അവിടത്തോടും നമ്മുടെ ജനങ്ങളോടും അതറിവിക്കുന്നതിനു മുമ്പു ഒരിടത്തും ഇരിക്കുകയൊ വിശ്രമിക്കയോ ചെയ്യുന്നതല്ലെന്നു ഞാൻ തന്നെത്താൻ ശപഥം ചെയ്തു." എന്നു പറഞ്ഞുകൊണ്ടു "സ്വജനങ്ങളേ! എഴുന്നേൽക്കിൻ! ഞാൻ പറയുന്നതു കേൾപ്പിൻ!" എന്നിങ്ങനെ തനാജി പോർക്കളത്തിലെ അതി ഭയങ്കരാരവത്തിന്നിടയിൽ പോലും അവർ കേട്ടറിഞ്ഞിട്ടുള്ള അത്യുച്ചവും സ്പഷ്ടവുമായ തന്റെ സ്വരത്തിൽ വിളിച്ചുപറഞ്ഞു. ജനങ്ങൾ, തൽക്ഷണം എഴുന്നേററുനിന്നു. ഉടനെ ഒരു നിശബ്ദത. ആ അനേകായിരം ആളുകളിൽ ഓരോരുത്തന്റെയും മുഖം ആ ക്ഷണത്തിൽ പ്രസംഗകർത്താവിന്റെ നേരെ തിരിഞ്ഞു. ഏററവും മുകളിലത്തെ നിര തുടങ്ങി ഏററവും താഴത്തെ നിരവരെ ഞെരുങ്ങിനിന്നിരുന്ന ജനങ്ങളിൽ ഓരോരുത്തരും അയാൾ പറവാൻ പോകുന്നതിനെ കേൾപ്പാൻ ഉൽകണ്ഠയോടെ ആഞ്ഞു ചെവികൊടുത്തുകൊണ്ടു നിന്നു.

അയാൾ പറഞ്ഞ "പ്രിയപ്പെട്ട തിരുമേനിയും സ്വജനങ്ങളും കേൾക്കുവിൻ! നമുക്കു ദുഷ്കാലം നേരിട്ടിരിക്കുന്നു നമ്മുടെ അമ്മയായ ഈശ്വരിയെ അവമാനപ്പെടുത്തിയിരിക്കുന്നു. തുൾജാപൂരിലെ അമ്പലം അശുദ്ധമാപ്പെടുത്തിയിരിക്കുന്നു. അതെ (ഇടയിൽ രണ്ടു കയ്യും പൊക്കിപ്പിടിച്ചു് ജനങ്ങൾ നിലവിളിപ്പാൻ പോകുന്നതിനെ തടുത്തുകൊണ്ടു) അഫ്സൽഖാൻ തുൾജാ അമ്പലത്തിലെ അമ്മയുടെ വിഗ്രഹം മറിച്ചിട്ടിരിക്കുന്നു. ദേവസ്വം മുഴ

Digitized By Kerala Sahitya Akademi

വൻ കൊള്ള ചെയ്തു കൊണ്ടുപോയിരിക്കുന്നു. അമ്പലത്തിൽ പൂശാരിയിനെ അറുത്തു ചോരകൊണ്ടു ക്ഷേത്രത്തിൽ അഭിഷേകം കഴിച്ചിരിക്കുന്നു. ഞാൻ പറയുന്നതിൻെറ വാസ്തവം അറിയുന്നതിന്ന അമ്പലത്തിലെ ശ്രീപീഠവും അമ്മയും തന്നെയാണു സാക്ഷികൾ."

ഉടനെ ഒരു വല്ലാത്ത നിലവിളി പുറപ്പെട്ടു; ചിലർ 'ഒപ്പാരി'വച്ചു, ചിലർ വിളിച്ചു കരഞ്ഞു. ചിലർ കൈകൊണ്ടു മുഖത്തു തൊഴിച്ചു; ചിലർ തലപ്പാവു വലിച്ചു താഴത്തെറിഞ്ഞു. ഉടൻ ശിവാജി എഴുന്നേററു നിവൎന്നു നിന്നുംകൊണ്ടു "കേൾക്കുവിൻ!" എന്നു പറഞ്ഞു കാക്കൽ കിടന്ന വാൾ കയ്യിലെടുത്തു "ഇതിൻെറ പേർ ഭവാനി എന്നാണെന്നു നിങ്ങൾ എല്ലാവൎക്കും അറിയാമെല്ലൊ? നോക്കുവിൻ! (എന്നുപറഞ്ഞു പതുക്കെ ഉറയിൽനിന്നു വാൾ ഊരിക്കൊണ്ടു) "ഇവളുടെ മുഖം പ്രസന്നമായും സുന്ദരമായുമിരിക്കുന്നു. അത്തു ചോരപുരണ്ടു മങ്ങും. ഇവൾ മതിയാവോളം ചോര കുടിച്ചുകൊള്ളട്ടെ! ഞാൻ ഉറപ്പിച്ചു കഴിഞ്ഞു. അതുകൊണ്ടു "ഹരഹര മഹാദേവാ" എന്നു എൻെറ വിളി കേൾക്കുമ്പോൾ നിങ്ങൾ ആരംഭിച്ചുകൊള്ളുവിൻ".

ഇങ്ങിനെ പറഞ്ഞു് വാളുറ തറയിൽ ഇട്ടുകളഞ്ഞിട്ടു് തിളങ്ങുന്ന ആ വാൾ ആകാശത്തേക്കു പൊക്കി ചുഴററി. രാജാവിൻെറ വാക്കു കേട്ടപ്പോൾതന്നെ കോപത്താൽ ജനങ്ങളുടെ രക്തം തിളച്ചുകഴിഞ്ഞു. അദ്ദേഹത്തിൻെറ ഈ പ്രവൃത്തി അതിനെ മിക്കവാറും ദുൎന്നിവാരമാക്കിത്തീൎക്കയും ചെയ്തു. ആ മുഴുവൻ ജനക്കൂട്ടത്തിൽ വാൾ ധരിച്ചിരുന്ന

Digitized By Kerala Sahitya Akademi

വരിൽ ഒരുത്തനെങ്കിലും രാജാവു ചെയ്തപോലെ ഉടനെ വാറം വലിച്ചൂരി ചുഴററാതിരുന്നില്ല. ജനങ്ങറം അങ്ങോട്ടുമിങ്ങോട്ടും തിരിയുമ്പോറം ജ്വലിക്കുന്ന തേച്ചുമിനുക്കിയ വാളിൻെറ ദീപ്തിയും "ഹരഹര മഹാദേവാ" എന്ന ക്രോധയുക്തമായ പഴയ യുദ്ധത്തിലെ ആർപ്പുവിളികളും ആ കോപാന്ധരായ പടയാളികളെ അതിലുമധികം ക്ഷോഭിപ്പിച്ചു.

ഒടുവിൽ എല്ലാവരും നിശ്ശബ്ദരായിനിന്നു. ജനങ്ങറം അവിടെനിന്നു അപ്പോറംതന്നെ ശത്രുക്കളുടെ നേരെ യുദ്ധത്തിനു പുറപ്പെടാൻ പോകുകയാണെന്നു തോന്നി. എന്നാൽ അതിന്നു ഇനിയും സമയമായിട്ടില്ല. ബഹളത്തിനിടയിൽ മാലുസ്രേ, അഫ്സൽഖാൻെറ സൈന്യം പുറപ്പെട്ടിരിക്കയാണെന്നും അതിനെ തടുക്കാൻ വേണ്ടതു ഉടനെ ചെയ്യേണ്ടതാണെന്നും രാജാവിനോടു പറഞ്ഞിട്ടുണ്ടായിരുന്നു. അതുകൊണ്ടു അദ്ദേഹം വീണ്ടും എല്ലാവക്കും കേറംക്കത്തക്കവണ്ണം തൻെറ മന്ദ്രനാദംപോലെ മുഴങ്ങുന്നതും സ്പഷ്ടവുമായ സ്വരത്തിൽ പറഞ്ഞു.

"ഇപ്പോറം അല്ല പ്രിയജനങ്ങളെ! ഇപ്പോറം അല്ല. ദേവിക്കു വേണ്ടി പ്രതികാരം ചെയ്വാൻ നാം പ്രതിജ്ഞ ചെയ്തിട്ടുണ്ടെങ്കിൽ അവറം അവസരം കാത്തിരിക്കയും ശത്രുക്കളെ നമ്മുടേ കയ്യിൽ കൊണ്ടുവന്നു വിട്ടുതരികയും ചെയ്യും. എന്നിട്ടു അവറം രക്തംകുടിച്ചു പരിപൂർണ്ണതൃപ്തിയേ പ്രാപിക്കും. അതുകൊണ്ടു് സംശയിക്കേണ്ട. ഈ വർത്തമാനം ഭയംകരമാണെങ്കിലും നല്ലതാണു്. പ്രതികാരം ചെയ്വാനായി ഐകമത്യത്തോടേ ഒത്തൊരുമിച്ചു

Digitized By Kerala Sahitya Akademi

ഘോഷിക്കുന്നതിന്നു ഇതു നമുക്കധികം അവസരം നല്കിയതു കൊണ്ടു നാം സന്തോഷിക്കുക; ചിരിയേ നാം ഇരിക്കുക; കളിക്കാരേ! നിങ്ങൾ കളിക്കുവിൻ! ശിവാജി ഭോസിലേയും ക്രൂരനാം അഫ്സൂൽഖാനെ പേടിച്ചു കഥയുംവിട്ടു ഓടിപ്പോയി എന്നു ആരെങ്കിലും പറയാമോ?

ഉടൻ ഒരു നാട്ടുംപുറത്തുകാരൻ ചാടി എണീററ് ഒരു കരണം മറിഞ്ഞു് തറയിൽ ഇരുന്നു കൈകൾ രണ്ടും കാൽമുട്ടിന്മേൽ വെച്ചു പരിഹാസമായി ഗൌരവം നടിച്ചു തലയും ആട്ടിക്കൊണ്ടു പറഞ്ഞു: "സ്നേഹിതന്മാരേ! ഇതിന്റെ താല്പര്യം എന്തെന്നാൽ, നമ്മുടെ സ്വാമിഖാനെ താൻതന്നെ കൊല്ലുമെന്നും, ദേവി അവനെ തിന്നുമെന്നുമാകുന്നു; സംശയമില്ല. അവൾക്കു വലിയ വിശപ്പായി. വാസ്തവത്തിൽ വിശപ്പായി. വിശന്നിരിപ്പാൻ ആരെങ്കിലും ഇഷ്ടപ്പെടുമോ? ക്രൂരരേ! എന്റെ കാര്യം പറഞ്ഞാൽ, ഊണു നിവൃത്തിയില്ലായ്കയോ ഊണു് വെടിപ്പാകാതിരിക്കയോ ചെയ്താൽ എനിക്കു ദേഷ്യം പിടിക്കും. ഞാൻ എന്റെ ഭാര്യയെ തല്ലുകയും ചെയ്യും. ദേവിയും അങ്ങിനെതന്നെയെന്നു ഞാൻ പറയുന്നു. അവൾക്കു വിശപ്പായാൽ ലോകത്തൊന്നും ശരിയായി നടക്കയില്ല. അതുകൊണ്ടു എന്റെ കുട്ടികളേ! നിങ്ങൾ സ്വാമികല്പിക്കുമ്പോൾ പുറപ്പെട്ടു നല്ല വേല ചെയ്തു് അവൾക്കു ധാരാളം ആഹാരം ശേഖരിച്ചു കൊടുക്കണം. കേട്ടോ!"

ഈ വിദൂഷകന്റെ വിലക്ഷണമായ പ്രസംഗം കേട്ടും ആംഗ്യങ്ങൾ കണ്ടും ജനങ്ങൾ ചിരിക്കയും കഥ അനുവർത്തിക്കയും ചെയ്തു. അതിനിടയിൽ ശിവാജി തന്റെ സ്നേഹിതനായ മാല്യശ്രീയുടെ മുഖത്തുനിന്നു തുൾജാപൂരി

Digitized By Kerala Sahitya Akademi

ലെ കൊള്ളയെ സംബന്ധിച്ച സകല വിവരവും കേട്ട റിഞ്ഞു.

തന്റെ കീഴിൽ അപ്പോൾഉള്ള ജനങ്ങളുമായി അഫ്സൽഖാനോട്ട എതൃത്തു യുദ്ധം ചെയ്യാൻ ഒരുങ്ങുന്നതായാൽ അതു ശുദ്ധ ഭ്രാന്തായിരിപ്പാനേ തരമുള്ളു എന്നു ശിവാജിക്ക മുമ്പിലത്തേക്കാൾ ഇപ്പോൾ നല്ലവണ്ണം മനസ്സിലായി. കീഴടങ്ങികൊള്ളാമെന്നു പറഞ്ഞു വല്ല സൂത്രങ്ങളും പ്രയോഗിച്ച അയാളേ ഈ കാട്ടു പ്രദേശത്തേക്ക കൊണ്ടുവരികയാണ് വേണ്ടത്. അവിടെ അയാളുടെ കുതിരപ്പടയും ഭീരംകികളും നിഷ്പ്രയോജനമായിരിക്കും. ആ കാട്ടിൽ അപ്പോൾ ഹാജരുള്ള ജനങ്ങൾതന്നേ മുസൽമാന്മാരുടേ പതിനായിരം കാലാൾപടയോട്ട എതൃക്കുന്നതിന്ന ധാരാളം മതിയായിരിക്കുന്നതുമാണ്. അതുകൊണ്ടു അഫ്സൽഖാന്റെ പാളയത്തിലേക്ക ദൂതനെ അയപ്പാൻ തീർച്ചയാക്കി. അതിനിടയ്ക്കുതന്നെ അഫ്സൽഖാന്റെ സ്ഥാനാപതി ഈ രാജാവിന്റെ അടുക്കലേക്ക പുറപ്പെട്ടിരിക്കുന്നു. രാജാവിന്റെ ഉദ്ദേശം സാധിപ്പാൻ അതു വലിയ എളുപ്പമായും തീൎന്നു.

---

## അഞ്ചാം അദ്ധ്യായം.

---

### സ്ഥാനാപതിയുടെ ആഗമനം.

മറാട്ട രാജാവായ ശിവാജിക്ക ആ മുഹമ്മദീയ സേനാപതിയുടെ അടുക്കൽ നിന്നു ഒരു സ്ഥാനാപതി വന്ന

Digitized By Kerala Sahitya Akademi

ത്തു് വലിയ കാൎയ്യമാണു്. ഉദ്ദേശ സാദ്ധ്യത്തിനായി അ
യാളുടെ പാളയത്തിലേക്കു ദൂതനെ അയക്കണമെന്നു നി
ശ്ചയിച്ചതിൽ ശിവാജിക്കുള്ള നോട്ടം സംശയത്തിനു
ഒന്നിനും ഇടകൊടുക്കരുതെന്നായിരുന്നു. താൻ ദുൎബ്ബല
നാണെന്നും മുഹമ്മദീയരോടു എതിൎപ്പാൻ ഉദ്ദേശിച്ചിട്ടി
ല്ലെന്നും അവൎക്കു കീഴ്‌വഴങ്ങാനാണു് വിചാരിക്കുന്നതെ
ന്നും സ്ഥാനപതിക്കു തോന്നാൻ വേണ്ടിയായിരുന്നു അ
ദ്ദേഹത്തിന്റെ ഈ ശ്രമം. വാസ്തവത്തിൽ ഒരു ഭയങ്കരയുദ്ധ
ത്തിനു അദ്ദേഹം ഒരുക്കം കൂട്ടികൊണ്ടാണിരുന്നതു്. അ
തു അദ്ദേഹത്തിന്റെ ആപ്തമിത്രങ്ങൾ മാത്രമേ അറി
ഞ്ഞിട്ടുള്ളു. "സമയം വരുമ്പോൾ ദേവിയുടെ കല്പന അ
നുസരിച്ചു ഞാൻ പ്രവൃത്തിക്കും" എന്നു അദ്ദേഹം പറ
ഞ്ഞു അത്രേ.

അഫ്സൂൽഖാന്റെ സ്ഥാനപതിയായ പണ്ഡോജി
ഗോപിനാഥനെ ഏററവും ബഹുമാനപൂൎവ്വം സ്വീകരിച്ചു
കോട്ടയ്ക്കു ഏതാനും നാഴിക അകലേവെച്ചുതന്നെ കുറേ
ബ്രാഹ്മണരും, പട്ടാളത്തിലേ താഴ്‌ന്നതരം ഉദ്യോഗസ്ഥ
ന്മാരും പ്രതിനിധികളുടെ നിലയിൽ അദ്ദേഹത്തെ
ചെന്നു കാണുകയും എതിരേററു നഗരത്തിലേക്കു കൂട്ടി
കൊണ്ടു പോരുകയും ചെയ്തു. അദ്ദേഹത്തിനു പ്രത്യേകം
ഒരു വസതി തയ്യാറാക്കിയിരുന്നു. രാജാവിന്റെ സേവ
കന്മാരെ അദ്ദേഹത്തെ ശുശ്രൂഷിപ്പാനും നിയോഗിച്ചിരു
ന്നു. അദ്ദേഹത്തിന്റെ അകമ്പടിക്കാൎക്കു വേണ്ട വിഭവ
ങ്ങളും കുതിരകൾക്കു വേണ്ട തീററികളും ധാരാളം സംഭരിച്ചു
കൊടുത്തു. അവരോടു് എല്ലാം അത്യന്തം സ്നേഹത്തോടും
ഔദാൎയ്യത്തോടും പെരുമാറുകയും ചെയ്തു.

Digitized By Kerala Sahitya Akademi

പിറെറ ദിവസം രാജാവുമായി കൂടികാഴ്ചയുക്ക തീൎച്ച്യയാക്കി. സമയം സ്ഥാനപതിയുടെ ഇഷ്ടംപോലെ തീൎച്ച്യയാക്കികൊൾവാൻ അനുവാദം കൊടുത്തു. പുരോഹിതന്മാർ നിശ്ചയിച്ച ഒരു ശുഭമുഹൂൎത്തത്തിൽ അദ്ദേഹത്തെ പല്ലക്കിൽ എടുത്തു മലമുകളിൽ കോട്ടവാതുക്കലേയ്ക്കു കൊണ്ടുചെന്നു. അവിടേ അദ്ദേഹത്തിന്റെ മുമ്പിൽ ആടുകളെ ബലികഴിക്കയും കോട്ടയിൽനിന്നു ആചാരവെടികൾ വെക്കയും, കുഴൽ, കൊമ്പു്, തമ്പേറു മുതലായവയുടെ മിശ്രമായ ഒരു കോലാഹലം കൊണ്ടു അദ്ദേഹത്തിനു സ്വാഗതം ആചരിക്കയും ചെയ്തു. അപ്പോൾ കോട്ടവാതൽ കാക്കുന്ന ഭടന്മാരും കോട്ടയിലുള്ള മററു പട്ടാളങ്ങളും രണ്ടു ഭാഗത്തായിട്ടു കൊട്ടാരംവരേ അണിനിരന്നു. സ്ഥാനപതിയുടെ പല്ലക്കു് അതിന്റെ മദ്ധ്യത്തുകൂടി എടുത്തുകൊണ്ടുപോയി; കൂടേ ഉണ്ടായിരുന്ന കവികളും സ്തുതിപാഠകന്മാരും, ബീജപ്പൂർ മഹാരാജാവിന്റെ അപദാനങ്ങളേ വിളിച്ചുപറകയും, പട്ടാളങ്ങൾ അണിയൊടിവെക്കയും ചെയ്തുകൊണ്ടിരുന്നു. കൊട്ടാരത്തിന്റെ മുമ്പിൽ എത്തിയപ്പോൾ ചുമട്ടുകാർ പല്ലക്കു താഴേ ഇറക്കി; അവിടെ രാജാവായ ശിവാജി സ്ഥാനപതിയെ കാത്തിരിക്കുന്നുണ്ടു്.

കാഴ്ചയിൽ അദ്ദേഹം ഒരു നിസ്സാരനായ ചെറിയ മനുഷ്യനാണു്. നിറം കറുപ്പും പ്രായം ചെറുപ്പവുമാണു്. തലപ്പാവിന്മേൽ ഒരു രത്നാഭരണം മാത്രം ധരിച്ചിട്ടുണ്ടു്. യാതൊരു മോടിയുമില്ലാത്ത വെറും സാധാരണ വസ്ത്രങ്ങളാണു് ധരിച്ചിട്ടുള്ളതു്; എന്നുതന്നെയല്ലാ കഥാവസരത്തിൽ അദ്ദേഹം ഇരിപ്പാൻ ഉപയോഗിച്ചിരുന്ന കസവു

Digitized By Kerala Sahitya Akademi

ചാറവട്ട കൂടിയും ഇപ്പോൾ അദ്ദേഹത്തിന്റെ ആസന ത്തിന്മേലിട്ടിട്ടില്ല. ഇതു കണ്ടപ്പോൾ ഈ രാജാവിന്റെ മാഹാത്മ്യത്തെപ്പററി പാടി കേട്ടിട്ടുള്ള പാട്ടുകളിലും പറ ഞ്ഞു കേട്ടിട്ടുള്ള കഥകളിലും നാടെങ്ങും പരന്നിരിക്കുന്ന പൊതുജന വിശ്വാസത്തിലും അടങ്ങിയ കേമമായ സം ഗതികളെകുറിച്ചു പണ്ഡിതജി ഗോപീനാഥന്നു വളരെ കൌ തുകം തോന്നി. ഇതാണോ ആ അവതാര പുരുഷൻ? ഈ മനുഷ്യനാണോ ഹിന്ദുമതത്തെ അപായത്തിൽ അ ല്ലെങ്കിൽ അയശസ്സിൽ നിന്നെങ്കിലും ഉദ്ധരിപ്പാൻ പോകുന്നതു്? ഇയാളാണോ ബ്രാഹ്മണരെ രക്ഷിക്കയും വേദാദ്ധ്യയനത്തിന്നു സഹായിക്കയും ദേവാലയങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യാൻ പോകുന്നതു്? അതു മല്ല, ഭയംകരന്മാരായ അബ്സിനിയന്മാരും, പൊടിപ്പേ റിയ ഡക്കാൻകാരുമായ പടയാളികളെകൊണ്ടു നിറഞ്ഞ ബീജപ്പൂരിലെ സൈന്യങ്ങളെയും അവിടത്തെ കേമമാ യ പീരങ്കിപ്പട്ടാളത്തേയും തോല്പിപ്പാൻ പോകുന്ന മനുഷ്യ ൻ ഇതാണോ? പടയാളികളും യുദ്ധ സാമഗ്രികളും ഒന്നും അവിടെ കാണ്മാനില്ലായിരുന്നു. കോട്ട വളരെ ബലമുള്ള തായിരുന്നു എന്നുള്ളതു സത്യം തന്നെ; എന്നാൽ അതി നെ രക്ഷിക്കുന്ന സൈന്യം വളരെ ചെറുതും, അപ്പോൾ തന്നെ സമീപത്തു എത്തീട്ടുള്ള അനേകായിരം യോദ്ധാ ക്കളടങ്ങിയ ബീജപ്പൂരിലെ സൈന്യത്തോടു എതൃത്തു നി ല്പാൻ തീരെ മതിയാകാത്തതും ആയിരുന്നു.

സ്ഥാനപതി രണ്ടുവശത്തും അണിനിരന്നു നിന്നിരു ന്ന പട്ടാളങ്ങളുടേയും, ജീവനക്കാരുടേയും ഉയന്ന ഉദ്യോഗ സ്ഥന്മാരുടേയും മദ്ധ്യേകൂടി കടന്നു ആസ്ഥാനമണ്ഡപ

Digitized By Kerala Sahitya Akademi

ത്തിലേക്കു ചെല്ലുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ കൂടി മേല്പറഞ്ഞ വിചാരങ്ങൾ ശീഘ്രമായി കടന്നു പോയ്ക്കൊണ്ടിരുന്നു. പണ്ഡിറ്റ്ജി ഗോപിനാഥൻ ഒരു വലിയ മനുഷ്യൻ ആണെന്നു പറഞ്ഞാൽ എല്ലാ അർത്ഥത്തിലും അതു ശരിയായിരിക്കും. അദ്ദേഹത്തിന്റെ ശരീരം വളരെ വലുതാണ്. വളരെ തടിച്ചിട്ടാണ്, മുമ്പോട്ടു അധികം വളഞ്ഞിട്ടുണ്ട്. തലയിൽ ഒരു വെളുത്തകാശ്മീർ സാൽവാ ചുററി കെട്ടീട്ടുണ്ട്. അതുകൊണ്ടു തല കുറെക്കൂടി വലിപ്പമുള്ളതായി തീർന്നിരിക്കുന്നു. നടക്കുമ്പോൾ അദ്ദേഹം തല രണ്ടുവശത്തോട്ടും ആട്ടുകയും അപ്പോൾ വലിഞ്ഞു തൂങ്ങുന്ന കവിളുകൾ തുള്ളിക്കൊണ്ടിരിക്കയും ചെയ്യുന്നു. കണ്ണുകൾ വലിപ്പമുള്ളതാണ്. എന്നാൽ അവ ചുവന്നും ആർദ്രമായും ഇരിക്കുന്നു. താഴത്തെ ചുണ്ടു തടിച്ചു രണ്ടററത്തും വലിയ ചുളുകൾ വീണിട്ടുണ്ട്. ഇതു് അദ്ദേഹത്തെ ഒരു ആഡംബരപ്രിയനും അഹങ്കാരവുമുള്ള മനുഷ്യനാണെന്നു വ്യഞ്ജിപ്പിക്കുന്നു.

ഇങ്ങിനെ ഒക്കെ ആണെങ്കിലും ഈ ബ്രാഹ്മണൻ കൌശലവും സാമർത്ഥ്യവുമുള്ള ഒരാളാണ്, ഭാഗികനെങ്കിലും ധീരനുമാണ്, രാജാവിനെ അയാൾ അഭിവാദ്യം ചെയ്തു. അദ്ദേഹം അയാളെ കേശാദിപാദം ഒന്നു നോക്കി. ആ നോക്കുന്ന ദൃഷ്ടികൾ തന്റെ ഉള്ളു മുഴുവൻ കണ്ടു എന്നു അയാൾക്കു തോന്നി. ഇങ്ങിനെ നോക്കിയത്, രാജാവു അയാളെപററി വലിയ കാര്യമായി വിചാരിച്ചിട്ടായിരിക്കാം; നിസ്സാരമായി വിചാരിച്ചിട്ടും ആയിരിക്കാം. എന്താണെന്നു അയാൾക്കു നിശ്ചയിപ്പാൻ തരമില്ല. അതെങ്ങിനെ എങ്കിലും ആകട്ടെ! അദ്ദേഹത്തിന്റെ കണ്ണുകൾ അയാ

Digitized By Kerala Sahitya Akademi

ളുടെ സ്വന്തരാജാക്കന്മാരും ഉദ്യോഗസ്ഥന്മാരുമായ മുസ ൽമാന്മാരുടെ കണ്ണുകളേപ്പോലെ അല്ലായിരുന്നു. അവരു ടെ കണ്ണുകൾ ഒരുത്തന്റെ വെളിയിലുള്ള ആകൃതിയെ മാത്രമേ കാണാറുള്ളു. അവർ നിയമേന ഇയാൾ പ റയുന്നതൊക്കെയും സമ്മതിച്ചുകൊള്ളും; ചിലപ്പോൾ ക്രോ ധാവിഷ്ടരായി തുള്ളിച്ചാടും. അതു ഇയ്യാൾ ഒരിക്കലും വ കവെയ്ക്കാറും ഇല്ല. ഈ കണ്ണുകൾ നേരേ മറിച്ച് സദാ അശ്രാന്തങ്ങളും സംഗതികൾ കണ്ടുപിടിപ്പാൻ അത്യുത്സു കങ്ങളും ആയിരുന്നു. അതുകൊണ്ടു് തന്റെ ഹൃദയത്തി ന്റെ ഏതു ഭാഗത്തും ഒളിച്ചുകിടക്കുന്ന ഗൂഢാശയങ്ങളെ കൂടി അവ കാണുകയും മനസ്സിലാക്കുകയും ചെയ്തു കഴി ഞ്ഞു എന്നു അയാൾ വിചാരിച്ചുപോയി.

പക്ഷേ ഈ ബ്രാഹ്മണനു തന്റെ ജീവിതത്തിൽ ഇപ്പോൾ ആദ്യമായിട്ടായിരിക്കും ആത്മവിശ്വാസം ന ഷ്ടമായതു്; എന്നാൽ അതൊന്നും പുറത്തു കാണിപ്പാനു ള്ള സമയമല്ല ഇതു്. വീണ്ടും ധൈര്യം നടിച്ചു കൊണ്ടു അഭിവാദ്യം ചെയ്തു, രാജാവിന്റെ മുമ്പിൽ ത നിക്കായി ചൂണ്ടിക്കാണിച്ച ആസനത്തിൽ "രാമചന്ദ്ര!" എന്നു് ഉച്ചത്തിൽ പറഞ്ഞു കൊണ്ടു (അതു അയാളുടെ ശീലമാണു്) അയാൾ ഇരുന്നു. രാജസഭയിലേക്കു ഏററവും സമുചിതമായ സമ്പ്രദായത്തിൽ വീരാസനം ബന്ധിച്ച് കൈകൾ രണ്ടും ഗൗരവ ഭാവത്തോടെ കാൽമുട്ടുകളിന്മേൽ വെച്ചുകൊണ്ടാണു് അയാൾ ഇരുന്നതു്. എന്നിട്ടു മേ ൽ മീശകൾ മേല്പോട്ടു മുറുക്കി കേററി; സഹജമായ ധൈ ര്യം തിരികെ വന്നുഎന്നും അയാൾക്കു തോന്നി.

മറ്റാലോചനകളെപ്പററി നമുക്കു വിസ്തരിച്ചറിഞ്ഞി

Digitized By Kerala Sahitya Akademi

ട്ടു് ആവശ്യമില്ലല്ലോ. സ്ഥാനാപതി അയാളുടെ സന്ദേശം അനുസരിച്ചു് ആദ്യം രാജാവു ചെയ്യുന്ന അക്രമങ്ങളെയും ദ്രോഹങ്ങളേയും പററിയും പിന്നീട്ടു താൻ പ്രാതിനിധ്യം വഹിക്കുന്ന മഹാരാജാവിന്റെ അനേകനാ വിവേകം ഇവയെപ്പററിയും സംസാരിച്ചു. കാലേക്കൂട്ടി കീഴടങ്ങുന്നതായാൽ ഏതു ന്യായമായ അപേക്ഷയും കേൾപ്പാൻ മഹാരാജാവു് എപ്പോഴും തയാറാണെന്നും, മറാട്ടികൾ യുദ്ധത്തിൽ ജയിക്കുന്നകാര്യം അസാദ്ധ്യമാകയാൽ ഏതുകന്നതു് വിഡ്ഢിത്തമായിരിക്കുമെന്നും അയാൾ പറഞ്ഞു.

മറുപടി രാജാവു് തന്നെ നേരിട്ടു പറഞ്ഞില്ല. അദ്ദേഹം സ്ഥാനാപതിയുടെ മുഖത്തിനിന്നു ദൃഷ്ടി ഇനിയും പിൻവലിച്ചിട്ടില്ല. ആ സ്ഥിരമായ നോട്ടംകൊണ്ടു താൻ അധികമധികം പരുങ്ങലിലായതായി അയാൾക്കു തോന്നി. അദ്ദേഹത്തിന്റെ ഒരു ബ്രാഹ്മണ ഉദ്യോഗസ്ഥനായ കൃഷ്ണാജിഭാസ്കരൻ ഈ സന്ദേശത്തിനു വാക്യാൎത്ഥത്തോടുകൂടി ആണെങ്കിലും സബഹുമാനമായി ഉത്തരം പറഞ്ഞു. "എന്താണു് ചെയ്തിട്ടുള്ളതു്? മുസൽമാൻ മഹാരാജാവു് തന്റെ ഉദ്യോഗസ്ഥന്മാരിൽ ചിലർ മറാട്ടികളോടു പ്രവൃത്തിച്ച അക്രമങ്ങളെ പററി അവർ സങ്കടം പറഞ്ഞിട്ടു് ഒരു രക്ഷയും നല്കിട്ടില്ല. വേറേ നിവൃത്തിയില്ലെന്നു കണ്ടപ്പോൾ അവർ ആ ക്രൂരരേ തടുത്തു. അവർ ഒരിക്കലും എതിൎപ്പാൻ വിചാരിച്ചില്ല. ഇങ്ങിനേ ചെയ്യുന്നതു് മലനാട്ടുകാരുടെ സമ്പ്രദായമാണു്; ഊരുകാർ തമ്മിൽത്തന്നെ ഇങ്ങിനെയുള്ള പിണക്കങ്ങൾ ഉണ്ടാകാറുണ്ടു്. പിന്നെ ഇതെല്ലാം സ്വകാര്യസംഗതികളാണു്. അതുകൊണ്ടു സ്വകാര്യമായി പറഞ്ഞ

Digitized By Kerala Sahitya Akademi

തിക്കുന്നതാണ് അധികം നല്ലത്. അഫ്സൂൽഖൻ മുഖേനതന്നെ അതൊക്കെ ആലോചിച്ചു ശരിപ്പെടുത്താനാണ് രാജാവ് അഗ്രഹിക്കുന്നത്. അദ്ദേഹത്തോടു എതൃക്കാൻ ഞങ്ങൾക്കിവിടെ എന്താണുള്ളത്! രക്ഷയ്ക്കായുള്ള സങ്കേതങ്ങളോ അദ്ദേഹത്തിൻെറ വലിയ സൈന്യത്തെ തടുത്തു നില്പാൻ വേണ്ട കോപ്പുകളൊന്നും ഞങ്ങൾക്കില്ലെല്ലോ" എന്നു പറഞ്ഞു അവസാനിപ്പിച്ചു;

ഉടനെ ഒരു പുഞ്ചിരിയോടുകൂടി ശിവാജി പറഞ്ഞു "നിശ്ചയമായും ഇതു 'എറുമ്പിൻകൂട്ടു നശിപ്പിപ്പാൻ ആനപ്പട, എന്ന പഴഞ്ചൊല്ലുപോലെ ആണ് ഞങ്ങളോടുള്ള ഈ ഒരുക്കങ്ങൾ. അതുകൊണ്ടു മഹാനായ ഖാൻ ഇവിടേ താമസിച്ചു ഇപ്പോൾ എൻെറ കീഴിലിരിക്കുന്ന രാജ്യം ഏറെറടുത്തു കൊള്ളുമെങ്കിൽ ഞാൻ സന്തോഷപൂർവ്വം അതു അദ്ദേഹത്തിനു വിട്ടുകൊടുത്തു അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥന്മാരിൽ ഒരാളായികൊള്ളാവുന്നതാണ്. താങ്കൾ ഇതു അദ്ദേഹത്തെ അറിവിക്കുമല്ലോ"

ചേർത്തുവച്ചിരുന്ന കൈരണ്ടും ഉയർത്തികൊണ്ടു ബ്രാഹ്മണൻ മറുവടിപറഞ്ഞു. "നിശ്ചയമായും അറിവിക്കാം തിരുമേനി. പഴയ സുൽത്താൻെറ കാലത്തു അവിടത്തെ അച്ഛൻ തടവിൽ പാർത്തിരുന്നപ്പോൾ അഫ്സൂൽഖാൻ അദ്ദേഹത്തെ എത്ര സഹായിച്ചിരുന്നു എന്നും അദ്ദേഹത്തിന്നു തടവിലുള്ള നിർബന്ധങ്ങൾ ഖാൻെറ ദയാശീലംനിമിത്തം എത്ര ലഘുവായിത്തീർന്നിരുന്നു എന്നും ബീജപ്പൂരിലുണ്ടായിരുന്ന ഞങ്ങൾ എല്ലാം നല്ലവണ്ണം അറിഞ്ഞിട്ടുള്ളതാണ്. ഹാ! അദ്ദേഹം എത്ര ദയാലുവും

Digitized By Kerala Sahitya Akademi

ഔദാൎയ്യശാലിയുമാണ്! അദ്ദേഹത്തിന്ന അവിടത്തോടു പ്രത്യേകവിരോധം യാതൊന്നുമില്ല തിരുമേനി!

രാജാവ് നല്ല മുഖഭാവത്തോടേ മറുവടി പറഞ്ഞു. അതങ്ങിനെ തന്നെയൊ അല്ലയൊ എന്നുള്ളതെങ്കിലും ഞങ്ങൾ തമ്മിൽ നേരിട്ടുതന്നെ കണ്ടറിയേണ്ടതാണ്. തട്ടുകാരനൊ എത്രകാരനോ ഉള്ള ഒരുക്കങ്ങൾ ഒന്നും ഇവിടെ കാണുന്നില്ലെന്നുള്ളതിന്ന താങ്കൾതന്നെ സാക്ഷിയാണല്ലൊ. അതുകൊണ്ട് അദ്ദേഹം എത്ര വേഗത്തിൽ വരുമൊ അത്രയും നല്ലത്. അദ്ദേഹത്തേയും സൈന്യത്തേയും ധൃതികൂട്ടുവാൻ ഞങ്ങൾക്ക കഴികയില്ലല്ലോ. ഞങ്ങളുടെ മതത്തിന്ന എതിരായി (ജഹാദിൽ) മതയുദ്ധം ചെയ്യേണമെന്ന അദ്ദേഹം പ്രസംഗിച്ചു വരുന്നതായി കേൾക്കുന്നു. ജഹാദിന്ന പകരം മലനാട്ടുകാരായ ഞങ്ങളുടെ അപരിഷ്കൃതമായ ആതിഥ്യം സ്വീകരിപ്പാൻ അദ്ദേഹത്തിന്ന നല്ലമനസ്സുണ്ടാകുമെങ്കിൽ ആ സൽക്കാരത്തിന്ന വേണ്ട സമാധാനപൂൎവ്വമായ ഒരുക്കങ്ങൾ എങ്കിലും ഞങ്ങൾക്ക ചെയ്യണം.

സഭയിൽ സ്വല്പനേരത്തേക്ക പിന്നേ ആരും മിണ്ടിയില്ല. മിണ്ടാൻ വിചാരിച്ചേതുമില്ല. മംഗളകൎമ്മം നടത്തിക്കൊണ്ടിരുന്നവരിൽ പ്രധാനി, രാജാവു കാണിച്ച ആംഗ്യം മനസ്സിലാക്കി പുഷ്പങ്ങളും താംബൂലവും കൊണ്ടുവന്ന സ്ഥാനപതിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും കൊടുത്തു.

രാജാവ് എഴുന്നേററു "എല്ലാവരും പൊയ്ക്കൊള്ളുവിൻ. ഈ മാന്യന്മാരെ സുഖമായി താഴത്തേക്ക കൂട്ടികൊ

Digitized By Kerala Sahitya Akademi

ണ്ടുപോയി ആക്കണം, എന്നു പറഞ്ഞു. ഉടനെ സഭ പിരിഞ്ഞു. വളരേ ആളുകൾ ഒന്നായി എഴുന്നേൽക്കുന്ന അവസരത്തിനിടയിൽ തന്നത്തെ പ്രാസംഗികനും രാജാവിന്റെ അതിവിശ്വസ്തരായ ഉദ്യോഗസ്ഥന്മാരിൽ ഒരാളുമായ ബ്രാഹ്മണനോടു "കൃഷ്ണാജി, ഖാന്റെ സ്ഥാനപതിക്ക അയാളുടേ കൂടി വന്ന ആളുകൾ ആരും പാർപ്പിച്ചു താമസിക്കാതെ പ്രത്യേകം ഒരു മുറി ഒഴിച്ചു കൊടുത്തേയ്ക്കണം. എനിക്ക ഇന്നു രാത്രി അയാളെ സൌകൎയ്യമായി ചെന്നു കാണണം. താൻകൂടി ഉണ്ടായിരിക്കണം. ഒന്നാമത്തെ പാറാവു ഉണൎത്തുമ്പോൾ ഞാൻ തന്റെ അടുക്കൽ എത്തും" എന്നു രാജാവു ചെവിയിൽ മന്ത്രിച്ചു.

---

## ആറാം അദ്ധ്യായം.

### സ്ഥാനപതിയെ പാട്ടിലാക്കുന്നതു്.

---

രാജാവു അകായിലേക്ക കടന്നപ്പോൾ അമ്മ തന്റെ വിടെ കോട്ടവാതലിൽ നിന്നു താഴത്തേയ്ക്കുള്ള വഴിയിൽ നോക്കിക്കൊണ്ടു ജനവാതലിന്നുക്കൽ തനിയെ ഇരിക്കയായിരുന്നു.

രാജാവു:—അമ്മേ, ഖാന്റെ സ്ഥാനപതിയെ കണ്ടോ? വിഡ്ഢിയും ദുർബ്ബുദ്ധിയും അഹംകാരിയുമായ വല്ല മുസൽമാനുമായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചതു. ഒരു ബ്രാഹ്മണനെ ആണ് അയാൾ അയച്ചതു. കണ്ടോ?

Digitized By Kerala Sahitya Akademi

അമ്മ:—സംശയിക്കേണ്ടാ. അയാം ശരിയായ ഒരു ബ്രാഹ്മണനാണെങ്കിൽ ദേവി അയാളെ നിനക്കായി കൊണ്ടുവന്നതാണ്. ഞാൻ ക്ഷേത്രത്തിലേക്കു പോകുന്നു; എനിക്കു പ്രാൎത്ഥിക്കാൻ നേരമായി. നിന്നേ ശരിയായ വഴിക്കു നടത്താൻ ഞാൻ ദേവിയോടു പ്രാൎത്ഥിക്കും.

ശിവാജി പഴയപോലെ കുന്നും കുണ്ടും നിറഞ്ഞ ആ മലഞ്ചരിവിലും, വൈകുന്നേരത്തേ സൂൎയ്യകിരണത്തിന്റെ ശോഭയാൽ വിളങ്ങുന്ന ആ ഊടു വഴിയിലും നോക്കിക്കൊണ്ടു അവിടെ ഇരുന്നു. അഫ്സൽഖാൻ തന്റെ ആ സ്ഥലത്തു വന്നു ചേരുകയും, അയാളെ പിടിച്ചു ബന്ധനത്തിൽ വെപ്പാൻ സാധിക്കയും ചെയ്തു എങ്കിൽ തനിക്കു മനസ്സുപോലുള്ള ഉടമ്പടികൾ എല്ലാം ചെയ്യിക്കാമായിരുന്നു. ആ ബ്രാഹ്മണൻ ഇതിൽ അദ്ദേഹത്തെ സഹായിക്കുമോ? അയാളുടെ ഒരു വാക്കുമതി. കാൎയ്യം എല്ലാം ശരിയാകും. അയാളെകൊണ്ടു ഒരെഴുത്തെഴുതിക്കാൻ കഴിഞ്ഞു എങ്കിൽ പാളയ സ്ഥലത്തേക്കു വേഗത്തിൽ അതു കൊണ്ടുചെന്നു കൊടുപ്പാൻ ഒരു ദൂതനേയും, സൈന്യത്തെ വഴികാണിച്ചു കൊണ്ടുവരാൻ അയാളുടെ സ്വന്ത ഉദ്യോഗസ്ഥന്മാരിൽ ഒരാളേയും കൂടി ഉടനെ അയക്കാമായിരുന്നു. സൈന്യങ്ങൾ ആ മലയിടുക്കിൽ കടന്നെങ്കിൽ അവർ അദ്ദേഹത്തിന്റെ കയ്യിൽ അകപ്പെട്ടു. അവിടന്നു പിന്നെ കടന്നുപോയി രക്ഷപ്പെടാൻ മാൎഗ്ഗമില്ല. എല്ലാം കീഴടങ്ങുകയോ മരിക്കുകയോ ചെയ്യാനേ നിവൃത്തിയുള്ളു. എന്നാൽ വൃദ്ധനായ ഈ അഫ്ഖാൻ അപമാനത്തിന്നു വഴിപ്പെടുകയില്ലെന്നു അദ്ദേഹത്തിന്നു നല്ലവണ്ണം അറിയാമായിരുന്നു. അതുകൊണ്ടു സൈന്യത്തിൽ നി

Digitized By Kerala Sahitya Akademi

ന്നു വേർപെട്ടു അയാളെ തനിയേ കിട്ടേണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രധാന നോട്ടം. ഇതുവരെ അയാളെ പിടിക്കേണമെന്നു മാത്രമേ അദ്ദേഹം വിചാരിച്ചിട്ടുള്ളൂ. അതിന്നു ശേഷം വേണ്ടതെന്താണെന്നുള്ളതിനെപ്പററി അദ്ദേഹത്തിന്റെ അമ്മ യാതൊന്നും പറഞ്ഞുകൊടുത്തിട്ടില്ലത്രേ. എന്നാൽ ദേവിയുടെ സന്നിധിയിൽ അവർ അനേക ദിവസങ്ങൾക്കു മുമ്പു ഇരുന്നപോലെ ഇപ്പോഴും ചെന്നിരിക്കയാണ്. അവൾക്കു ദേവിയുടെ അനുഗ്രഹം ഉണ്ടെന്നുള്ളതിനെപ്പററി അദ്ദേഹത്തിനുള്ള വിശ്വാസത്തിന്നൊരിക്കലും ഭംഗം വരുന്നതുമല്ല.

അന്നു രാത്രി അധികം ഇരുട്ടായപ്പോൾ രാജാവ് ഒരു പരുത്ത കരിമ്പടംകൊണ്ടു ദേഹമാസകലം പുതച്ചു മൂടി മുമ്പു പറഞ്ഞ ബ്രാഹ്മണനും ഏതാനും ചില അകമ്പടിക്കാരുമായി കോട്ടയിൽ നിന്നു ഒരു ചെറിയ വാതലിൽക്കൂടി ഇറങ്ങി നേരേ നഗരത്തിലേക്കുള്ള ദുർഘടമായ ഒരു ഊടുവഴിയിൽക്കൂടി സ്ഥാനപതിയുടെ വാസസ്ഥലത്തേക്കു ചെന്നു. വാതുക്കൽ എത്തിയപ്പോൾ അകമ്പടിക്കാരെ അവിടെ നിർത്തീട്ടു അവർ രണ്ടുപേരുമായി വേഗത്തിൽ അകത്തേക്കു കടന്നു. അതു കൊട്ടാരം ജ്യോത്സ്യന്റെ ഭവനമാണ്. അയാളുടെ പ്രശ്നത്തിൽ രാജാവിന്നു വലിയ വിശ്വാസമായിരുന്നു. പ്രധാന കാര്യങ്ങൾ എന്തെങ്കിലും ചെയ്വാൻ തുടങ്ങുമ്പോൾ പതിവായി ചെയ്യാറുള്ളപോലെ അപ്പോഴും അവർ അവിടെ എത്തേണ്ട മുഹൂർത്തത്തെപ്പററി മുൻകൂട്ടി ആലോചിക്കയും അയാൾ അറിവിക്കയും ചെയ്തിട്ടുണ്ടായിരുന്നു. അതുകൊണ്ടു അവർ വന്ന ഉടൻതന്നേ ജ്യോത്സ്യൻ അവരെ പടിവാതു

Digitized By Kerala Sahitya Akademi

ക്കൽ ചെന്നു ഇങ്ങിനെ പറഞ്ഞു. പണ്ഡിതർ അകത്തു വായിച്ചുകൊണ്ടിരിക്കയാണു്. കൂടി ആരും ഇല്ലാ. ശട്ടം കെട്ടിയിരുന്നപോലെ എഴുത്തു സാമഗ്രികളും ഞാൻ തയാറാക്കീട്ടുണ്ടു്. കല്പിച്ചാൽ ഇപ്പോൾതന്നെ എടുത്തു കൊണ്ടുവരാം. രാജാവു് അകമ്പടിക്കാരെ നോക്കി "എന്നാൽ കൂട്ടരേ നിങ്ങൾ എല്ലാം ഈ പടിവാതിലിന്റെ നടയിൽതന്നെ നില്പിൻ. ഈ പ്രവൃത്തി ഞങ്ങൾ രണ്ടു പേരും മാത്രമേ അറിയാവൂ. ഞങ്ങൾ തമ്മിൽ എന്തെല്ലാമാണു് ചെയ്യുന്ന എന്നുള്ളതു് താനും അറിയണമെന്നില്ല കൃഷ്ണാജി" എന്നുപറഞ്ഞു.

പണ്ഡിറ്റ്ജി ഗോപിനാഥൻ ജ്യോത്സ്യൻ പറഞ്ഞപോലെ വായിച്ചുകൊണ്ടു വീട്ടിന്റെ അകത്തേ അങ്കണത്തിന്റെ വരാന്തയിൽ ഇരിക്കയായിരുന്നു. ഈ വൃദ്ധൻ അകത്തുചെന്നു കൊട്ടാരത്തിൽ നിന്നു ഒരാൾ എന്തോ സംസാരിപ്പാനായി വന്നിരിക്കുന്നു എന്നു പറഞ്ഞപ്പോൾ അയാൾ നിവൎന്നു നോക്കി.

"അകത്തു വരാൻ പറയാം." എന്നു മറുപടി പറഞ്ഞു. ശിവജി അകത്തു കടന്നപ്പോൾ അയാൾ ഒരു ഘനമുള്ള ചെറിയ കൈവാൾ എടുത്തു് അതിന്റെ പിടി തന്റെ വലത്തു കയ്യിനു സമീപമാക്കി നിവൎത്തു വെക്കുന്നതു അദ്ദേഹത്തിനു കാണാമായിരുന്നു. "ഇരിക്കു സ്നേഹിതാ! സംഗതി പറയൂ: ഞാൻ എന്തു വേണമെന്നാണു് ശിവാജി ഭോസിലെ ആഗ്രഹിക്കുന്നതു്?" ഇങ്ങിനെ ആയാൾ സംസാരിച്ചുതുടങ്ങി.

രാജാവിന്റെ മുഖം ഒരു ഉറുമാലുകൊണ്ടു മൂടിക്കെ

Digitized By Kerala Sahitya Akademi

ട്ടിയിരുന്നു. അതു വായ് ഒരുഭാഗം മറയ്ക്കുകയും അതു കൊണ്ടു ശബ്ദത്തിനു ഒരുമാററം വരുത്തുകയും ചെയ്തു. അകത്തോട്ടു കടന്നപ്പോൾ വെളുത്ത ഭസ്മം പുരണ്ടിരുന്ന കൈകൊണ്ടു അദ്ദേഹം മൂക്കിലും കണ്ണുകളിലും നെററിയിലും തടകി. ഇങ്ങനെ മുഖത്തു ഭസ്മം പൂശിയപ്പോൾ കാഴ്ചയിൽ അദ്ദേഹത്തിന്റെ ദൃഷ്ടികൾ വലിയ മാററം തോന്നി. അദ്ദേഹത്തെ സ്ഥാനപതി തിരിച്ചറിഞ്ഞില്ല എന്നുള്ളതു് സ്പഷ്ടമാണു്.

ആദ്ദേഹം മറുപടി പറഞ്ഞു: ശിവാജിഭോസിലേ ആഗ്രഹിക്കുന്നതു ബ്രാഹ്മണരുടെ ഐശ്വര്യത്തേയും അഭിവൃദ്ധിയേയും ആണു്. അവരുടെ യോഗക്ഷേമത്തെ പുലർത്തേണമെന്നാണു് അദ്ദേഹത്തിന്റെ പ്രധാന വിചാരം. അദ്ദേഹം അവരെ പൂജിക്കുകയും, പൂർവ്വകാലങ്ങളിൽ അവർക്കുണ്ടായിരുന്ന ശക്തിയെ പുനർജ്ജീവിപ്പിക്കേണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു. ഈ ആഗ്രഹം നിറവേററുന്നതിൽ താങ്കൾക്ക ഒന്നും സഹായിപ്പാൻ കഴികയില്ല; അല്ലേ?

സ്ഥാനപതി—ഞാൻ സഹായിക്കയോ? എങ്ങിനേ സ്നേഹിതാ! പ്രതിഗ്രഹമല്ലാതെ ദാനം പതിവില്ലാത്ത ഒരു ബ്രാഹ്മണനല്ലേ ഞാൻ! വിശേഷിച്ചു് ഇപ്പോൾ കേവലം (ഒരു നെട്ടുവീട്ടോട്ടു കൂടെ) മുസൽമാന്മാരുടേ ഒരു സേവകനുമാണു്.

അങ്ങിനേ ആയിരിക്കേണ്ട ആവശ്യമില്ല പണ്ഡിതരേ! താങ്കളുടെപാണ്ഡിത്യത്തെപ്പററി മുൻകൂട്ടിതന്നേ ഇവിടെ കേട്ടറിഞ്ഞിട്ടുണ്ടു്. മഹാരാജാവു് താങ്കളുടെ സ്വാ

ത്തേയും ക്ഷേമത്തേയും ആഗ്രഹിക്കുന്നു. ഇതറിവാനാണ് എന്നെ അയച്ചിരിക്കുന്നത്.

"ഞാൻ എന്തുവേണം! (സ്ഥാനപതി വ്യാകുലതയോടെ) ഞാൻ എന്തു ചെയ്യണമെന്നാണ് അദ്ദേഹത്തിനുള്ളതു്? എന്നോടു സംസാരിപ്പാൻ നിങ്ങൾ തന്നെ ആരാണു്?

ശിവാ—ഞാൻ ആരായാലും തരക്കേടില്ല. എനിക്കു സംസാരിപ്പാൻ അധികാരം കിട്ടിട്ടുണ്ടു്. നോക്കുക. ഈ മോതിരം എന്റെ അധികാര മുദ്രയാണു്. രാജാവു പറഞ്ഞിരിക്കുന്നു: "മുസൽമാന്മാരുടെ അരികമ്പടിയോടുകൂടി എന്റെ സഭയിൽ വന്നിരുന്ന അയാൾ ബ്രാഹ്മണനാണോ? കഷ്ടം! കഷ്ടം! ഇങ്ങിനെ സംഭവിക്കാറായല്ലോ! പരിശുദ്ധരും പുണ്യവാന്മാരുമായ ബ്രാഹ്മണർ മുഹമ്മദീയരെ സേവിക്കാറായല്ലോ! നിശ്ചയമായും ഇതു കലികാലവൈഭവം തന്നെ".

ബ്രാഹ്മണൻ—(ആ ഇരിപ്പിൽ ഇരുന്നു വല്ലാതെ വിഷമിച്ചിട്ടു പറഞ്ഞു) "എന്നെ കൂടാതേയും മുസൽമാന്മാരെ സേവിക്കുന്ന ആളുകൾ അധികം ഉണ്ടു്."

രാജാവു്—(ആവേശത്തോടെ) "ദേവിയായ തുൽജാ അമ്മയെ നശിപ്പിക്കയും ആ അമ്പലം അശുദ്ധപ്പെടുത്തുകയും കണ്ട ദിക്കിൽ വെച്ചെല്ലാം ബ്രാഹ്മണരേയും പശുക്കളേയും കൊല്ലുകയും ചെയ്യുന്നവരെ സേവിക്കുന്നവർ അല്ലേ?"

ബ്രാഹ്മ—(ഒഴികഴിവായിട്ടു പറഞ്ഞു) അതെല്ലാം നടന്ന

Digitized By Kerala Sahitya Akademi

പ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു. എനിക്കതു തടുപ്പാൻ കഴിഞ്ഞില്ല.

രാജാ—“എനിക്കതു തടുപ്പാൻ കഴിഞ്ഞില്ല” എന്നു മാത്രം പറഞ്ഞു് തൃപ്തിപ്പെടുത്തുകവെന്നും ഒരു മഹാബ്രാഹ്മണൻ അത്ര അധഃപതിച്ചുപോയി; അല്ലേ? ദേവിക്കു തന്റെ ജനങ്ങൾ തന്നെ ആരാധിക്കുന്നവരുടെ ഘോരപൂർണ്ണ ദുർവ്വനാ കൈതവങ്ങളോടുകൂടിയ പരിഷകളെ സേവിക്കുന്നതു സന്തോഷകരമായിരിക്കുമോ? എന്നു നിങ്ങൾതന്നെ ചിന്തിച്ചുനോക്കുവിൻ;

എന്റെ ആഗ്രഹം പോലെ എനിക്കു ഹിന്ദുക്കളെ സേവിപ്പാൻ കഴിയുമെങ്കിൽ എന്റെ ഉദ്യോഗത്തെ അഫ്സൂൽഖാന്റെ എന്നു മാത്രമല്ല സുൽത്താന്റെ തന്നെ മുമ്പിൽ ഞാൻ വലിച്ചെറിഞ്ഞുപോകുമായിരുന്നു. എന്നു ബ്രാഹ്മണൻ ഇളകി പറഞ്ഞു.

രാജാ—ആഗ്രഹം ശരിയായിട്ടുള്ളതാണെങ്കിൽ അതിന്നു തരമുണ്ടാകും, സ്നേഹിതരേ! പക്ഷേ വിശ്വാസത്തെപ്പറ്റി ഉറപ്പുകൊടുക്കേണ്ടിവരും. അതു കൊടുക്കാമോ! മഹാരാജാവിന്റെ ഹിതം എന്തായിരിക്കും എന്നു അവിടേക്കു അറിയാമോ?

ബ്രാഹ്മ—എനിക്കു അതു ഊഹിക്കാൻ കഴിയും. പുറംപൂച്ചുകൊണ്ടു എന്നെ അത്ര എളുപ്പത്തിൽ ഒരാൾക്കു കബളിപ്പിപ്പാൻ കഴികയില്ല. അദ്ദേഹത്തിന്റെ ഇന്നത്തെ നോട്ടത്തിന്റെ അർത്ഥം എനിക്കു മനസ്സിലായിട്ടുണ്ടു്. എനിക്കു തെറ്റിപ്പോയിട്ടില്ലെന്നു വിശ്വസിക്കുന്നു. എനിക്കു അദ്ദേഹത്തോടുതന്നെ

Digitized By Kerala Sahitya Akademi

നേരിട്ട സംസാരിപ്പാൻ തരമുണ്ടോ! താങ്കൾക്ക എന്നെ അദ്ദേഹത്തിന്റെ സന്നിധാനത്തിലേക്ക കൊണ്ടുപോകാമോ?

രാജാ—താങ്കളുടെ സന്ദേശം ഞാൻ അദ്ദേഹത്തോട്ട ചെന്നറിയിക്കാം. വിശ്വാസപൂർവ്വംതന്നെ അറിവിക്കയും ചെയ്യാം. അദ്ദേഹം എന്നെ പ്രത്യേകം പറഞ്ഞയച്ചതാണ്. അല്ലെങ്കിൽ ഞാൻ വരാൻ തുനികയില്ലായിരുന്നു.

സ്ഥാനപതി ക്ഷണനേരം സംശയിച്ചിരുന്നിട്ട പറഞ്ഞു. അസാദ്ധ്യം! ശിവാജിമാത്രം കേൾക്കാറുള്ള സംഗതി ഞാൻ മറെറാരാളോട്ട പറയുക എന്നത് അസാദ്ധ്യം, അതു പാടുള്ളതല്ല.

രാജാ—മുഖം മറച്ചുകെട്ടിയിരുന്ന ഉറുമാൽ അഴിച്ചു, അതുകൊണ്ട കണ്ണിലും നെററിയിലും തേച്ചിരുന്ന ഭസ്മങ്ങൾ തുടച്ചു കളഞ്ഞിട്ട് "എന്നെ അവിടത്തേയ്ക്ക അറിയാമോ? സ്നേഹിതരേ!, എന്നേ അറിയാമോ?, എന്നുചോദിച്ചു", ഉടൻ എഴുന്നേററു ഭക്തിപൂർവ്വം സ്ഥാനപതിയുടെ പാദങ്ങളിൽ തൊട്ടു നമസ്കരിച്ചും കൊണ്ടു് "ഇങ്ങിനെ ആണു് ഞാൻ മഹാബ്രാഹ്മണരെ വന്ദിക്കുന്നതു്" എന്നു പറഞ്ഞു.

ആ മനുഷ്യൻ പ്രതി വന്ദനം ചെയ്യാൻ ശ്രമിച്ചു; സമ്മതിക്കാതെ ശിവാജി തുടൎന്നു പറഞ്ഞു "അതു ശരിയല്ല; ഇപ്പോൾ അങ്ങു് ബ്രാഹ്മണനും ഞാൻ ശൂദ്രനുമാണ്, അങ്ങാണു് വന്ദനം സ്വീകരിക്കേണ്ടതു്; "ഞാനല്ല."

Digitized By Kerala Sahitya Akademi

സ്ഥാനപതി വിറച്ചും കൊണ്ടു "മഹാരാജാവേ, അവിടത്തേക്കു ഞാൻ എന്താണ് ചെയ്യേണ്ടതു്? മുഹമ്മദീയരെ സഹായിച്ചതു് പാപംതന്നെ. എനിക്കു അതുകൊണ്ടു ഇപ്പോൾ വലിയ വ്യസനമുണ്ടു്".

ശിവാജി പുഞ്ചിരിയോടെ പറഞ്ഞു, "നന്നായി., ഞാൻ വിചാരിച്ച പോലെ തന്നെ ആയി. ശരിയായ ഒരു ബ്രാഹ്മണനെങ്കിലും ഉണ്ടു്. അങ്ങ് എന്താണുപദേശിക്കുന്നതു്?"

ഗോപീനാഥൻ പറഞ്ഞു—ആഹാ! അടുത്തു വരിക, അഫ്സൽ ഖാനേയും പടയേയും മലയിടുക്കുകളിൽ കൊണ്ടു വന്നാൽ മതിയോ? തൃപ്തിയാകുമോ? ഞാൻ ഇതു ചെയ്താൽ അവിടന്നു എനിക്കു എന്തു തരും?

ശിവാജി—"അതു ഞാൻ മുൻകൂട്ടി തന്നേ വിചാരിച്ചിട്ടുണ്ടു്. ഒരു ജാഗീർ (എന്ന വലിയ ഉദ്യോഗം) ഇപ്പോൾ ഉള്ളതിൽ ഇരട്ടി ശമ്പളം;—അതു് എത്ര തന്നെ ആയാലും വേണ്ടതില്ല—ഒരു "വലിയ സ്ഥാനപ്പേരു—പിന്നെ എന്റെ സഖ്യവും" എന്നിട്ടു പെട്ടെന്നു ചാടി അയാളെ ചേർന്നിരുന്നു—വക്ഷസ്ഥലത്തിൽ മറച്ചുവെച്ചിരുന്ന ഒരു ചെറിയ തിളങ്ങുന്ന കത്തി വലിച്ചൂരിക്കൊണ്ടു, "പണ്ഡിതരേ, നോക്കുക, താങ്കളേ കൊല്ലുവാൻ എളുപ്പമാണു്. എന്റെ കാൽമുട്ടു താങ്കളുടെ ആയുധത്തിന്മേൽ ആണിരിക്കുന്നതു്. അങ്ങിനെ ചെയ്തു എന്റെ ഉദ്ദേശം ആരും അറിയാതെ എനിക്കു മായ്ക്കാം. എന്നാൽ ഇപ്പോൾ അതാവശ്യമില്ല" എന്നു പറഞ്ഞു. ബ്രാഹ്മണന്റെ നെററിയിൽ

Digitized By Kerala Sahitya Akademi

ഭയം കൊണ്ടുണ്ടായ വിയപ്പു തുള്ളികൾ കണ്ടിട്ടു അദ്ദേഹം പിന്നെയും പറഞ്ഞു. "ഭയപ്പെടേണ്ടാ" വിശ്വസ്തനായിരുന്നാൽ മാത്രം മതി; ഭയപ്പെടേണ്ട; ശിവാജി ഭോസിലേ! താങ്കളെ നിരാശനാക്കുകയില്ല; അദ്ദേഹത്തിനു ഒരു രാജ്യം ലഭിച്ചാൽ താങ്കൾക്കും ആ ബഹുമാനത്തിൽ പങ്കുണ്ടായിക്കും"

ആ മനുഷ്യൻ തന്റെ ചതിപ്രയോഗവും, തനിക്കു വരാൻ പോകുന്ന വലിയപദവിയും പെട്ടെന്നു വിചാരിച്ചു ഞെട്ടക്കത്തോടെ പറഞ്ഞു. "എനിക്കു എഴുതാൻ സമയം തരണം; എഴുത്തു ഞാൻ നാളെ തന്നുകൊള്ളാം".

രാജാവ്—അതു പോരാ; പണ്ഡിതരേ! ദൂതന്മാർ വെളിയിൽ തയാറായി നിൽക്കുന്നു. എഴുതേണ്ടതു എഴുതിയാൽ ഉടൻ അവർ ഖാന്റെ അടുക്കൽ കൊണ്ടുപോയി കൊടുക്കും.

കത്തു ആരാണു കൊണ്ടുപോകുന്നത്?

എനിക്കുപകരം ഇന്നു കാലത്തു സംസാരിച്ച ആ ബ്രാഹ്മണൻ. അയാളും ഏതാനും കുതിരപ്പടയാളികളും തയാറായി നില്ക്കുന്നു.

പണ്ഡിതർ പറഞ്ഞു. ഖാന്നു ഒരു ഉപദ്രവും ചെയ്യരുതു്. അദ്ദേഹവും അദ്ദേഹത്തിന്റെ മകനും എനിക്കു വളരെ ഉപകാരങ്ങൾ ചെയ്തിട്ടുണ്ടു്. ശേഷമുള്ള അദ്ദേഹത്തിന്റെ പടയെ അവിടത്തെ ഇഷ്ടംപോലെ ചെയ്തുകൊള്ളാം. ആ കുടുംബത്തെ തടവുകാരായി വെച്ചുകൊള്ളുക.

Digitized By Kerala Sahitya Akademi

രാജാവു—അവരെ ഞാൻ അതിഥികളായി അടുക്കൽ സൂക്ഷിച്ചു കൊള്ളാം. അദ്ദേഹത്തിന്നു കുഡുംബത്തിന്നും ക്ഷേമമായിരിക്കും. എഴുത്തു സാമഗ്രികൾ കൊണ്ടുവരാൻ പറയട്ടേ?. ഉടൻകൂടി വന്ന ആൾ കടന്നു വന്നു. രാജാവു് "ഇരിക്കു, എഴുതുന്നതു സ്പഷ്ടമാകുന്നുണ്ടോ എന്നു നോക്കു കൃഷ്ണാജി" എന്നുപറഞ്ഞു.

ഉടൻ സ്ഥാനപതി പർസ്യൻ ഭാഷയിൽ താഴേ കാണുംവണ്ണം എഴുതി. ആ ഭാഷ അയാൾക്കു നല്ലവണ്ണം അറിയാമായിരുന്നു. മറേറ കാര്യസ്ഥന്നും അറിയാമായിരുന്നു.

"ആ രാജാവിനേയും, അദ്ദേഹത്തിൻെറ കോട്ടയേയും ആളുകളേയും ഞാൻ കണ്ടു. സംശയിപ്പാൻ ഒന്നുമില്ല. ഒന്നും സാരമായി വിചാരിക്കേണ്ടതില്ല. എന്നാൽ സംഗതി എല്ലാം തീർച്ചചെയ്യുന്നതിന്നും അവക്കു പേടി തോന്നാനും ആയി സാഹിബ്തന്നെ മുഴുവൻ പടയോടുകൂടി വന്നുചേരേണ്ടിയിരിക്കുന്നു. അങ്ങിനെയാണു് ഞാൻ ഇവിടെ ഒരുക്കം ചെയ്തിരിക്കുന്നതു്. അതിനെപ്പററി ഇതു കൊണ്ടുവരുന്ന ആൾ മുഖദാവിൽ ബോധിപ്പിക്കും. അയാൾ രാജാവിൻെറ കാര്യസ്ഥന്മാരിൽ ഒരാളാണു്. എല്ലാം വിവരിച്ചാൽ എഴുത്തു അധികം നീണ്ടുപോകും. വളരെ രഹസ്യമായ ഒരു കൂടികാഴ്ചക്കു് ഏൎപ്പാടു ചെയ്യാം. അതിൽ ശിവാജി രാജാവു് നമ്മുടെ രാജാധിരാജൻെറ സ്ഥാനപതിയുടെ കാക്കൽ വീണു മാപ്പുമേടിപ്പാൻ ആഗ്രഹിച്ചിരിക്കുന്നു." കത്തുവായിച്ചുതീൎന്നു പറഞ്ഞപ്പോൾ ശിവാജി "ഇതുമതി. ഇതിന്നു വിചാരിച്ച ഫലമുണ്ടാകും. കൃഷ്ണാജി, താൻതന്നെ ഇതു എടുത്തുകൊണ്ടു പാളയത്തിലേക്കു ഉടനെ പുറപ്പെടുക" എന്നുപറഞ്ഞു.

Digitized By Kerala Sahitya Akademi

# ഏഴാം അദ്ധ്യായം.

## അഫ്സുൽഖാന്റെ വരവ്.

ശിവാജി മഹാരാജാവു അയച്ച കത്തു അല്പദിവസം കൊണ്ടു ഖാനു കിട്ടി. അതിലെ സംഗതികളെപററി സംശയം ഒന്നും തോന്നിയില്ല. ഏതെങ്കിലും പ്രകാരത്തിൽ ഖാനു പേടിയോ ഉൽക്കണ്ഠയോ തോന്നത്തക്ക യാതൊന്നും അതിൽ ഇല്ലായിരുന്നു. യുദ്ധമൊന്നുമില്ലാതെ പട്ടാളത്തെ അവിടെകൊണ്ടുപോയിനിർത്തുന്നകാൎയ്യം അയാൾക്കു അത്ര രുചിച്ചില്ല. എന്നാൽ മറിച്ചു് അദ്ദേഹത്തിന്റെ മകൻ ഫസിലും അയാളോടുകൂടി പാളയത്തിലുള്ള മറാട്ട സൈന്യവകുപ്പിലേ നായകന്മാരും മഹാരാഷ്ട്രത്തേ ജനങ്ങളോടു വയോധികന്മാരേക്കാൾ അനുകമ്പയുള്ള മററു ചെറുപ്പക്കാരും അങ്ങിനെ ചെയ്യുന്നതിനെപററി അഭിനന്ദിച്ചു. കാരണം, അങ്ങിനെ ആയാൽ നീതിക്കും ദയക്കും ഒത്തതും ഇരുകക്ഷികളേയും ബാധിക്കുന്നതുമായ ഉടമ്പടികൾ വഴിയായി അവരുടേ മഹാരാജാവിനു ഒരു പ്രധാനമായ അധീന സംസ്ഥാനം ലഭിക്കുന്നതായിരുന്നു.

കത്തുകൊണ്ടുപോയ ദൂതന്റെ പേരിലും ഖാനും അദ്ദേഹത്തിന്റെ പുരോഹിതനും അത്യന്തം സന്തോഷം തോന്നി. ഒന്നാമതു അയാൾ ഡക്കാനിലേ രാജഭാഷയിൽ നല്ലവണ്ണം സംസാരിക്കും. പിന്നെ പാർസ്യൻ ഭാഷയിലും ഒരു വിധം നല്ല വിദ്വാനാണു്. ഖാനു അയാളെ പരിചയവുമുണ്ടു. അദ്ദേഹം തന്നെ ആ രാജ്യത്തേ ഗവർണരായിരുന്നപ്പോൾ ഇയാൾ ഒരു കീഴുദ്യോഗസ്ഥനായിരു

Digitized By Kerala Sahitya Akademi

ന്നു. അദ്ദേഹം അന്നുചെയ്തിരുന്ന സഹായോപകാരങ്ങളെ കുറിച്ച് ഇപ്പോഴും താൻ കൃതജ്ഞനാണെന്നും അയാൾ പറഞ്ഞു. ആദ്യത്തെ ദൂതന്മാർ ദ്വിഭാഷികൾ മുഖാന്തരമായല്ലാതെ ഖാനോടു നേരിട്ടു സംസാരിപ്പാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ മകൻ ആ സന്ദർഭത്തിൽ കൂടിയുണ്ടായിരിക്കുമെന്നുള്ളതും, സമയംപോലെ മുല്ലയുടേ സഹായം ഉണ്ടായിരിക്കും എന്നുള്ളതും ശരിതന്നെ. എങ്കിലും ഈ മറാട്ടാസ്ഥാനപതികളുമായി താൻ നേരിട്ടുതന്നെ പെരുമാറുന്നതു നന്നായിരിക്കുമെന്നായിരുന്നു ഖാന്റെ മനോഹിതം. അതു ഇപ്പോൾ സാധിക്കയും ചെയ്തു. സൈന്യം യാതൊരുസ്ഥലത്തും ഒരു ബുദ്ധിമുട്ടും കൂടാതെ സുഖമായി അടുത്തടുത്തു എത്തും തോറും ഓരോ ദിവസവും, പുതിയ പ്രതിനിധി അവരുമായി അധികമധികം അടുത്തു പെരുമാറുകയും സ്വകാര്യാലോചനകൾക്കായി കൂടക്കൂടെ അയാളെ അവർ ക്ഷണിക്കയും ചെയ്തു. ഫാസിലുംകൂടി പോന്നിട്ടുണ്ടായിരുന്നു. പുറമേത്തെ കാഴ്ചയിൽ യാതൊരു സംശയത്തിന്നും ഇടയുള്ളതായി ആൎക്കും തോന്നിയില്ല.

അങ്ങിനെ അവർ രാജാവിന്റെ സ്വന്ത രാജ്യത്തിലേക്കു കടന്നു. അവിടെ എല്ലാ സ്ഥലങ്ങളിലും അതിഥിസല്ക്കാരമാണുണ്ടായതു്. രാജ്യം പിടിപ്പാൻ വരുന്ന സൈന്യത്തിന്റെ നിലയിൽ അവരോടാരും പെരുമാറിയില്ല. എല്ലാ താവളങ്ങളിലും ആഹാരസാധനങ്ങൾ ശേഖരിച്ചു കൊടുത്തിരുന്നു. കുതിരകൾക്കു തീററികൾ ധാരാളം ഒരുക്കികൊടുത്തു. പീരങ്കികൾ വലിച്ചുകൊണ്ടുപോവാൻ പ്രയാസമുള്ള ദുൎഘടവഴികൾ വെട്ടിത്തെളിച്ചു നന്നാക്കിക്കൊ

Digitized By Kerala Sahitya Akademi

ട്ടത്തു. അവിടവിടെ അവർ കണ്ട ജനങ്ങൾ എല്ലാം സ്നേഹവും മൎയ്യാദയും കാണിച്ചിരുന്നു. ഇതു് അവൎക്കു് വളരെ സന്തോഷകരവും അവർ വിചാരിച്ചിരിക്കാത്തതും ആയിരുന്നു. യാതൊരുത്തരും എതിൎപ്പാൻ വിചാരിച്ചിട്ടുള്ളതായി തോന്നിയില്ല. രാജാവിന്റെ സൈന്യം എന്നു പറവാൻ ഗ്രാമം കാക്കുന്ന കോട്ടവാലന്മാരിൽ ചിലരും അവരുടെ മേലാവിന്റെ അകമ്പടികളായി ഏതാനും ചില കുതിരപ്പട്ടയാളികളും മാത്രം അവിടവിടെ കണ്ടിരുന്നു. രാജാവു് തന്റെ കീൎത്തിക്കവേണ്ടിയും ശക്തിയേറിയ ഒരു വലിയ സൈന്യം തനിക്കുണ്ടെന്നുള്ള വിശ്വാസം പരത്തി കാൎയ്യം നേടാനും ചെയ്തുള്ള ഉപായങ്ങളെപ്പറ്റി സ്ഥാനപതി വിസ്തരിച്ചു ചാണോട്ടു പറഞ്ഞു; അതുകേട്ടു അദ്ദേഹത്തിനു നേരംപോക്കും രസവും തോന്നി.

ചുരുക്കത്തിൽ, ദൂരത്തുവെച്ചു തോന്നിയ വലിയ ബുദ്ധിമുട്ടുകളും അപായങ്ങളും എല്ലാംപോയി, മലനാട്ടു ജില്ലകളുടെ ഉള്ളിലേക്കു സൈന്യത്തെ അധികമധികം അടുപ്പിച്ചുകൊണ്ടുവന്നപ്പോൾ ഈ കുന്നുകളിലും അഗാധമായ താഴ്വരകളിലും വെച്ചു് ശത്രുക്കൾ എതിൎക്കയാണെങ്കിൽ യുദ്ധം വളരെ കഷ്ടമായി എന്നുമാത്രമല്ല അപജയമാവും കലാശിക്കുമെന്നു് അദ്ദേഹത്തിനു തോന്നി. ശത്രുക്കൾക്കു അധികം ബലമേറിയ സങ്കേതസ്ഥലങ്ങൾ ഉണ്ടായിരിക്കും. അതിനെ രക്ഷിക്കുന്നതും അധികം എളുപ്പമായിരിക്കും. എന്നാൽ മലകളിൽ അധികമധികം ഉള്ളിലേക്കു തന്റെ സൈന്യം പ്രവേശിച്ചാലുള്ള അപകടങ്ങൾ പറഞ്ഞാൽ ഒടുങ്ങാത്തതുമായിരിക്കും.

Digitized By Kerala Sahitya Akademi

ഹ്‌ാസിൽ കൂടക്കൂടെ പ്രതാപഗ്രഹത്തിലെ കോട്ട യെ സംബന്ധിച്ച വിവരങ്ങൾ സ്ഥാനപതിയോട്ട ചോദിച്ചു. അതിന്ന അയാൾ "അതു സാധാരണ ഒരു ചെറിയ മലങ്കോട്ടയാണ്, അതിനെ രക്ഷിപ്പാൻ സാധാരണ മറാട്ട നാട്ടുവാഴികൾക്കും പ്രഭുക്കന്മാൎക്കും ഉള്ളപോലെ ഒരു ചെറിയ പട്ടാളം ഉണ്ട്. അവൎക്ക ഉള്ളിൽനിന്ന അതിനെ രക്ഷിപ്പാൻ കഴിയും; പുറത്തുപോയി ആരോടും എതൃപ്പാൻ സാധിക്കയില്ല" എന്ന മറുപടി പറഞ്ഞു.

ഇതിനിടയ്ക്ക ശിവാജിക്കും ഖാന്നുമായി ഒരു കൂടികാഴ്ച പ്രതിനിധികൾ തമ്മിൽ ആലോചിച്ചു തീൎച്ചയാക്കി. ശിവാജി ഒരു രാജാവാകയാൽ ആദ്യം ഖാനെ അങ്ങോട്ടു ചെന്നു കാണുന്നതു ശരിയല്ല. അഫ്സൂൽഖാൻ ബീജപ്പൂരിലെ മഹാരാജാവിന്റെ പ്രതിനിധിയാകയാൽ അദ്ദേഹവും മുമ്പെ ശിവാജിയെ ചെന്നു കാണുന്നത് മുറയല്ല. അതുകൊണ്ട് അവർ തമ്മിൽ എങ്ങിനെ എങ്കിലും ഒരു ദിക്കിൽവെച്ചു ആദ്യം തമ്മിൽ കാണണം, പിന്നെയുള്ള കാൎയ്യം സാരമില്ല. സൈന്യങ്ങൾ ഒന്നും കൂടി ഉണ്ടായിരിക്കരുത്. രണ്ടാൾക്കും ആയുധം ധരിച്ച ഓരോ അകമ്പടിക്കാർ മാത്രം ഉണ്ടായിരിക്കാം. സ്ഥലം പ്രതാപഗ്രഹത്തിന്റെ മുകളിൽ കുറെ അകലെയായിട്ട ഒരു മൈതാനമാണ്; അവിടെ അതിന്ന തക്കതായ ഒരു കെട്ടിടം രാജാവു തയാർ ചെയ്യിട്ടുണ്ടെന്നു സ്ഥാനപതി പറഞ്ഞു. താഴ്‌വരയിൽനിന്ന കൂടികാഴ്ചകാണ്മാൻ വേണമെങ്കിൽ ഒന്നാന്തരത്തിൽ ആയിരം കുതിരപ്പട്ടാളങ്ങളും കൂടി ഖാൻ കൊണ്ടു പോരുന്നതിന്ന വിരോധമില്ല. എന്നാൽ ആലോചനാ

Digitized By Kerala Sahitya Akademi

സ്ഥലത്തു പല്ലക്കു ചുമട്ടുകാൎക്കു പുറമേ ഒരു അകമ്പടിക്കാ രൻ മാത്രമേ അദ്ദേഹത്തിന്റെ കൂടി പോകാവൂ. രേഖാ മൂലം ചെയ്യേണ്ടതു ഒന്നുമില്ല. രാജാവോടുകൂടി അവിടെ ഉണ്ടായിരുന്ന കോട്ടയിലെ ഉദ്യോഗസ്ഥൻതന്നെ അകമ്പ ടിയായി പോകും. രാജാവിന്റെ മറെറാരു ഉദ്യോഗസ്ഥൻ, കഴിയുമെങ്കിലും വേണമെങ്കിലും രാജാവോടൊന്നായി മു ളിൽനിന്നു ചെല്ലുകയും ചെയ്യും. ഈ ഏൎപ്പാടുകളിൽ യാതൊരു വിരോധവുമുള്ളതായി ഖാന്നു തോന്നിയില്ല. താൻ ഒരു ഏൎപ്പാടും പ്രത്യേകം ചെയ്തുമില്ല.

അങ്ങിനെ സൈന്യം, കോട്ടയിൽനിന്നു ഏതാനം മയിൽ അകലെ ജൌലിഎന്ന ഗ്രാമത്തിന്നടുത്തുള്ള അ തിന്റെ ഒട്ടുവിലത്തെ പാളയസ്ഥലത്തു എത്തി. ഇ രുകക്ഷികളും അവസാനത്തെ ഒരുക്കങ്ങൾക്കായി അന്നു രാത്രി കോപ്പുകൂട്ടുകയും ചെയ്തു. കാലത്തു അധികം നേര ത്തെതന്നെ തിരഞ്ഞെടുത്ത ആയിരത്തി അഞ്ഞൂറു കുതി രപ്പട്ടാളത്തിന്റെ അകമ്പടിയോടുകൂടി ഖാൻ പുറപ്പെട ണം. പട്ടാളത്തിൽ കുറെ അബ്സീനിയരും, കുറെ ഡ ക്കാൻകാരും ഏതാനം അദ്ദേഹത്തിന്റെ സ്വന്ത അഫ് ഖാൻ ഭടന്മാരും ആയിരിക്കണം. ശേഷിച്ചുള്ള സൈന്യം രണ്ടുമൂന്നു ദിവസമായി ദുൎഘടമായ പൎവ്വതമാൎഗ്ഗങ്ങളിൽ കൂടി കഷ്ടപ്പെട്ടു് സഞ്ചരിച്ചതിനാലുള്ള അത്യധികമായ ക്ലേശം കൊണ്ടു അവിടെ വിശ്രമിക്കും ഇതായിരുന്നു നിശ്ചയം.

ജൌലിയിലെ പാളയം വളരെമനോഹരമായിരുന്നു; അതു് ഒരു പരന്ന വെളിപ്രദേശമാണു്, അതിൽ അ ധികഭാഗവും കൃഷിചെയ്തിട്ടുണ്ടു്. സൈന്യങ്ങൾക്കു എ

Digitized By Kerala Sahitya Akademi

ല്ലാം സഞ്ചരിപ്പാൻ വേണ്ട സ്ഥലമുണ്ടായിരുന്നു. ഇളമ്പുല്ലുകൾ നിറഞ്ഞ മലകളുടെ ചരിവുകളിൽ നിന്നു കുതിരകൾക്ക് ധാരാളം തീററിയും കിട്ടും. ഒരു വശത്തു് ഒരു ചെറിയ പുഴ ശബ്ദിച്ചുകൊണ്ടു കുന്നുകളുടെ അടിവാരത്തുകൂടി ഒഴുകിപ്പോകുന്നു. മറേറവശത്തു് ഗ്രാമത്തിന്റെ സമീപമായി അപരിഷ്കൃതമായ കുടിലുകളും, ചെറിയ കൂടാരങ്ങളും നിറഞ്ഞുള്ള ഒരു അങ്ങാടിത്തെരുവുണ്ടു്. അവിടെ നിന്നാണു് രാജാവിന്നു എല്ലാവിധം ഭക്ഷണസാധനങ്ങളും സാധാരണമായി വാങ്ങിവരുന്നതു്. സാധനങ്ങൾക്കു വിലയും സഹായമാണു്.

---

# എട്ടാം അദ്ധ്യായം.

---

## അബ്സൂൽഖാനെ സംബന്ധിച്ച നിശ്ചയം.

പ്രതാപഗ്ഗഢത്തിലെ കോട്ടയിൽ ആ രാത്രി എങ്ങിനെ കഴിഞ്ഞു? പാതിരാത്രി സമയത്തു് അവിടെ നടക്കുന്ന ആലോചനകൾ എന്തെല്ലാമാണെന്നു നമുക്കു ഇപ്പോൾ സൂക്ഷിച്ചറിയേണ്ടിയിരിക്കുന്നു. ഈ ആലോചനകൾ പക്ഷെ വെളുക്കുവോളം ഉണ്ടായി എന്നുവരാം. എന്നാൽ സാധാരണ യോദ്ധാക്കൾ ഭയംകരമായ ഒരു യുദ്ധത്തിന്നു സന്നാഹം കൂട്ടിക്കഴിഞ്ഞാൽ തലേനാൾ രാത്രി അധികം വിശ്രമം ആവശ്യപ്പെടുകയും ജീവിതദശയിലെ മറേറത

Digitized By Kerala Sahitya Akademi

വസരത്തെക്കാളും അധികം സുഖമായി അന്ന അവർ ഉറങ്ങുകയും ചെയ്യാറ് പതിവാണ്.

മുൻ വർണ്ണിച്ചിട്ടുള്ള മുറിയ്ക്കകം തന്നെ ഓർമ്മിച്ചുകൊള്ളണം. എന്നാൽ ഇപ്പോൾ അതിൻെറ കിളിവാതിൽ അടച്ചിരിക്കയാണ്. ആ മലമുകളിൽ രാത്രിയത്തെ കാററിൻെറ ശൈത്യവും ശല്യവും അത്രയ്ക്കുണ്ട്. അതിൽ അകത്തു പഞ്ഞിവെച്ചു തച്ചിട്ടുള്ള പട്ടുതകൾ ഇട്ടു മറച്ചിരിക്കുന്നു. വാതിലും കാററു അകത്തു കടക്കാതെ അടച്ചിരിക്കുന്നു. ശിവാജിയും അദ്ദേഹത്തിൻെറ പ്രഭുക്കളായ മാലുശ്രേയം പാൾക്കരും ഒന്നിച്ചിരിക്കയാണ്. എന്നാൽ ആരും മിണ്ടുന്നില്ല. കാരണം രാജാവിൻെറ മനസ്സിൽ എന്തോ വ്യാകുലത സംഭവിച്ചിരിക്കുന്നു.

ഒടുവിൽ മേല്പോട്ടു നോക്കിക്കൊണ്ടു ശിവാജി "ഈ ശരീരിയുടെ ഹിതം എന്താണെന്ന എനിക്കറിവാൻ കഴിഞ്ഞില്ലെങ്കിൽ" എന്നുപറഞ്ഞിട്ട്, "തനാജി ഏർപ്പാടെല്ലാം ശരിയാക്കിയോ?" എന്ന ചോദിച്ചു.

തനാജി—"എല്ലാംശരിയായിസ്വാമിയാ പാതിരാത്രിയോടുകൂടി അല്ലെങ്കിൽ സ്വല്പം കൂടി താമസിക്കുമ്പോൾ റോത്രിമ്മൂലും, നമ്മുടെ മററാളുകളും ജൌലിക്കട്ടെത്തുള്ള കാട്ടുകളിൽ പാളയത്തിനു ചുററും എത്തിയിരിക്കും. എല്ലാ സ്ഥാനങ്ങളും ശരിയി കണ്ടുവെച്ചിട്ടുണ്ട്. ഗൂഢമായി അവിടെ ഒക്കെ ആളുകൾ എത്തുകയും ചെയ്യും. പാളയത്തിൽനിന്നു ഒന്നും രക്ഷപ്പെടുക, യില്ല. നമ്മുടെ കൂട്ടർ അടയാളമായി ഇവിടെനിന്നു അഞ്ചു വെടികേൾക്കുന്നേതു കാത്തുകൊണ്ടിരിക്കും",

Digitized By Kerala Sahitya Akademi

"നിങ്ങളോടന്വേതാജി" എന്നു ഉടനെ രാജാവു നേതാജിയോട്ടു തിരിഞ്ഞു ചോദിച്ചു.

"കോട്ടവാതലിന്ന കിഴക്കുവശത്തുള്ള വൻകാട്ടിൽ എന്റെ അയ്യായിരം ഒന്നാന്തരം മാവാലികൾ കിടന്നുറങ്ങുന്നുണ്ട്. അവർ ആ വഴി കടന്നുവരുന്ന ബീജപ്പൂർ പട്ടാളത്തെ പുറകേ കൂടിചെന്നു വളയും. ഊത്തു ഇവിടെ കേട്ടാൽ അവരിൽ രക്ഷപ്പെടുന്നവർ ചുരുങ്ങും എന്നാണ്. ഞാൻ വിചാരിക്കുന്നതു സ്വാമി അതേ—അതേ" എന്നു മറുപടി പറഞ്ഞും കൊണ്ടു അദ്ദേഹം തന്റെ വിശാലമായ കറുത്ത ദൃഷ്ടികൾ രാജാവിന്റെ മുഖത്തേയ്ക്കു പതിച്ചു മേൽമീശകൾ മെല്ലെ മുറുക്കിക്കൊണ്ടു "അതേ രക്ഷപ്പെടുന്നവർ ചുരുങ്ങും" എന്നു തുടൎന്നു പറഞ്ഞു.

രാജാവ് (ചിരിച്ചു കൈപൊക്കിക്കൊണ്ടു ഉച്ചത്തിൽ) "ഹാ! ബീജപ്പൂരിലെ മടയന്മാരുടെ കുരുട്ടു വിശ്വാസം. അവൎക്കു കണ്ണുമില്ല, ചെവിയുമില്ല; അല്ലെങ്കിൽ നാം പുറത്തു കാണുന്നപോലെ അല്ലെന്നു അവർ ഊഹിക്കേണ്ടതല്ലേ! മാതാവായ ദേവി അവരെ കുരുടരും പൊട്ടരും ആക്കിത്തീൎത്തതാണ്. അമ്മ പറഞ്ഞതുപോലെ അതങ്ങിനേ തന്നേ സംഭവിക്കേണ്ടതാണു്" എന്നു പറഞ്ഞു.

മാല്യശ്രേ: അവർ എവിടേ? നാം പുറപ്പെടുന്നതിന്നു മുമ്പ് അവർ നമുക്കു അനുഗ്രഹം തരണം.

"അവർ ക്ഷേത്രത്തിൽ എന്തോ മനഃസ്വാസ്ഥതയില്ലാതെ ഇരിക്കുന്നു. നമുക്കു അങ്ങോട്ടുപോകാം. സ്നേഹിതരേ! നാളത്തെ എന്റേ പ്രവൃത്തി ഇന്നു അമ്മ എന്നോ

Digitized By Kerala Sahitya Akademi

ട പറയുന്നതിനേ ആശ്രയിച്ചാണിരിക്കുന്നതു്" എന്നു രാജാവു പറഞ്ഞു.

ക്ഷേത്രത്തിന്നു അവിടെനിന്നു ഏതാനം അടികൾ നടന്നാൽ മതി. ഒരു താഴ്ന്ന പൂമുഖവും ഇരുട്ടടഞ്ഞ വാതലും കടന്നു് ഉള്ളിൽ ഉള്ള അറയിലാണു ശ്രീ പീഠം. അതിൽ ദേവിയുടെ വിഗ്രഹവും അതിൻെറ മുമ്പിൽ ആ ഇരുട്ടിൽ കൂടി തെളിഞ്ഞുകത്തിക്കൊണ്ടിരിക്കുന്ന ഒരു വിളക്കും അതിൻെറ മുമ്പിലായി റാണിയുടെ ഇരിപ്പും വെളിയിൽ നിന്നാൽ സ്പഷ്ടമായി കാണാം. റാണിയുടേ തോൾകളും, നെഞ്ചും അതിവേഗത്തിൽ കിതച്ചു പൊങ്ങിക്കൊണ്ടിരിക്കുന്നു. കണ്ണുകൾ അടഞ്ഞിരിക്കുന്നു. ചുണ്ടുകൾ വിറക്കുന്നു.

ഇവർ ഭക്തിയോടേ അടുക്കൽ ചെന്നു നിന്നു. ആരുംമിണ്ടാൻ തുനിഞ്ഞില്ല. ശാന്തിക്കാരൻ ബ്രാഹ്മണൻ കൂടക്കൂടേ പുഷ്പം എടുത്തു അർച്ചിക്കയും, ഇടയ്ക്കിടെ കുങ്കമത്തിൽ വിരകിയ അരികൾ എടുത്തു് പീഠത്തിൽ അപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു.

റാണി പെട്ടെന്നു കൈകൾ നീട്ടിക്കൊണ്ടു വല്ലാതെ ഒരു വിളിവിളിച്ചു. മാലുശ്രേ പിറകോട്ടു ഓടിക്കളവാൻ ഭാവിച്ചു. എന്നാൽ ശിവാജി അദ്ദേഹത്തെ പിടിച്ചു നിറുത്തിക്കൊണ്ടു, "നില്ലിൻ; അമ്മയെ ആരും തടുക്കാറില്ല. അവർ ഇപ്പോൾ സംസാരിക്കും. നമുക്കു കേൾക്കാം" എന്നു താണസ്വരത്തിൽ പറഞ്ഞു.

ആദ്യം അക്ഷരവ്യക്തി കൂടാതെ ഒന്നും തിരിച്ചറിവാൻ പാടില്ലാത്ത ഒരു അമന്ന സ്വരം കേട്ടു തുടങ്ങി. ഒ

Digitized By Kerala Sahitya Akademi

ട്ടവിൽ വാക്കുകൾ പുറപ്പെട്ടു. അവ അവർക്ക് വളരെ ക്രൂരവും ഭയങ്കരവുമായി തോന്നി. ദേവിയുടെ ആവാസം ഉണ്ടായി എന്ന വിശ്വാസം വന്നപ്പോൾ ഒരു കോട്ടുവായോടു കൂടി താഴെ കാണുന്ന ആ വാക്കുകൾ റാണിയുടെ മുഖത്തിൽ നിന്നു പുറപ്പെട്ടു:—

"ഹാ! എനിക്കു ദാഹിക്കുന്നു: എന്റെ കുട്ടികളെ കൊന്നു; ആരും പ്രതികാരം ചെയ്തില്ല. രക്തം! രക്തം! എനിക്കു ദാഹിക്കുന്നു: എനിക്കു രക്തം കുടിക്കണം. എല്ലാം—എല്ലാം—വയസ്സരും ചെറുപ്പക്കാരും എല്ലാം—എല്ലാം—(കുറെ കൂടി ഉച്ചത്തിൽ അവർ പിന്നെ അലറിക്കൊണ്ടു തുടൎന്നു പറഞ്ഞു) എന്നോ സ്നേഹിക്കുന്നവർ എനിക്കു വേണ്ടി കൊല്ലുവിൻ! എനിക്കു ദാഹിക്കുന്നു." ഉടനേ അവരുടേ സ്വരം വളരേതാണു.

ഈ വാക്കുകൾ അവരിൽ നിന്നു പുറപ്പെട്ടതു വളരെ വേദനയോടു കൂടിയാണെന്നു തോന്നും. ഉടനെ അവർ ഒരു വലിയ നെടുവീൎപ്പിട്ടു, കണ്ണുതുറന്നു; നാലുപുറത്തും നോക്കിക്കൊണ്ടു മൃദുവായി "എനിക്കു ദാഹിക്കുന്നു; വെള്ളം കൊണ്ടു വരിക" എന്നു പറഞ്ഞു.

ശിവാജിമാത്രമേ അമ്മയോടും ശാന്തിക്കാരൻ ബ്രാഹ്മണനോടും കൂടി ക്ഷേത്രത്തിൽ ഉണ്ടായിരുന്നുള്ളു. പറഞ്ഞ മൊഴികൾ എല്ലാം ബ്രാഹ്മണൻ കുറിച്ചെടുത്തു. രാജാവിന്റെ സ്നേഹിതന്മാർ ശത്രുസൈന്യത്തോടു നിൎഭയമായി എതിരുടുന്ന പോരാളികളാണെങ്കിലും, ക്ഷേത്രത്തിന്നുള്ളിൽ നില്പാൻ ധൈൎയ്യമില്ലാതെ പോയ്ക്കളഞ്ഞു.

Digitized By Kerala Sahitya Akademi

റാണി ശിവാജിയെ തിരിഞ്ഞുനോക്കീട്ട "ഹാ! നീ ഇവിടെ ഉണ്ടോ മകനേ? ഞാൻ സംസാരിച്ചോ! നിശ്ചയമായും അമ്മ എനിക്കു സാന്നിദ്ധ്യം നൽകിയിരുന്നു." എന്നു പറഞ്ഞു് ഒരു വലിയ നെടുവീർപ്പിട്ടിട്ടു് കൈ ക്ഷീണഭാവത്തിൽ എടുത്തു് കണ്ണിൽ രണ്ടിലും വിലങ്ങത്തിൽ തടവി.

ശിവാജി, "വന്നു വിശ്രമിക്കിൻ അമ്മേ, നിങ്ങൾക്കു തളർച്ചയുണ്ടു്; വരിൻ" എന്നു പറഞ്ഞു സ്നേഹത്തോടെ താങ്ങി അവരെ പിടിച്ചിളക്കി.

റാണി, "തളർച്ചയുണ്ടു്. ശരിതന്നെ മകനെ, എല്ലാം അവസാനിക്കുന്നതുവരെ എനിക്കു സുഖമുണ്ടാകില്ല. വരിക, ഞാൻ എല്ലാം പറയാം" എന്നു പറഞ്ഞു.

ശിവാജി അപ്രകാരം അമ്മയുടെ മുറിയിൽ കൂട്ടിപ്പോയി. അവർ കിടന്നു. ശാന്തിക്കാരൻ ബ്രാഹ്മണൻ വെള്ളംകൊണ്ടുവന്നു കൊടുത്തു. അവർ ധാരാളം കുടിച്ചു.

വീണ്ടും അവർ "മകനേ ഞാൻ എന്താണു് സംസാരിച്ചതു്? എന്തായാലും വേണ്ടില്ല. എന്റെ മുമ്പിൽ എല്ലാം രക്തമയംതന്നെ. ഹിംസയും, ജയവും!—രക്തം!" എന്നു സ്തോഭത്തോടെ പറഞ്ഞു, അദ്ദേഹത്തിന്റെ കയ്യിൽ പിടിക്കുകയും മുഖത്തു് ഉദ്ദേശസൂചകമായി നോക്കുകയും ചെയ്തു. "നീ തയാർ തന്നെയോ?—ജയം നേടാൻ നീ തയാർ തന്നെയോ?—'ജേ കാളി! ജേ തുൽജാമാതാ', എന്നു വിളിപ്പാൻ നീ തയാർ തന്നെയോ?" എന്നു വീണ്ടും അവർ ചോദിച്ചു.

Digitized By Kerala Sahitya Akademi

അമ്മയുടെ പാദത്തിൽ നമസ്കരിച്ചുകൊണ്ടു ശിവാജിപറഞ്ഞു. "അമ്മെ എനിക്കറിയാം. ഇപ്പോഴും നിങ്ങളുടെ മുഖേന ദേവിയാണ് സംസാരിക്കുന്നതെന്ന് എനിക്കുതോന്നുന്നു. ഞാൻ അതുകേട്ട് അതുപോലെതന്നെ ചെയ്യാൻ പോകുന്നു. എന്റെ കൈകൾക്കു ശക്തിയുണ്ടാവാൻ എന്നെ എന്റെ അമ്മ അനുഗ്രഹിക്കുക. അമ്മയുടെ കൈകൾ എന്റെ ശിരസ്സിൽ വെക്കുക. എന്നാൽ ദേവിതന്നെ എന്റെ ആയുധപ്രയോഗം ശരിയായ വിധത്തിൽ നടത്തി കൊള്ളും."

റാണി—കൈകൾ രണ്ടും ശിവാജിയുടെ ശിരസ്സിൽ വെച്ചുകൊണ്ടു പറഞ്ഞു. "നമ്മുടെ യോഗക്ഷേമം നടത്തുന്ന ആ സർവേശ്വരിയുടെ പേരിൽ ഞാൻ നിന്നെ അനുഗ്രഹിക്കുന്നു ശിവാജി ഭോസിലെ.; ഞാൻ അവളുടെ ശക്തി നിനക്കുതരുന്നു. പോക., ഭയപ്പെടേണ്ട., അവളുടെ ശാസനം അനുസരിക്കുക; നിനക്കു തോൽവിഉണ്ടാകയില്ല."

എന്നീറവുനിന്നു അദ്ദേഹം പറഞ്ഞു "മാലുശ്രേയോടു മാത്രം ഞാൻ ഇതിനെ പററി സംസാരിച്ചിട്ട് എല്ലാവരേയും പോവാൻ പറഞ്ഞെച്ചുവരാം. എനിക്കുകൂടി കിടക്ക ഇവിടെ തയാറാക്കിൻ. ഇന്നുരാത്രി നിങ്ങളുടെ സമീപത്തുതന്നെ കിടന്നുറങ്ങാൻ തോന്നുന്നു അമ്മേ!"

വെളിയിൽ ചെന്ന് ശിവാജി പാറാക്കരേ നോക്കി പറഞ്ഞു. "നേതാജി, നിങ്ങൾ നിങ്ങളുടെ സ്ഥലത്തേക്കു തന്നെ പൊയ്ക്കൊള്ളിൻ ഇനി; ഒന്നും പേടിക്കേണ്ട; ജയം നമ്മുടെ കയ്യിൽ തന്നെ; ദേവി അങ്ങനെ അരുളി

Digitized By Kerala Sahitya Akademi

ജ:' എന്ന ആർപ്പുവിളി കേൾക്കാറാകും. നീ മാറിക്കള യുമോ? നിൻെറ അച്ഛനേപ്പിൻതുടരാനാണോ നീ വിചാരിക്കുന്നതു്?" എന്നുപറഞ്ഞു.

"ഖാനെ ഒരാളെമാത്രം ഒഴിച്ചുവിട്ടാൽ മതി. അമ്മേ,; അതും ഞാൻ വാഗ്ദാനം ചെയ്തുപോയതുകൊണ്ട്. എങ്ങിനെ ഞാൻ എൻെറ വാക്കിനു ഭംഗം വരുത്തും.?"

"ഞാൻ നിന്നോടു പറയുന്നു. ചെയ്യാതിരിക്കാൻ പാടില്ല മകനെ! ദേവിക്കു അവനെ വേണം. അവളുടെ വിഗ്രഹത്തെ മറിച്ചിട്ടു്, അതിന്മേൽ ചവിട്ടിയതായി പറയുന്ന അവൻെറ ആ മുല്ലയേയും വേണം. മകനേ നീ മടിക്കാമോ? ദേവിയുടെ ഹിതത്തെ നിറവേററാൻ ഇതുവരെ ധീരതയോടും വിശ്വാസത്തോടും പ്രവൎത്തിച്ച നീ ഇപ്പോൾ ഇത്ര ഭീരുവായിത്തീരാമോ? നിൻെറ ഇഷ്ടംപോലെ ഏതെങ്കിലും ഒന്നു സ്വീകരിക്കുക. ഒന്നുകിൽ വിജയവും, മേൽ ശ്രേയസ്സും; അല്ലെങ്കിൽ—നീ പിൻവലിച്ചാലുള്ള ഭവിഷ്യത്തു് നിനക്കറിയാം. ഞങ്ങൾക്കു ഒക്കെ അറിയാം. നിശ്ചയമായും മരണം! രണ്ടും നിൻെറ മുമ്പിൽ ഇരിക്കുന്നു. തിരിഞ്ഞെടുത്തുകൊള്ളുക കുഞ്ഞേ! എനിക്കു ഇനിഒന്നും പറവാൻ കഴികയില്ല" എന്നുപറഞ്ഞു് അവർ മുഖം ചുവരിൻെറ നേൎക്കു തിരിച്ചു കളഞ്ഞു.

റാണി കാൎയ്യം സാധിച്ചു! എന്തുകൊണ്ടെന്നാൽ, ചെറുപ്പംമുതൽ അവരുടെ ഇഷ്ടത്തെ എല്ലാം അനുസരിച്ചു നടന്നുവരുന്ന രാജാവിനു ഇപ്പോൾ മറിച്ചുചെയ്യാൻ കഴികയില്ല. അവർ പറഞ്ഞതു് ഈശ്വരിയുടെ ശാസനമാണെന്നുള്ള വിശ്വാസവും അദ്ദേഹത്തിന്നുണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

അമ്മയുടെ പാദത്തിൽ നമസ്കരിച്ചുകൊണ്ടു ശിവാജി പറഞ്ഞു. "അമ്മെ എനിക്കറിയാം. ഇപ്പോഴും നിങ്ങളുടെ മുഖേന ദേവിയാണ് സംസാരിക്കുന്നതെന്ന് എനിക്കുതോന്നുന്നു. ഞാൻ അതുകേട്ട് അതുപോലെതന്നെ ചെയ്യാൻ പോകുന്നു. എന്റെ കൈകൾക്കു ശക്തിയുണ്ടാവാൻ എന്നെ എന്റെ അമ്മ അനുഗ്രഹിക്കുക. അമ്മയുടെ കൈകൾ എന്റെ ശിരസ്സിൽ വെക്കുക. എന്നാൽ ദേവിതന്നെ എന്റെ ആയുധപ്രയോഗം ശരിയായ വിധത്തിൽ നടത്തി കൊള്ളും."

റാണി—കൈകൾ രണ്ടും ശിവാജിയുടെ ശിരസ്സിൽ വെച്ചുകൊണ്ടു പറഞ്ഞു. "നമ്മുടെ യോഗക്ഷേമം നടത്തുന്ന ആ സർവ്വേശ്വരിയുടെ പേരിൽ ഞാൻ നിന്നെ അനുഗ്രഹിക്കുന്നു ശിവാജി ഭോസ്ലെ.; ഞാൻ അവളുടെ ശക്തി നിനക്കുതരുന്നു. പോക., ഭയപ്പെടേണ്ട., അവളുടെ ശാസനം അനുസരിക്കുക; നിനക്കു തോൽവിഉണ്ടാകയില്ല."

എന്നിറങ്ങിനിന്നു അദ്ദേഹം പറഞ്ഞു "മാലുശ്രീയോടു മാത്രം ഞാൻ ഇതിനെ പററി സംസാരിച്ചിട്ട് എല്ലാവരേയും പോവാൻ പറഞ്ഞെച്ചുവരാം. എനിക്കുകൂടി കിടക്ക ഇവിടെ തയ്യാറാക്കിൻ. ഇന്നുരാത്രി നിങ്ങളുടെ സമീപത്തുതന്നെ കിടന്നുറങ്ങാൻ തോന്നുന്നു അമ്മേ!"

വെളിയിൽ ചെന്ന് ശിവാജി പാൾക്കരേ നോക്കി പറഞ്ഞു. "നേതാജി, നിങ്ങൾ നിങ്ങളുടെ സ്ഥലത്തേക്കു തന്നെ പൊയ്ക്കൊള്ളിൻ ഇനി; ഒന്നും പേടിക്കേണ്ട; ജയം നമ്മുടെ കയ്യിൽ തന്നെ; ദേവി അങ്ങനെ അരുളി

Digitized By Kerala Sahitya Akademi

ലിക്കൊണ്ടു ശൃംഗങ്ങളും ദൂരത്തുള്ള മലയുടെ ശിഖരങ്ങളി ലും അഗാധമായ ചരിവുകളിലും ലയിക്കയും ചെയ്തു. താ ഴ്വരയിൽ വൃക്ഷങ്ങൾ നിറഞ്ഞ കാടുകളിൽ തൊങ്ങിക്കി ടക്കുന്ന മൂടൽമഞ്ഞു ഇതുവരെ മുഴുവൻ നീങ്ങീട്ടില്ല; എ ന്നാൽ സൂര്യോദയത്തോടുകൂടി ഊതിയ ഒരു ചെറിയ കാ റ്റ് ഈ മൂടൽ മഞ്ഞിൻെറ ഉള്ളിൽകൂടി സഞ്ചരിച്ച് അ തിനെ അടിച്ചു മലകളുടെ മുകളിൽ കയറുകയും മുമ്പിൽ തൂങ്ങിയിരുന്ന ഒരു തിരശ്ശില പെട്ടെന്നു വലിച്ചുകളഞ്ഞ പോലെ പ്രഭാതത്തിൻെറ മുഴുവൻ ഭംഗിയോടുകൂടി അ വിടം തുറന്നു കാണിക്കയും ചെയ്തു.

പിന്നിലായി ഉന്നതമായ പശ്ചിമപർവതനിര കാ ണാം. കുറേ അകലെ ആയിട്ട് താഴെയിൽ നിന്നു വേർ പെട്ട ചെറിയ കുന്നുകളുടെ നിരയിൽ ആണ് പ്രതാ പ ഗ്രഹത്തിൻെറ ഉയന്ന കൊട്ടുമുടികൾ. അവ രാവില ത്തെ സൂര്യരശ്മികളിൽ തിളങ്ങി മുകളിൽ കോട്ടയെ കിരീ ടംപോലെ ധരിച്ചുകൊണ്ടു നില്ക്കുന്നു.

അഫ്സൽഖാൻെറ കൂടാരത്തിലെ സ്ത്രീകൾ വെ ളിച്ചമാകുന്നതിനു വളരെ നേരത്തെ എഴുനേററു അദ്ദേ ഹത്തിനു ഇഷ്ടമായ കിച്ചടിയും കാബോബ്സും തയാറാ ക്കി. അതു ഒരു ലഘുവായ പ്രാതൽ ആണെന്നും അതാ ണ് ഏതെങ്കിലും ഗുരു ഭക്ഷണങ്ങളേക്കാൾ അപ്പോഴത്തേ ക്കു നല്ലതെന്നും മടങ്ങി വരുമ്പോഴേക്കു ഊണുകാലമാകു മെന്നും അവർ പറഞ്ഞു. അങ്ങിനെ അഫ്സൽഖാനും മകനും മുല്ലയും സന്തോഷപൂർവം വേഗത്തിൽ മടങ്ങി വ രാമെന്നുള്ള ആശയോടുകൂടി അവരുടെ രാവിലത്തെ ഭ ക്ഷണം കഴിച്ചു.

Digitized By Kerala Sahitya Akademi

ഒരു പരിചാരകൻ ഖാന് യുദ്ധത്തിന്നു പോകുമ്പോൾ ധരിക്കാറുള്ള ഇരുമ്പു കുപ്പായവും, പുറമെക്കൂടി തലപ്പാവു കെട്ടിവെക്കാറുള്ളതും മിനുക്കമുള്ള ഉരുക്കു ചങ്ങലകൾ തൂങ്ങിക്കിടക്കുന്നതുമായ ഇരുമ്പു തൊപ്പിയും കൊണ്ടുവന്നു. അദ്ദേഹം അവയെ അപ്പോൾ വാങ്ങി ധരിക്കാതെ ചിരിക്കയാണു് ചെയ്തതു്. "ഇതെല്ലാം വലിയ ചുമടായിരിക്കും. ഉപദ്രവവുമാണു്. ഞങ്ങൾ യുദ്ധത്തിനല്ലല്ലൊ പോകുന്നതു്. വേണ്ട. ഒരു മസ്ലീൻ ഉടുപ്പു കൊണ്ടു വരിക". എന്നു അദ്ദേഹം പറഞ്ഞുവത്രെ. അങ്ങിനെ മസ്ലീൻ ഉടുപ്പുകൾ മാത്രം ധരിച്ചുകൊണ്ടാണു് അദ്ദേഹം പുറത്തുപോയി പരിവാരങ്ങളോടു ചേൎന്നതു്.

ഫ്ാസ്സിൽ നല്ലവണ്ണം ആയുധങ്ങളും കുതിരപ്പുറത്തേക്കുള്ള ഉടുപ്പുകളും ധരിച്ചാണു് പുറപ്പെട്ടതു്. ഖാനോടുകൂടി ആയുധംധരിച്ചു പോകേണ്ട ഉദ്യോഗസ്ഥൻ ആരെന്നുള്ളതിനെപ്പററി തലേനാൾ രാത്രി ഫ്ാസിലും, മുല്ലയുമായി ഒരു സൌന്ദൎയ്യത്തിരക്കു നടന്നു. അഫ്സൂൽഖാൻ മുല്ലയെ ആണു് തിരഞ്ഞെടുത്തതു്. കൌശലമേറിയ മറാട്ടികളുമായി ഗൌരവമുള്ള രാജ്യകാൎയ്യവിഷയമായ മന്ത്രാലോചനകളിൽ ഏൎപ്പെടുന്നതിന്നു ഫ്ാസിലിന്നു പ്രായം പോരെന്നും, അതുകൊണ്ടു് അയാൾ അകമ്പടിക്കായിവന്നിട്ടുള്ള സൈന്യത്തിൻെറ തലവനായി നിന്നുകൊള്ളുന്നതാണു് നല്ലതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതുകൊണ്ടു ആ പോരാളിയായ മുല്ല സാധാരണ ആയുധമെടുക്കുമ്പോൾ ധരിക്കാറുള്ള ഇരുമ്പുതൊപ്പിയും കയ്യുറയും, ഇരുമ്പു ചട്ടയും ഒന്നും കൂടാതെ അഫസ്സൂൽഖാനെപ്പോലെ തന്നെ ശുദ്ധ മസ്ലീൻ ഉടുപ്പുകൾ മാത്രം അണിഞ്ഞു് മു

Digitized By Kerala Sahitya Akademi

ലിക്കൊണ്ടു മുഴങ്ങുകയും ദൂരത്തുള്ള മലയുടെ ശിഖരങ്ങളിലും അഗാധമായ ചിരിവുകളിലും ലയിക്കയും ചെയ്തു. താഴ്വരയിൽ വൃക്ഷങ്ങൾ നിറഞ്ഞ കാടുകളിൽ തൊങ്ങിക്കിടക്കുന്ന മൂടൽമഞ്ഞു ഇതുവരെ മുഴുവൻ നീങ്ങീട്ടില്ല; എന്നാൽ സൂര്യോദയത്തോടുകൂടി ഊതിയ ഒരു ചെറിയ കാററ് ഈ മൂടൽ മഞ്ഞിൻെറ ഉള്ളിൽകൂടി സഞ്ചരിച്ച് അതിനെ അടിച്ചു മലകളുടെ മുകളിൽ കയറുകയും മുമ്പിൽ തൂങ്ങിയിരുന്ന ഒരു തിരശ്ശില പെട്ടെന്നു വലിച്ചുകളഞ്ഞപോലെ പ്രഭാതത്തിൻെറ മുഴുവൻ ഭംഗിയോടുകൂടി അവിടം തുറന്നു കാണിക്കയും ചെയ്തു.

പിന്നിലായി ഉന്നതമായ പശ്ചിമപർവതനിര കാണാം. കുറേ അകലെ ആയിട്ട് അതായിൽ നിന്നു വേർപെട്ട ചെറിയ കുന്നുകളുടെ നിരയിൽ ആണ് പ്രതാപഗ്രഹത്തിൻെറ ഉയന്ന കൊട്ടമുടികൾ. അവ രാവിലത്തെ സൂര്യരശ്മികളിൽ തിളങ്ങി മുകളിൽ കോട്ടയെ കിരീടംപോലെ വഹിച്ചുകൊണ്ടു നില്ക്കുന്നു.

അഫ്സൽഖാൻെറ കൂടാരത്തിലെ സ്ത്രീകൾ വെളിച്ചമാകുന്നതിനു വളരെ നേരത്തെ എഴുന്നേററു അദ്ദേഹത്തിനു ഇഷ്ടമായ കിച്ചടിയും കാബോബ്സും തയാറാക്കി. അതു ഒരു ലഘുവായ പ്രാതൽ ആണെന്നും അതാണ് ഏതെങ്കിലും ഗുരു ഭക്ഷണങ്ങളേക്കാൾ അപ്പോഴത്തേക്കു നല്ലതെന്നും മടങ്ങി വരുമ്പോഴേക്കു ഊണുകാലമാകുമെന്നും അവർ പറഞ്ഞു. അങ്ങിനെ അഫ്സൽഖാനും മകനും മുല്ലയും സന്തോഷപൂർവം വേഗത്തിൽ മടങ്ങി വരാമെന്നുള്ള ആശയോടുകൂടി അവരുടെ രാവിലത്തെ ഭക്ഷണം കഴിച്ചു.

Digitized By Kerala Sahitya Akademi

അപേക്ഷിച്ചു ബൊൻെറ സൈന്യങ്ങാം തീരെ ആത്മരക്ഷ കരുതാത്ത വിധത്തിലായിരുന്നു. അകമ്പടിക്കാരുടെ അണി നിരക്കലും പുറപ്പാടുംകൊണ്ടു ഉണ്ടായ ആളുകളിൽ പലരും വിണ്ടും പോയി കിടന്നുറങ്ങി. ചിലർ തീയുടെ അടുക്കൽ ചെന്നിരുന്നു ചുരുട്ടു വലിച്ചുകൊണ്ടു പ്രാതൽ തയാറാക്കാനുള്ള ശ്രമമായി. ചിലർ കുതിരയ്ക്കുവേണ്ടതു ചെയ്തുകൊണ്ടുനിന്നു. മററു ചിലർ ചന്തയിൽ പോയി ഊണിന്നു വേണ്ട സാധനങ്ങാം വാങ്ങിക്കൊണ്ടു നിന്നു. പാളയത്തെ അതിന്റെ ചുററുമുള്ള കാടുകളിൽ പതുങ്ങിയിരുന്നു ആയുധം ധരിച്ച അനേകായിരം പടയാളികാം നോക്കുന്നുണ്ടു. അവർ നിശബ്ദമായും ഒരുത്തരുടേയും ദൃഷ്ടിയിൽപ്പെടാതെയും കുന്നുകളുടെ ചരിവിൽ കൂടി കടന്നു വെളിപ്രദേശത്തിന്നു ചുററുമുള്ള തെരുങ്ങിയ കുററിക്കാടുകളുടെ ഇടയിൽ ചെന്നെത്തിയിരിക്കുന്നു.

ഖാനും പരിവാരവും, കോട്ടയിൽ എത്തിയപ്പോാം ആയുധം ധരിച്ച ഓരോ സംഘം പടയാളികാം വഴിയരികിൽ അദ്ദേഹം കടന്നുപോകുമ്പോാം സലാം ചെയ്യാൻ നിത്തിയിരിക്കുന്ന പോലെ നിന്നിരുന്നു. അവർ ആ അകമ്പടിപ്പട്ടാളങ്ങളുടെ പിൻ ഭാഗത്തെത്തി വഴിതടുത്തുകൊണ്ടു നില്പായി. മററ അനേകം പേർ കാട്ടിൽകൂടി ആരും കാണാതെ അവരോടു ഒപ്പം തന്നെ നടന്നുകൊണ്ടു അവിടെ എത്തി അവരോടു ചേൻ കഴിഞ്ഞു. കോടാലിക്കാർ ബദ്ധപ്പെട്ടു വഴിയരികത്തുള്ള മരങ്ങാം മുറിച്ചുതള്ളാൻ തുടങ്ങി. ആ വന്മരങ്ങളുടെ കൊമ്പുകാം വഴിയിൽ കുറുകെ വീണു അതിലെ കുതിരപ്പട്ടാളത്തിനു കടന്നുപോകാൻ തീരെ പ്രയാസമാക്കിത്തീത്തു. ഈ ഒരു

Digitized By Kerala Sahitya Akademi

ക്കങ്ങളെല്ലാം രണ്ടു സ്ഥലത്തും എത്രയും മൌനമായും, തലേദിവസം ശിവാജി പട്ടം കെട്ടിയിരുന്ന വിധത്തിലും തന്നെ നടന്നുകൊണ്ടിരുന്നു. അപ്പോഴും ഇപ്പോഴും പറയാറുള്ള പോലെയും പല മറാട്ടായുദ്ധപ്പാട്ടുകളിലും വർണ്ണിച്ചിട്ടുള്ളപോലെയും ആ അവസരത്തിൽ "ഒരുത്തന്റെ കയ്യും തൊററിയില്ല, ഒരു കാലും വഴുതിയുമില്ല"

കോട്ടവാതുക്കൽ എത്തി, ഖാൻ കുതിരയിൽനിന്നിറങ്ങി പല്ലക്കിൽ കയറി, അതിനു മുമ്പുതന്നെ, അയാൾ മകനെ ആലിംഗനം ചെയ്തിട്ടു്, പട്ടാളത്തെ സൂക്ഷിച്ചു കൊൾവാനും, അവർ പട്ടണത്തിൽ കടന്നു യാതൊരുപദ്രവും ആക്രമം ചെയ്യാതെ നോക്കിക്കൊൾവാനും പറഞ്ഞു. മേല്പോട്ടു നോക്കിയപ്പോൾ മലയുടെ ആ ചെറിയ സമതലത്തിലുള്ള പല്ല മേഞ്ഞ കെട്ടിടം കാണാമായിരുന്നു. അതിനെ ചൂണ്ടിക്കൊണ്ടു ഉത്സാഹത്തോടെ അദ്ദേഹം "വളരെ ദൂരമൊന്നും പോകേണ്ടതില്ല തങ്ങളേ! എന്നു മുല്ലയോടു പറഞ്ഞിട്ടു്, ഞാൻ "ഈ നല്ല സ്നേഹിതന്മാരെപ്പോലെ നടന്നുതന്നെ പോകയാണുത്തമം" എന്നു പിന്തുടന്ന ബ്രാഹ്മണരെ ചൂണ്ടിക്കൊണ്ടു സംസാരിച്ചു. എന്നാൽ ഫ്വാസിലാവട്ടേ, മുല്ലയാവട്ടേ അതു സമ്മതിച്ചില്ല. മഹാരാജാവിന്റെ പ്രതിനിധിയുടെ നിലയിൽ അദ്ദേഹം 'പദവി' യോടുകൂടി തന്നെ പോകേണ്ടതാണ് എന്നു അവർ രണ്ടുപേരും നിർബ്ബന്ധിച്ചു. അതുകൊണ്ടു അദ്ദേഹം പല്ലക്കിൽ തന്നെ കയറി.

"അല്ലാഹാ അച്ഛനെ രക്ഷിക്കട്ടേ! സുഖമായി പോയി വരിൻ, താമസിക്കരുതേ" എന്നു ഫ്വാസിൽ, റുമക്കു

Digitized By Kerala Sahitya Akademi

കാർ പല്ലക്കു തോളിലെടുക്കുമ്പോൾ കുനിഞ്ഞു അതിൽ തലയിട്ടുകൊണ്ടു പറഞ്ഞു.

അല്ലാ അനുഗ്രഹിക്കട്ടേ! ഭയപ്പെടേണ്ട. ഞാൻ താമസിക്കയില്ല. നിനക്കു എന്നെ മുകളിൽ അകലേനിന്നു നോക്കിക്കൊള്ളാം. എന്നു ഖാൻ പുഞ്ചിരിയോടെ പറഞ്ഞും കൊണ്ടു പുറപ്പെട്ടു; മുല്ലയും പല്ലക്കിന്റെ വക്കിൽ പിടിച്ചുകൊണ്ടു് അതിന്റെ ഒരുവശത്തുചേൎന്നു നടന്നുപോയി.

നഗരത്തിൽ കൂടി അവർ കടന്നുപോകുമ്പോൾ മാളികവീട്ടുകളുടെ മട്ടുപ്പാവുകളിൽ ഒട്ടുവളരെ സ്ത്രീകൾ താഴോട്ടു ആ ചെറിയ ഘോഷയാത്ര നോക്കിക്കൊണ്ടു നിന്നു. മിക്കവാറും ആയുധമൊന്നും ധരിച്ചിട്ടില്ലാത്ത ചില പുരുഷന്മാർ അവൎക്കു സലാം കൊടുക്കുകയും, മററു ചിലർ വിവരമില്ലാത്തവരെപ്പോലെ കൌതുകമായി ആചാരം കണ്ടുനിൽക്കുകയും ചെയ്തു. എല്ലാ വീട്ടുകളുടേയും മുററത്തു ആയുധം ധരിച്ചു് ശത്രുക്കളുടെ ചോരയിൽ കളിപ്പാൻ ഒരുങ്ങിക്കൊണ്ടു യുദ്ധത്തിന്നു അടയാളം കാത്തു നിന്നിരുന്ന അനവധി ഭടന്മാരെ ആൎക്കും കാണ്മാൻ കഴിഞ്ഞില്ല.

ഖാന്റെ പ്രതിനിധിയായ പണ്ടോജി ഗോപിനാഥൻ തടിച്ചമനുഷ്യനാകയാൽ അധിക ദൂരം നടക്കാൻ കഴിയാഞ്ഞിട്ടു് കോട്ടയ്ക്കകത്തേയ്ക്കുള്ള വഴിയുടെ താഴത്തെ അററത്തേ കാവൽകാരോടു താൻ മുമ്പെ പോയി എന്നും കൂടികാഴ്ചയ്ക്കുള്ള പന്തലിൽ ഖാന്റെ വരവു കാത്തുകൊണ്ടിരിക്കുമെന്നും അറിവിപ്പാനായി ശട്ടം കെട്ടയിരുന്നു. മുൻപറഞ്ഞ ആ രാത്രി കഴിഞ്ഞതിൽ പിന്നെ അയാൾ

Digitized By Kerala Sahitya Akademi

ആരെയും കണ്ടിരുന്നില്ല, ഖാൻ രാജാവിനെ വന്നു കാണും എന്നു മാത്രമേ അയാൾ അറിഞ്ഞിരുന്നുള്ളു. അത്ര മാത്രമേ അയാൾ പറഞ്ഞു വെച്ചിട്ടുള്ളു. അയാൾ ചെയ്യാനുള്ളതു് അത്രയും കൊണ്ടുകഴിഞ്ഞു. ശിവാജി ഖാനേ താൻെറ കാൎയ്യങ്ങളെല്ലാം സാധിക്കുന്നതിന്നായി പിടിച്ചുതവിൽ വെക്കുമെന്നു അയാൾക്കു അറിയാം. എന്നാൽ ഖാൻ അതിനു വിസമ്മതിക്കുകയും അതിൽ വെച്ചുണ്ടാകാവുന്ന കലഹത്തിൽ അയാൾക്കു ആപത്തുണ്ടാകയും ചെയ്താൽ അതു തൻെറ കുററമല്ലെന്നു മാത്രമേ അയാൾ വിചാരിച്ചുള്ളു. പക്ഷേ അയാളോടുകൂടി അവിടെ ചെന്നു ഛേൻ രണ്ടു ബ്രാഹ്മണർ തന്നേയും രാജാവിൻെറ ഉദ്ദേശം എന്താണെന്നു അറിഞ്ഞിട്ടില്ല. അവർ മൂന്നുപേരും താഴത്തു നിന്നു അഫ്സൂൽഖാൻെറയും മുകളിൽ നിന്നു രാജാവിൻേറയും വരവിനെ കാത്തുകൊണ്ടു തറയിൽ തന്നേ ഇരിക്കയായിരുന്നു.

കരാറു ചെയ്തിരുന്നതു പോലെ ആയുധം ധരിച്ചതായി രണ്ടുപക്ഷത്തിലും ഓരോ ആൾവീതമല്ലാതെ ഉണ്ടായിരുന്നു കൂടാ. അതുകൊണ്ടു മററാരും ഇല്ലായിരുന്നു, എന്നാൽ ഒരു പണിക്കാരൻെറ മട്ടിൽ ഒരുത്തൻ പന്തലിൻെറ ഒരുവശത്തു കാററും വെയിലും തടുക്കാനായി ഒരു പരുത്ത പരമ്പു കെട്ടിമറച്ചു കൊണ്ടു നിന്നിരുന്നു. ഗോപീനാഥൻ കൂടക്കൂടെ മേല്പോട്ടു മലമുകളിലുള്ള വഴിയിലും താഴോട്ടു നഗരത്തിലും നോക്കി, രാജാവു എഴുന്നെള്ളാൻ താമസിക്കുന്നതിനെപ്പററി വിസ്മയിച്ചു. മററവർ ഖാൻ താഴെ എത്തിയ വിവരം അറിഞ്ഞല്ലാതെ രാജാവു കോട്ടയ്ക്കകം വിടുന്നതല്ലെന്നു പറകയും ശുക്കായ ചരി

Digitized By Kerala Sahitya Akademi

വിന്മേൽ പൊങ്ങി നിൽക്കുന്ന കോട്ടമതിലിന്റെ പുറത്തു ഒരാൾ കയറിനില്ക്കുന്നതു കാണിച്ചുകൊടുക്കയും ചെയ്തു. ആ മനുഷ്യൻ ബാനം, അനുയായികളും വരുന്ന വഴിക്കു നോക്കുകയും തന്റെ പിന്നിൽ നില്ക്കുന്നവൎക്കു അടയാളം കൊടുക്കുകയും ആണെന്നും സ്പഷ്ടമായി കാണാമായിരുന്നു.

"നിങ്ങളുടെ സാഹിബ്ബ് വരുന്നു, മുകളിൽനിന്നു അവർ അദ്ദേഹത്തെ കാണുന്നുണ്ട്." എന്നു കാൎയ്യസ്ഥൻ പറഞ്ഞു. ഉടനേതന്നെ കോട്ടവാതലിലേക്കുള്ള വഴിയിൽ കാടുകളുടെ ഇടയിൽക്കൂടി തിളങ്ങുന്ന ഉരുക്കുതൊപ്പികളും, കുന്തങ്ങളും, അണിപിരിഞ്ഞുകൂട്ടമായി നിൽക്കുന്ന ഒട്ടുവളരെ കുതിരപ്പട്ടാളവും കാണാറായി. അവർ ഇവരുടെ വരവു നോക്കിക്കൊണ്ടിരുന്നു. ഇടൻ വെളിയിലുള്ളതെ കോട്ടവാതുക്കലുള്ള തുറന്ന സ്ഥലത്തു ആ സൈന്യം നിന്നു ബാനന്റെ മേല്പറഞ്ഞ ചെറിയ ഘോഷയാത്ര അവിടെനിന്നു തുടങ്ങി പട്ടണത്തിലേക്കു കടന്നു. അപ്പോൾ വീടുകളും മലയരികിലുള്ള വൃക്ഷങ്ങളും കൊണ്ടു സൈന്യത്തിന്റെ കാഴ്ച മറകയുംചെയ്തു.

ഏതാനം നിമിഷങ്ങൾക്കുള്ളിൽ താഴെ ബാനന്റെ പല്ലക്കു ചുമട്ടുകാരുടെ ആൎപ്പു കേൾക്കുകയും പല്ലക്കു വഴിയുടെ വളവുതിരിഞ്ഞു വരുന്നതു പെട്ടെന്നു കാണുകയും ചെയ്തു മുല്ല അടുത്തുനിന്നു അതിൽപിടിച്ചുകൊണ്ടു ഉത്സാഹത്തോടെ ഏററം കയറിനടന്നു വരുന്നതു കണ്ടപ്പോൾ ബ്രാഹ്മണന്റെ ഹൃദയം തുള്ളിച്ചാടി "ഇവൻ രക്ഷപ്പെട്ടുമൊ? മാതാവുഅതിനിടവരുത്താതിരിക്കട്ടെ! അവൾ അവനെയും ഭക്ഷിക്കട്ടെ!" എന്നു അയാൾ മനസ്സു

Digitized By Kerala Sahitya Akademi

കൊണ്ടു പ്രാർത്ഥിച്ചു. ഏതാനും അടികൾകൂടി നടന്നപ്പോൾ പല്ലക്ക പന്തലിൽ എത്തി, ചുമട്ടുകാർ അതു താഴത്തിറക്കി. ഖാന്റെ ചെരുപ്പുകൾ അവരിൽ ഒരുവൻ എടുത്തു മുമ്പിൽ വെച്ചു. അദ്ദേഹം അവയിൽ കാലുകൾ ഇട്ടു, ഏററം കയറിയ ശ്രമംകൊണ്ടു കിതയ്ക്കുന്ന മുല്ലയോടു സംസാരിച്ചുംകൊണ്ടു പുറത്തിറങ്ങി

"അദ്ദേഹം എത്തിയില്ലേ പണ്ഡോജി?" എന്നു ബഹുമാനപൂർവ്വം സലാംചെയ്യുന്ന ആ ബ്രാഹ്മണനെ നോക്കി ഖാൻ ഉച്ചത്തിൽ ചോദിച്ചു.

"ഇല്ല സാഹിബ്ബേ, ഇനിയും എത്തിയില്ല." എന്നു പറഞ്ഞു ആ വഴിയിലേക്ക തിരിഞ്ഞുനോക്കിക്കൊണ്ടു "ഓ അതാ! നോക്കുക. അതിലെ രണ്ടാളുകൾ വരുന്നുണ്ടു. അവരിൽ ഒന്നു, ആ ചെറിയ ആൾ അദ്ദേഹമാണ്." എന്നു തുടൻ പറഞ്ഞു.

താഴെനിന്നു വരുന്ന ആളുകൾ മദ്ധ്യേ സംശയിച്ചു നിന്ന് ആരെയോ പൊയ്ക്കൊള്ളാൻ പറയുന്നപോലെ കൈ കാണിച്ചു,

ശിവാജിയുടെ കാര്യസ്ഥന്മാരിൽ ഒരാൾ "അതു ചുമട്ടുകാരെപ്പററിയാണ്. രാജാവു ഭീരു ആണ്. അദ്ദേഹം ഇവിടെ ആൾക്കൂട്ടം കണ്ടിട്ടു സംശയിക്കയാണ്". എന്നു പറഞ്ഞു.

ഖാൻ, ചിരിച്ചുംകൊണ്ടു ചുമട്ടുകാരോടു "തരക്കേടില്ല. പൊയ്ക്കൊള്ളിൻ, ദൂരത്തുകാണുന്ന ആ തണലിൽ ചെന്നിരുന്നു കൊള്ളിൻ, ആവശ്യപ്പെടുമ്പോൾ നിങ്ങ

Digitized By Kerala Sahitya Akademi

ളെ വിളിക്കാം" എന്നു പറഞ്ഞു. അവർ മുകളിൽ പോയി ഇരുന്നു കഴിഞ്ഞപ്പോൾ ആ വന്ന രണ്ടുപേരും പതുക്കെ സൂക്ഷിച്ചു നടന്നു, താഴെവന്നു പന്തലിന്നടുത്തെത്തി.

ഖാൻ ശിവാജിയും മാലുശ്രേയും വന്നതുകണ്ടു എതാനം അടികൾ മുമ്പോട്ടു ചെന്നിട്ടു "സ്വാഗതം! രാജാസാഹിബ്ബേ എന്നെ ആലിംഗനം ചെയ്യൂ, നമുക്കതമ്മിൽ യാതൊരുസംശയത്തിന്നും ഇടയില്ലാതിരിക്കട്ടെ." എന്നു ശിവാജിയെ നോക്കി പറഞ്ഞുകൊണ്ടു സാധാരണ സമ്പ്രദായത്തിൽ അയാൾ കൈകൾ നീട്ടി. ശിവാജി ആലിംഗനം ചെയ്യാനായികുനിഞ്ഞു. ഖാൻകൈകൾ അദ്ദേഹത്തിന്റെ തോളിന്മേലിട്ടു ഒരു രക്ഷയുമില്ലാതെനില്ക്കുന്ന ആ നിലയിൽ ശിവാജി 'വ്യാഘ്രനഖം, എന്നതീക്ഷ്ണവും ഭയങ്കരവുമായ കഠാരി അയാളുടേ വയററിൽ കുത്തിതാഴ്ത്തി. മറേറ കയ്യിൽ ഒളിച്ചു വെച്ചിരുന്ന കഠാരി കൊണ്ടു രണ്ടാമതും ഒരു കുത്തു കുത്തി.

മരണകരമായ ആ മുറിവുകൾ എററ, അഫ്സൂൽ ഖാൻ പുളഞ്ഞുതിരിഞ്ഞു, "പട്ടി" എന്നു വിളിച്ചുകൊണ്ടു ഒരു കൈമുറിവിൽ അമർത്തി മറേറ കൈകൊണ്ടു വാളൂരി രാജാവിനെ വെട്ടാൻ ശ്രമിച്ചു. കുപ്പായം അടിയിൽ മറച്ചിരിക്കുന്ന ഇരുമ്പു ചട്ടയുടേയും ഇരുമ്പു തൊപ്പിയുടേയും മേൽ അയാളുടെ നിസ്സാരമായ ആ വെട്ടുകൾ എന്തു ചെയ്യാനാണ്! മോഹിച്ചും തളൎന്നും രാജാവിന്റെ നേക്കു വെറുതെ വാൾ പ്രയോഗിച്ചുകൊണ്ടു് അയാൾ അങ്ങുമിങ്ങും പുളഞ്ഞുതിരിഞ്ഞു. അതിനിടയിൽ ശിവാജി ആ അസ

Digitized By Kerala Sahitya Akademi

ഹായനായ ശത്രുവിന്റെ മേൽ തന്റെ ഭയങ്കരമായ വാൾ കയ്യിലെടുത്ത് "ഹര ഹര മഹാ ദേവാ" എന്നു ആർത്തു വിളിച്ചുകൊണ്ടു വെട്ടോടു വെട്ടു വെട്ടി തകർത്തുകൊണ്ടു നിന്നു. പരസ്പരം സമമല്ലാത്ത ദ്വന്ദ്വയുദ്ധമാകയാൽ അതു വേഗത്തിൽ അവസാനിച്ചു. അബ്ദുൽഖാൻ ഉൗക്കോടെ ഭൂമിയിൽ വീണു് അപ്പോൾതന്നെ മരിക്കയുംചെയ്തു.

ഇതിനിടയിൽ മാലുസ്രേ മുല്ലയോടു തന്റെ മുഴുവൻ ബലവും സാമർത്ഥ്യവും പ്രയോഗിച്ചു എതിരിട്ടുകൊണ്ടു നിന്നു. എന്നാൽ മുല്ല ഒരുനല്ല വാൾപ്പയറ്റുകാരനായതുകൊണ്ടു കുറേ നേരം അയാൾ ശരിയായി തടുത്തുനിന്നു. വെട്ടുകൾ ഏല്ക്കുമ്പോൾ ക്രമേണ താഴ്ന്ന സ്വരത്തിൽ പ്രാകിയതല്ലാതെ അയാൾ ഒന്നും പറഞ്ഞില്ല. തനാജി മാലുസ്രേ വാളെടുത്തവരിൽ സാമ്യമില്ലാത്ത ആളായിരുന്നു. അയാൾ രാജാവുതന്നെ സഹായിപ്പാൻ വരുന്നതു കണ്ടു് ദൂരേ നില്പാൻ പറഞ്ഞു. അതു കേട്ടുമുല്ല തന്റെ പുതിയ ശത്രുവിന്റെ നേർക്കു നോക്കിയതും, അവസാനത്തെ വെട്ടേററു നിലത്തുവീണതും ഒന്നായി കഴിഞ്ഞു.

"ജേ കാളി" എന്നു രണ്ടുപേരും ആർത്തു വിളിച്ചു. ഗോന ഇനി ഉച്ചത്തിൽ നിന്റെ ശക്തി മുഴുവൻ ഉപയോഗിച്ചു ഊതിക്കൊള്ളുക. നിനക്കു ഒരു പൊൻകാപ്പു സമ്മാനം തരുന്നുണ്ടു" എന്നു രാജാവു പറഞ്ഞു.

തൽക്ഷണം വേലക്കാരനേപ്പോലെ അവിടെ നിന്നിരുന്ന ആ മനുഷ്യൻ പുല്ലിന്നടിയിൽ ഒളിച്ചുവച്ചിരുന്ന കാഹളം എടുത്തു നീട്ടിയും ഉഗ്രമായും അവസാനം "റവകം" വെച്ചും ഉച്ചത്തിൽ ഊതി. അതു ആകാശത്തിൽ പ്ര

Digitized By Kerala Sahitya Akademi

ധ്വനിക്കയും, മലകളുടെ ഇടയിൽ മുഴങ്ങി മാറ്റൊലിക്കൊള്ളുകയും ചെയ്തു. ഈ അടയാളം മൂന്നു പ്രാവശ്യം അവർ ആവൎത്തിച്ചു.

ഉടൻ മുകളിൽ കോട്ടയിൽനിന്നു താഴ്വര മുഴുവൻ നടുക്കിക്കൊണ്ടു പുറപ്പെട്ട പീരങ്കികളുടെ ഉഗ്രനാദങ്ങളോടുകൂടിയ വലിയ പുകകൾ മേല്പോട്ടു പൊങ്ങി. മുസൽമാൻ പീരങ്കിത്താവളങ്ങൾ കിടന്നിരുന്ന വെളിപ്രദേശത്തിനടുത്തുള്ള കോട്ടിൽനിന്നു തോക്കിലെ തീജ്വാലകൾ പൊങ്ങുന്നതു കോട്ടയിൽ നിന്നാൾക്ക് എല്ലാവൎക്കും ലക്ഷ്യമായിരുന്നു കാണാമായിരുന്നു. താഴെ നിന്നു ചെറിയ തോക്കിന്റെ ക്ഷീണമായ പടപടശബ്ദങ്ങളും തുടരെ കേട്ടുകൊണ്ടിരുന്നു. ഓരോ വെടിയും ഭാരമായി ജനങ്ങൾ ചത്തുവീണു. മൈതാനത്തിൽ ആളുകളും കുതിരകളും വെടിക്കോപ്പു കൂട്ടംകൂട്ടമായി കിടന്ന പെട്ടികളും തിരികളും ചെന്നു. ചില കുതിരകൾ കെട്ടുപൊട്ടിച്ചു ഓട്ടം തുടങ്ങി. ചില പടയാളികൾ കുതിരപ്പുറത്തു കയറി ഓട്ടിച്ചു ശത്രുക്കൾ വളഞ്ഞിരുന്ന അതൃത്തി കടപ്പാൻ തുടങ്ങുമ്പോൾ തങ്ങളിൽ മുട്ടി ഓരോ സ്ഥലത്തും മറിഞ്ഞുവീണു. ഉടനെ സേനാപതിമാൎക്കരുടെ കീഴിലുള്ള മാൎവാരിസൈന്യം ഒളിച്ചിരുന്ന സ്ഥലത്തു നിന്നു കയ്യിൽ വാളുകളുമായി ചാടി പുറപ്പെട്ടുവന്നു ബാക്കിയുള്ളവരെ എല്ലാം തകൎത്തു. ഏതാനും പേർ ഓടി രക്ഷപ്പെട്ടു. എന്നാൽ അന്നു രാവിലെ ആറായിരത്തോടു കൂടി അവിടെ എത്തിയിരുന്ന ആയിരത്തഞ്ഞൂറു കുതിരപ്പടയാളികളിൽ തങ്ങളുടെ കഥ പറവാൻ പുരുഷനാം പേർ മാത്രമേ ശേഷിച്ചുള്ളു.

Digitized By Kerala Sahitya Akademi

ശിവാജിമഹാരാജാവു് ഹിന്തുമതത്തിന്റേയും രാഷ്ട്ര രാജ്യത്തിന്റേയും രക്ഷയ്ക്കുവേണ്ടി ഈ മാതിരി ലേ കൃത്യങ്ങൾ ചെയ്യേണ്ടിവന്നു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi